പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എം. പി. ഗംഗാധരൻ: പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IX ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 47-ാം ഖണ്ഡികയിൽ 8-ാം വരിയിൽ 'പേരാമ്പ്ര' എന്ന സ്ഥലത്തിനു പകരം 'വടകര' എന്നാണ് അച്ചടിച്ചിരിക്കുന്നത്. പ്രസ്തുത പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

X ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എ. എൻ. രാജൻ ബാബു: സർ, "2004 ജനുവരി 15-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: ഈ ഗവൺമെന്റ് ആരംഭം മുതൽ പിന്തുടർന്നുവന്ന വികസനോന്മുഖമായ പരിപാടികളുടെ തുടർച്ച എന്നുള്ള നിലയിൽ ഈ നയപ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. ഞാൻ ചരിത്രങ്ങളിലേക്ക് കടക്കുന്നില്ല. നയപ്രഖ്യാപനം പരിശോധിച്ചാൽ ജനങ്ങളുടെ ജീവിതസൗകര്യത്തിന് കൂടുതൽ ഉതകത്തക്ക രീതിയിലുള്ള നയങ്ങളാണ് ആ പ്രഖ്യാപനത്തിലുള്ളത് എന്നുകാണാം. കഴിഞ്ഞ കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ എല്ലാ വകുപ്പുകളിലും വികസനം എണ്ണിയെണ്ണി പറയാവുന്നതാണ്. ഭരണ നവീകരണം സർക്കാരിന്റെ നയമായി പ്രഖ്യാപിച്ചിരിക്കുകയാണ്. 1956 മുതൽ പല ഗവൺമെന്റുകളും ശ്രമിച്ചുവെങ്കിലും അതൊന്നും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇ. എം. എസ്. നമ്പൂതിരിപ്പാട് കമ്മീഷനും എം. കെ. വെള്ളോടി കമ്മീഷനും, ഇ. കെ. നായനാർ കമ്മീഷനുമൊക്കെ ഭരണ പരിഷ്കാരങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ കൊടുത്തിട്ടുണ്ടെങ്കിലും നിർഭാഗ്യവശാൽ അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് ഭരണപരിഷ്കാരം ഒരു നയമായി സ്വീകരിച്ചിരിക്കുകയാണ്. ഭരണപരിഷ്കാരത്തിൽ ഏതാണ്ട് നൂറിൽപ്പരം ഭരണനിർവ്വഹണ പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്. അവയെ പ്രധാനമായി അഞ്ച് വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്. ദരിദ്രർക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകി അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക; തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൂടുതൽ മുതൽ മുടക്കിന് പ്രോത്സാഹനം നൽകി വികസനം കൈവരിച്ച് സാമ്പത്തിക സുസ്ഥിരത വരുത്തുക; സർക്കാർ

[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമാക്കുക, അതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുക, ഈവക ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭരണനവീകരണ നയം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർണ്ണായകമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 15(6) പ്രകാരം ഇവിടെ നിയമസഭാ സാമാജികന്മാർ 50 ഭേദഗതികൾ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ അടിസ്ഥാനമാക്കി നൽകിയിട്ടുണ്ട്. ആ ഭേദഗതികൾ ഇവിടെ ഫ്ളോറിൽ മൂവ് ചെയ്യണം. ഭേദഗതികൾ മൂവ് ചെയ്യാതെ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, ഈ പ്രസംഗം കഴിഞ്ഞിട്ട് ഭേദഗതിക്ക് വിളിക്കും. Please resume your seat.

ശ്രീ. എ. എൻ. രാജൻ ബാബു: ഭരണ നവീകരണം എന്നുള്ള നയം വളരെയധികം സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് ആവിഷ്കരിച്ച സാമ്പത്തിക പരിഷ്കാരങ്ങളും ധനസംബന്ധമായ ഉത്തരവാദിത്തങ്ങളും, ഗവൺമെന്റ് ഗ്യാരന്റിക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമവും സാമ്പത്തിക അച്ചടക്കവും വഴി സാമ്പത്തിക രംഗം ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇത് മനസ്സിലാകണമെങ്കിൽ ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത സാഹചര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലേക്ക് വന്ന അവസരത്തിൽ 27,000 കോടി രൂപയുടെ കടവും കാലി ഖജനാവുമാണ് ഉണ്ടായിരുന്നത്. ക്ഷേമപദ്ധതികളുടെ കുടിശ്ശിക, കരാറുകാരുടെ കുടിശ്ശിക, 9000 വരുന്ന പ്ലസ് ടു അദ്ധ്യാപകരുടെ കുടിശ്ശികകൾ, ഡി.എ. കുടിശ്ശിക പ്രഖ്യാപിച്ചിട്ടും ഒരു നയാപൈസപോലും കൊടുക്കാതിരുന്ന കാലഘട്ടം, എന്നുമാത്രമല്ല, ശമ്പളം, പെൻഷൻ എന്നിവ കൊടുക്കുന്നതിനും വായ്പ വാങ്ങേണ്ടി വന്നിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. വായ്പകളുടെ തിരിച്ചടവ് പാലിക്കാത്തതിനാൽ അടുത്ത മാസത്തിലെ ശമ്പളവും പലിശയും കൊടുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ശമ്പളം കൊടുക്കുന്നതിന് ജീവനക്കാരോട് കുറച്ച് ദിവസത്തെ സാവകാശം ആവശ്യപ്പെട്ട കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ തരം സാഹചര്യങ്ങളൊക്കെ മാറിയിരിക്കുകയാണ്. സാമ്പത്തിക രംഗത്ത്, വളരെയധികം കുതിപ്പുണ്ടായിട്ടുണ്ട്. 2002 മുതലാണ് ഈ നിലയിലുള്ള മാറ്റമുണ്ടായിത്തുടങ്ങിയത്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. 2000-2001-ൽ റവന്യൂ കമ്മി 3197.06 കോടി രൂപയായിരുന്നുവെങ്കിൽ 2001-2002-ൽ റവന്യൂ കമ്മി 2606 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ 591.06 കോടി രൂപയുടെ റവന്യൂകമ്മി കുറവ് വരുത്താൻ ഒരു കൊല്ലംകൊണ്ട് സാധിച്ചിട്ടുണ്ട്.

അതുപോലെ ധനകമ്മി 2000-2001-ൽ 3877 കോടി രൂപയായിരുന്നത് 2001-2002-ൽ 3269 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇത് ധനകാര്യ വകുപ്പിന്റെയും ആ ഗവൺമെന്റിന്റെയും നേട്ടംതന്നെയാണ്. വർദ്ധിച്ചുവരുന്ന കമ്മി കുറയ്ക്കാനും പദ്ധതിയേതര ചെലവ് കുറയ്ക്കാനും ഈ സംസ്ഥാനം നടപടി കൈക്കൊണ്ടിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കകം കമ്മി കുറച്ചുകൊണ്ട് റവന്യൂ മിച്ച സംസ്ഥാനമാക്കിക്കൊണ്ടുവരാനുള്ള പാതയിലേക്ക് ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. റവന്യൂ വരുമാനം 2000-2001-ൽ 8731 കോടി രൂപയായിരുന്നുവെങ്കിൽ 2001-2002-ൽ 9056 കോടി രൂപയായി. അങ്ങനെ 325 കോടി രൂപയുടെ റവന്യൂ അധിക വരുമാനം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അത് 2002-2003 ആയപ്പോഴേക്കും 10634 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അതുപോലെതന്നെ സ്റ്റേറ്റിന് own tax revenue-ൽ 23%-ത്തിന്റെ വർദ്ധനവും non tax revenue-ൽ 24.8%-ന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. അതിൽ ഏതാണ്ട് 30%-വും വനംവകുപ്പിൽ നിന്നുമുള്ള വരുമാനമായിട്ടാണ് കണക്കാക്കിയിരുന്നത്. കൂടാതെ വില്പന നികുതിയിൽ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് റിക്കോർഡ് കളക്ഷനാണ്. 5375 കോടി രൂപ. ചെക്ക് പോസ്റ്റിലെ കളക്ഷനും റിക്കോർഡ് കളക്ഷനാണ്. കോൺട്രാക്ടർമാരുടെ കുടിശ്ശിക 1065 കോടിയിൽപ്പരം രൂപ കൊടുത്തുകഴിഞ്ഞു. എ.ഡി.ബി. വായ്പ സുതാര്യമാക്കി. അതുപോലെതന്നെ സർക്കാർ ജീവനക്കാർക്ക് 22 മാസത്തിനുള്ളിൽ 11% ഡി.എ. അനുവദിച്ചിട്ടുണ്ട്. മുൻകാല ഗവൺമെന്റ് അനുവദിച്ച ഡി.എ. കുടിശ്ശികകളിൽ രണ്ടു കുടിശ്ശികകൾ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി വരുന്ന രണ്ട് കുടിശ്ശികകൾ ജൂണിനുശേഷം കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. അതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശികയുണ്ടായിരുന്ന 650 കോടി രൂപ കൊടുത്തു. വാർഷിക പദ്ധതി 1006 കോടി രൂപ ട്രഷറി പദ്ധതിയിലാണ്. അതുപോലെ കേരള ധനകാര്യ ഉത്തരവാദിത്വ നിയമംമൂലവും ഗ്യാരന്റി നിശ്ചയിച്ചും പരിധി നിശ്ചയിച്ച് മുന്നോട്ടു പോയതുമൂലവും സാമ്പത്തിക രംഗത്ത്, വൻ മാറ്റങ്ങൾ ഉണ്ടായി അതിന് നേതൃത്വം കൊടുത്ത ഗവൺമെന്റിനേയും മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുകയാണ്.

സർ, ഈ ഗവൺമെന്റിനുള്ള ഒരു നയം, ഇതുവരെ ഒരു നയപ്രഖ്യാപനത്തിലും കാണാത്ത Vision Report ആണ്. Vision Report എന്നു പറയുന്നത് വീക്ഷണ രേഖയാണ്. അതൊരു പുതിയ പാതയാണ്. എന്താണ് ഈ സംസ്ഥാനത്തുള്ളത്, ജനങ്ങൾക്ക് വേണ്ടതെന്താണ്, ആ ലക്ഷ്യം നേടുന്നതിന് എന്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നുള്ള വീക്ഷണരേഖയും മാനവ വികസന റിപ്പോർട്ടും സ്റ്റേറ്റ് വികസന റിപ്പോർട്ടും ഇതിൽ ഉൾപ്പെടുന്നു. ജനങ്ങളെ രാജ്യത്തിനനുകൂലമായി എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ള വ്യക്തമായ ശ്രമത്തിനുള്ള ഒരു വീക്ഷണരേഖയാണ് ഈ നയത്തിൽക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നത്. സാമ്പത്തിക മേഖലയിൽ പ്രഖ്യാപിക്കുന്ന നയവും ആ പ്രദേശങ്ങളിൽ കൂടുതൽ ഇൻവെസ്റ്റുമെന്റും ഇൻവെസ്റ്റുമെന്റ് ക്ലൈമറ്റും സൃഷ്ടിക്കുന്നതാണ്.

ഈ സംസ്ഥാനത്തെ കാർഷിക വിളവുകൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി ചെറുകിട വ്യാവസായിക രംഗത്ത് പുരോഗതിയും അതോടൊപ്പം കയറ്റുമതിയും വിദേശനാണ്യശേഖരണവും തൊഴിലവസരവും സൃഷ്ടിക്കത്തക്ക തരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള Agro Export Zone ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയൊരു നേട്ടമായി കണക്കാക്കാവുന്നതാണ്. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി മുഖേന കാർഷികരംഗം സജീവമായിക്കൊണ്ടിരിക്കുകയാണ്. സർ, ഏറ്റവും മുരടിച്ചു നിന്നിരുന്ന കാർഷികരംഗം ഇന്ന് ഉണർവ്വിന്റെ രംഗത്താണ്. കാർഷികവിളകൾക്ക് രണ്ടു വർഷങ്ങൾക്കു മുമ്പു ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി വിലവർദ്ധനവുണ്ടായി എന്നു നമുക്കെല്ലാവർക്കും അറിയാം. റബ്ബറിനും നാളികേരത്തിനും ഇഞ്ചിക്കുമൊക്കെ വില ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. 23 രൂപയുണ്ടായിരുന്ന റബ്ബറിനു 50 രൂപയും 2 രൂപയുണ്ടായിരുന്ന തേങ്ങയ്ക്ക് 8 രൂപയുമൊക്കെയായി വില വർദ്ധിച്ചിട്ടുണ്ട്. അടയ്ക്കയ്ക്കും കുരുമുളകിനും സംഭരണം ഏർപ്പെടുത്തിയതു മുതൽ മാർക്കറ്റ് ഇന്റർവെൻഷൻ മുഖേന കാർഷിക രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിരിക്കുകയാണ്. കുട്ടനാടിന്റെ വികസനത്തിനുവേണ്ടി 200 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ഏഴു ജില്ലകളിലെ 21 നിയോജക മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 63,000 ഹെക്ടർ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനുവേണ്ടി കെ. എൽ. ഡി. സി. മുഖേന 334 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിച്ചിരിക്കുന്നത്. സർ, അങ്ങനെ കാർഷികരംഗത്ത് പുതുജീവൻ നൽകികൊണ്ട് തരിശുഭൂമിയിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് കൃഷിയിറക്കിക്കൊണ്ട്, കാർഷികരംഗത്ത് വിളവു വർദ്ധിപ്പിച്ചുകൊണ്ട്, തെങ്ങു രോഗം, മണ്ഡരി രോഗം എന്നിവയ്ക്കുള്ള മരുന്നുതളിക്കും മറ്റ് വിവിധ പദ്ധതികൾക്കുംവേണ്ടി 230 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്.

[11.00 A.M.]

സർ, വൈദ്യുതി മേഖലയിലെ റവന്യൂ ഗ്യാപ്പ് 2001-02-ൽ 1316.43 കോടി രൂപയായിരുന്നത് 2002-2003-ൽ 1104.49 കോടി രൂപയായി കുറഞ്ഞു. 2003-04-ൽ റവന്യൂ ഗ്യാപ്പ് 941 കോടി രൂപയായി കുറയ്ക്കുവാൻ കേരളാ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-ക്ക് 4436 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

കടബാധ്യതയായിരുന്നു യു.ഡി.എഫ്. സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്നത്. ബോർഡിന്റെ പ്രതിമാസ വരുമാനം 270 കോടി രൂപയും കടത്തിന്റെ തിരിച്ചടവ് 135 കോടി രൂപയുമായിരുന്നു. 50 കോടിയിലധികം രൂപ കെ.എസ്.ഇ.ബി.യിൽ ശമ്പളത്തിനും പെൻഷനും മറ്റാവശ്യങ്ങൾക്കും വേണ്ടി ചെലവാക്കേണ്ടിവരും. ഈ ഭീമമായ നഷ്ടങ്ങൾക്കിടയിലും പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിച്ച് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുവാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്. 25 മെഗാവാട്ട് ശേഷിയുള്ള നേരിയമംഗലം ജലവൈദ്യുത പദ്ധതിയുടെ പണി കഴിഞ്ഞയാഴ്ച മുതൽ ആരംഭിച്ചിട്ടുണ്ട്. 12 പ്രസരണ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി ഉടനെ ഉത്ഘാടനം ചെയ്യുന്നതാണ്. 14 വർഷമായി മുടങ്ങിക്കിടന്നിരുന്ന ബാണാസുരസാഗർ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2230 ലക്ഷം യൂണിറ്റ് വൈദ്യുതി, ഈ ജലവൈദ്യുത പദ്ധതികളിലൂടെ ഇവിടെ ലഭിക്കും. അടിസ്ഥാനസൗകര്യവികസനത്തിന് ഉതകുന്ന നിലയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെയും വിദ്യുച്ഛക്തി വകുപ്പിന്റെയും പ്രവർത്തനങ്ങൾ വളരെ അഭിമാനകരമായ നിലയിൽ മുന്നോട്ടു പോകുകയാണ്.

സർ, ടൂറിസം മേഖലയിൽ ഏതാണ്ട് 400 കോടിയിലേറെ രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിൽ, ഇൻഡ്യയുടെ ഒരു പാർട്ട്നർഷിപ്പ് സ്റ്റേറ്റ് എന്നുള്ള നിലയിൽ ആദ്യമായി അതിനവകാശം കിട്ടിയത് കേരളാ ഗവൺമെന്റിനാണ്. അതിനു ടൂറിസം മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ കേരളത്തിന്റെ ടൂറിസം മേഖലയിൽ അടുത്ത 25 വർഷത്തേക്കുള്ള കർമ്മ പദ്ധതിയിൽ "ടൂറിസം വിഷൻ 2000-2005" ഇന്ത്യയിലെ തന്നെ ആദ്യത്തെ ഒരു സംരംഭമാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം ലക്ഷ്യമാക്കി എവർ ഗ്രീൻ കേരള, പുതിയ വിദേശ വിമാന സർവ്വീസുകൾ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ടൂറിസം മന്ത്രിമാരുടെ സമ്മേളനം, അന്യസംസ്ഥാനങ്ങളുമായിച്ചേർന്നുള്ള ടൂറിസം ഇവയൊക്കെ ടൂറിസം വകുപ്പിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളെ കാണിക്കുന്നതാണ്. അതിനു നേതൃത്വം കൊടുക്കുന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

സർ, സഹകരണവകുപ്പിൽ നിന്നും സാധാരണ വായ്പകൾ മാത്രമാണ് നമുക്ക് ലഭിക്കുന്നത്. എന്നാൽ 3.7 ലക്ഷം ജനങ്ങൾക്ക് 56 കോടി രൂപയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ 677 കോടി രൂപ പിരിച്ചെടുത്തു. കാർഷികവായ്പയുടെ പലിശ 8.5% ആക്കി കുറച്ചതും ദശാബ്ദങ്ങളായി കൃഷിക്കാർ ആഗ്രഹിച്ചിരുന്ന ഗഹാൻ പദ്ധതിക്ക് രൂപം നൽകിയതും ഈ സർക്കാരിന്റെ ജനങ്ങളോടുള്ള താല്പര്യമാണ് കാണിക്കുന്നത്. മാത്രവുമല്ല വായ്പയുടെ 5%

LIBRARY ARCHIVES Kerala Legislative Assembly

ഓഹരി മൂലധനമായി നൽകേണ്ടത് വായ്പ ഓഹരി അനുപാതം 1% ആയി കുറച്ചു. അതിൽ 5 ശതമാനത്തിനു പലിശ പിടിക്കുന്നത് ഒരു ശതമാനമാക്കി കുറച്ചുകൊണ്ട് 4 ശതമാനം പലിശയുടെ ഇളവ് ഇതിലൂടെ കൃഷിക്കാരനും വായ്പയെടുക്കുന്നവർക്കും നൽകുന്നതിനും കൃത്യമായി വായ്പ അടയ്ക്കുന്നവർക്ക് ഒരു ശതമാനം ഇളവു നൽകിക്കൊണ്ടും സഹകരണരംഗത്ത് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

സർ, വനംവകുപ്പിന്റെ കാര്യത്തിലും വളരെ അഭിമാനകരമായ പ്രവർത്തനമാണ് നടന്നിട്ടുള്ളത്. സംഘടിത കയ്യേറ്റം നടത്തിയ മതികെട്ടാൻമലയിലെ 1281 ഹെക്ടർ സ്ഥലത്തെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചു. അതിന് ഈ ഗവൺമെന്റിന്റെ കീഴിൽ വനംവകുപ്പിനു നേതൃത്വം കൊടുക്കുന്ന ശ്രീ. കെ. സുധാകരനെ ഞാൻ അഭിനന്ദിക്കുന്നു. വനസംരക്ഷണത്തിനു ആദിവാസി പങ്കാളിത്തം ആദ്യമായി ഉറപ്പാക്കിയതു ഈ ഗവൺമെന്റാണ്. മുന്നൂറോളം ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി നിയമിച്ചത് ഈ ഗവൺമെന്റിന് അഭിമാനിക്കത്തക്കതാണ്. ഇതിൽ നിന്നും ആദിവാസികളുടെ ക്ഷേമ പ്രവർത്തനത്തിനുവേണ്ടി ഈ ഗവൺമെന്റ് എത്രമാത്രം പ്രതിബദ്ധത കാണിക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. അതുപോലെതന്നെ ''ഹരിതോത്സവം,'' ''ഗ്രാമവനപദ്ധതി'', ''വൃശ്ചികം ഒന്നിന് വൃക്ഷം ഒന്ന്'' എന്നുള്ള പദ്ധതികൾ ഇവയൊക്കെ വളരെയധികം അഭിമാനകരമായ രീതിയിൽ വനംവകുപ്പ് നടത്തിക്കൊണ്ടു പോകുന്നു.

സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 29,414 ചെറുകിട വ്യവസായങ്ങളും 30 വൻകിട വ്യവസായങ്ങളും ആരംഭിച്ചു. 'ജിം' പ്രതീക്ഷിച്ചത്ര പ്രയോജനം ഉണ്ടാക്കിയില്ലെങ്കിലും ഇവിടെ ഇൻവെസ്റ്റേഴ്സിനെ ആകർഷിക്കത്തക്ക വിധത്തിലുള്ള നടപടികൾ ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്.

സർ, റവന്യൂ വകുപ്പിൽ, കുടിയായ്മപദ്ധതിയിൽ 15,000 പേർക്ക് പട്ടയം കൊടുക്കാനും കുടികിടപ്പുകാരിൽ 572 പേർക്ക് പട്ടയം കൊടുക്കാനും 3653 പുറംപോക്കു കൈവശക്കാർക്ക് പട്ടയം കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. 1-1-1977-നുമുമ്പ് വനഭൂമി കൈവശമുള്ള 7130 പേർക്ക് പട്ടയം കൊടുക്കാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്. 63 താലൂക്കുകളിൽ കമ്പ്യൂട്ടർ മുഖേന സർട്ടിഫിക്കറ്റുകൾ, 703 വില്ലേജുകളിൽ റീ സർവ്വേ പ്രകാരം നമ്പരുള്ള റിക്കോർഡുകൾ കൈമാറി. ഹഡ്കോയിൽ അടയ്ക്കേണ്ട കുടിശ്ശികമൂലം സാധാരണക്കാർക്ക് വായ്പ ലഭിക്കാതിരുന്ന കാലത്ത്, പഞ്ചായത്തുകളുടെ ഭവനപദ്ധതികളെല്ലാം അവതാളത്തിലായിരുന്നപ്പോൾ, ഹഡ്കോയുടെ കടം നല്ലൊരു ശതമാനം തിരിച്ചടച്ചുകൊണ്ട് ഹഡ്കോയിൽ നിന്നും വായ്പയെടുക്കുവാനും അങ്ങനെ ഹൗസിംഗ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇറിഗേഷൻ വകുപ്പും അതുപോലെതന്നെ മുന്നോട്ടുപോകുകയാണ്. ആറുലക്ഷത്തി ഏഴായിരം പേർക്ക് പ്രയോജനം നൽകുന്ന 81 കുടിവെള്ള പദ്ധതികൾ ഈ ഗവൺമെന്റ് പൂർത്തീകരിച്ചു കഴിഞ്ഞു. പഞ്ചായത്തുകളുടെ സഹായത്തോടുകൂടി 1515 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചു. മുടങ്ങിക്കിടന്ന 316 ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാനുള്ള കർമ്മ പദ്ധതിയും ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അതുപോലെതന്നെ "വർഷാ", "ജലവാഹിനി", "ജലനിധി" തുടങ്ങിയ പദ്ധതികളൊക്കെ ഈ ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടങ്ങളിൽപ്പെടുന്നതാണ്. 1800-കോടിയോളം രൂപ ചെലവു വരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയും ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

സർ, സാംസ്കാരിക വകുപ്പിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയ ഒരൊറ്റ നടപടിതന്നെ ഈ വകുപ്പിന് എക്കാലവും അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ്. അതിനു നേതൃത്വം കൊടുത്ത സാംസ്കാരിക വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. സാഹിത്യത്തിനും സംഗീതത്തിനും ചലച്ചിത്രത്തിനും നല്കുന്നതുപോലെ ഒരു ലക്ഷം രൂപയുടെ പുരസ്കാരം ചിത്ര ശില്പകലകൾക്കും വാദ്യകലകൾക്കും ഏർപ്പെടുത്തിയിട്ടുണ്ട്. സാഹിത്യകലാ അക്കാഡമി, ലളിതകലാ അക്കാഡമി, സംഗീതനാടക അക്കാഡമി, ചലച്ചിത്ര അക്കാഡമി എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ചെമ്പഴന്തിയിൽ ശ്രീനാരായണഗുരുദേവന്റെ ജന്മസ്ഥലത്ത് 50 ലക്ഷം രൂപ മുടക്കി അന്തർദ്ദേശീയ സാംസ്കാരിക കേന്ദ്രം ഉണ്ടാക്കുന്നതിനു ഒരു പ്രവർത്തനം മുമ്പ് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതു നിലച്ചിരിക്കുകയാണ്. ചെമ്പഴന്തിയിലെ അന്തർദ്ദേശീയ ശ്രീനാരായണകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനു സാധിക്കുന്ന വിധത്തിലുള്ള നടപടികൾ എടുക്കണമെന്ന് സാംസ്കാരിക വകുപ്പുമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, കെ. എസ്. ആർ. ടി.സി. യുടെ പ്രവർത്തനങ്ങൾ അഭിമാനകരമായ രീതിയിൽ മുന്നോട്ടു പോകുകയാണ്. കെ. എസ്. ആർ. ടി. സി. വണ്ടികൾ ഇന്നു രാജകീയപ്രൗഢിയോടുകൂടി നമ്മുടെ നിരത്തുകളിലൂടെ ഒഴുകിപ്പോകുന്നതുകാണാം. അതിനു മുൻമന്ത്രി ശ്രീ. ഗണേഷ്കുമാറിനെയും ഇപ്പോഴത്തെ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുകയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ കമ്മി കുറച്ചു കൊണ്ടുവരാൻ ഗതാഗതവകുപ്പുമന്ത്രി എടുത്ത ധീരമായ നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്.

വിദ്യാഭ്യാസ മേഖലയെക്കുറിച്ച് എന്തെല്ലാം ആരോപണങ്ങൾ ഉന്നയിച്ചിരുന്നാലും അടുത്ത സംസ്ഥാനങ്ങളിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസത്തെ ഈ സംസ്ഥാനങ്ങളിലേക്കു പറിച്ചു നട്ടു എന്നുള്ളതു മാത്രമെടുത്താൽത്തന്നെ വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടം എത്രയോ വലുതാണെന്നു കാണാൻ കഴിയും. ഈ ഭരണത്തിനുമുമ്പ് അഞ്ചു വർഷം ഭരിച്ചവർ ഒരു സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസസ്ഥാപനവും കേരളത്തിലേക്കു കൊണ്ടുവന്നില്ല. ഇപ്പോൾ തമിഴ്നാട്ടിലെയും കർണ്ണാടകത്തിലേയും മാനേജുമെന്റുകളുടെ ഭാഷയിലാണ് ഇവിടത്തെ പ്രതിപക്ഷത്തിന്റെ ശബ്ദം. ഇവർ ബി. എഡ്ഡിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. പണം കൊടുത്തിട്ടില്ല, വാങ്ങിയിട്ടില്ല എന്നുള്ള അവരുടെ പ്രസ്താവനകൾ തന്നെ അവരുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നുണ്ട്. ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് ഇവർ പറയുന്നത്. എന്നാൽ അവർ ഒരു കാര്യം ഓർക്കണം, ജുഡീഷ്യൽ അന്വേഷണറിപ്പോർട്ടുകൾ എത്രയെണ്ണം നമ്മുടെ അലമാരകളിൽ ഇരിക്കുന്നുണ്ടെന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 250 പ്ലസ് ടു സ്കൂളുകൾ കൊടുത്തത് വഴിവിട്ടും അതുപോലെ അഴിമതി നിറഞ്ഞതുമാണെന്ന ഹൈക്കോടതിയുടെ പ്രഖ്യാപനം വന്നപ്പോൾ അന്ന് ഒരു എസ്.എഫ്.ഐ. കാരനേയും ഡി.വൈ.എഫ്.ഐ. കാരനേയും കണ്ടില്ല. എനിക്ക് പ്രതിപക്ഷത്തോടു പറയുവാനുള്ളത് നിങ്ങൾ ഒരു വിരൽ ഉയർത്താൻ ശ്രമിക്കുമ്പോൾ ഹയർ സെക്കന്ററി സ്കൂളിലെ അഴിമതികൊണ്ട് നിങ്ങളുടെ നേരെ 250 വിരലുകൾ ഉയരുകയാണ്. ശ്രീ. ജി. സുധാകരൻ എം.എൽ.എ. പോലും ഈ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട് ലക്ഷങ്ങൾ വാങ്ങിയിട്ടാണ് പ്ലസ് ടു കോഴ്സ് അന്ന് കൊടുത്തിട്ടുള്ളതെന്ന്. അന്ന് ഹൈക്കോടതി പ്രഖ്യാപനത്തിനു ശേഷം പോലും 'നമ്മ' എന്നൊരു അക്ഷരം മിണ്ടാതിരുന്ന പ്രതിപക്ഷം ഈ പണം കൊടുത്തില്ല എന്നു മാത്രമല്ല വാങ്ങിയിട്ടില്ല എന്ന് തെളിയിച്ചിട്ടുമില്ല. നമ്മൾ അന്വേഷണം നടത്തിയത് അതിന്റെ സത്യാവസ്ഥ കൊണ്ടുവരുന്നതിനു വേണ്ടിയാണ്. ശ്രീരാമന് സീത പരിശുദ്ധയാണെന്ന് അറിയാമായിരുന്നുവെങ്കിലും അഗ്നിപരീക്ഷണത്തിന് തയ്യാറാകണമെന്നു പറഞ്ഞു. അത് ശ്രീരാമന് ബോദ്ധ്യമല്ലാത്തതുകൊണ്ടല്ല. സീസറിന്റെ ഭാര്യ സംശയത്തിനതീതമായിരിക്കണം. ആ തത്വമാണ് സർക്കാർ നടപ്പാക്കിയത്.

സർ, പോലീസിന്റെ നയത്തെക്കുറിച്ച് എന്തെല്ലാം പറഞ്ഞാലും കൊന്നവനേയും കൊല്ലിച്ചവനേയും പ്രതിസ്ഥാനത്ത് കൊണ്ടുവരുന്ന ഒരു നയമാണ് ശ്രീമാൻ എ. കെ. ആന്റണിയുടെ പോലീസ്നയം. കൊന്നവനേയും കൊല്ലിച്ചവനേയും പ്രതിസ്ഥാനത്ത് കൊണ്ടുവന്നപ്പോൾ മലബാർ പ്രദേശത്ത് ഉൾപ്പെടെ രാഷ്ട്രീയ കൊലപാതകങ്ങൾ കുറഞ്ഞു. എന്താണ് ഇവിടെ നടന്നുകൊണ്ടിരുന്നത്? ഏത് കൊലപാതകങ്ങൾ ഉണ്ടായാലും കൊന്നവനും കൊല്ലിച്ചവനും പ്രതിസ്ഥാനത്ത് ഇല്ലാത്ത സ്ഥിതിയായിരുന്നു. വീട്ടിൽ കയറാത്തവനേയും നാട്ടിൽ കയറാൻ കഴിയാത്തവനേയും പ്രതികളാക്കി, കള്ള സാക്ഷികളെ കൊടുത്തുകൊണ്ട് കള്ളസാക്ഷി പറയിച്ച് കോടതിയിലെ കേസുകൾ വെറുതെവിട്ടുകൊണ്ട് അടുത്ത കൊലപാതകത്തിന് തയ്യാറാക്കിക്കുകയായിരുന്നു. ക്രിക്കറ്റിന്റെ റൺ റേറ്റ് കൂട്ടുന്നതുപോലെ തലചേദിക്കുന്നതിന്റെ റൺ റേറ്റും കൂടിക്കൊണ്ടിരുന്നു. ഇന്ന് ആ രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലായെങ്കിൽ അത് ശ്രീമാൻ എ. കെ. ആന്റണിയുടെ പോലീസ് നയത്തിന്റെ നേട്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മാറാട് സംഭവത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഏറ്റവും കൂടുതൽ വിമർശനം. വന്നത് മാറാട് സംഭവത്തെക്കുറിച്ചാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, ഇൻഡ്യയിൽ എന്നല്ല ലോകത്തെവിടെയാണെങ്കിലും ഒരു വർഗ്ഗീയ കലാപമുണ്ടായാൽ ആ വർഗ്ഗീയ കലാപത്തെത്തുടർന്ന് നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയാണ്; രക്തപ്പുഴ ഒഴുകുകയാണുണ്ടാകുന്നത്. അതിദാരുണമായ ഒരു സംഭവമാണ് മാറാട് നടന്നതെങ്കിൽപോലും സംഭവം നടന്ന് ഇരുപത് മിനിറ്റിനകം പോലീസ് നിയന്ത്രണം ഏറ്റെടുത്തതിനുശേഷം മാറാട് സംഭവത്തിന്റെ പേരിൽ ഒരുതുള്ളി രക്തം കേരളത്തിൽ ചൊരിയുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അത് ശ്രീമാൻ എ. കെ. ആന്റണിയുടെ പോലീസ് നയത്തിന്റേയും പോലീസ് വകുപ്പിന്റേയും കഴിവാണ്. രണ്ടു മാസത്തിനുള്ളിൽ 168 പ്രതികളെ അറസ്റ്റുചെയ്ത് അവരെ വിചാരണ നടത്താൻ സ്പെഷ്യൽ കോടതി സ്ഥാപിച്ചത് പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുടെ നേട്ടമാണ്. മാറാട് പുനരധിവാസം താമസിച്ചുപോയി എന്നാണ് ഇവിടെ പറയുന്നത്. പക്ഷെ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം ഈ പുനരധിവാസത്തിന്റെ പേരിൽ ആക്രമണത്തിനും തയ്യാറായിരിക്കുന്നവരുടെ മുൻപിൽ ജനങ്ങളെ വലിച്ചിഴച്ചാൽ ഇതിലും കൂടുതൽ കൊലപാതകങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് പുനരധിവാസത്തിന് ബുദ്ധിപരമായ ഒരു നിലപാടാണ് ഈ ഗവൺമെന്റ് എടുത്തത്. കാലം കഴിഞ്ഞപ്പോൾ, സാഹചര്യം മാറിയപ്പോൾ ശരീരത്തിൽ ഒരു പോറൽ പോലും ഏൽക്കാതെ പുനരധിവസിപ്പിക്കുവാൻ സാധിച്ചതും നേട്ടമാണ്. ഇങ്ങനെയുള്ള ഗവൺമെന്റിനെതിരെയാണ് നിങ്ങൾ വിരൽ ചൂണ്ടുന്നത്.

സർ, ഈ ഗവൺമെന്റിനെതിരെ പറയുന്ന മറ്റൊരു കാര്യം മുത്തങ്ങാ സംഭവത്തെക്കുറിച്ചാണ്. യഥാർത്ഥത്തിൽ മുത്തങ്ങാ സംഭവത്തിന് ഉത്തരവാദികൾ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ ഗവൺമെന്റാണെന്ന് ഞാൻ പറയുവാൻ കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ആദിവാസി സമരമുണ്ടായത്. അവർക്ക് ഭൂമിയില്ല. അവരുടെ ഭൂമി അന്യാധീനപ്പെട്ടുപോയി. 1975-ലെ ആദിവാസി ഭൂമി സംരക്ഷണ നിയമ പ്രകാരം ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടാൻ അവകാശവും ആർ.ഡി.ഒ. മാർക്ക് ഭൂമി തിരിച്ചെടുത്തു കൊടുക്കാൻ അവകാശവും ഉണ്ട്. അങ്ങനെ 7500 ഹെക്ടർ സ്ഥലം ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ച് ആദിവാസികൾക്ക് കൊടുക്കണമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. ആദിവാസികൾക്കു വേണ്ടി കണ്ണീരൊഴുക്കുന്ന ഇടതുപക്ഷത്തോട് ഞാൻ ചോദിക്കുകയാണ്. കേരള ഹൈക്കോടതിയുടെ വിധി കയ്യിലുണ്ടായിരുന്നിട്ടു പോലും എന്തേ നിങ്ങൾ അത് കൊടുത്തില്ല? അതുമാത്രമല്ല ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള നിയമത്തെ റദ്ദാക്കുകയാണ് നിങ്ങൾ ചെയ്തത്. മാത്രവുമല്ല രണ്ടു കൊല്ലത്തിനുള്ളിൽ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുകൊടുക്കുമെന്നാണ് പറഞ്ഞത്. രണ്ടു കൊല്ലവും മൂന്നു മാസവും നിങ്ങൾ അധികാരത്തിലിരുന്നിട്ട് ഒരു സെന്റ് ഭൂമി പോലും ആദിവാസികൾക്ക് കൊടുത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മുത്തങ്ങാ സംഭവത്തിനു കാരണം എൽ.ഡി.എഫ്. ഗവൺമെന്റാണെന്ന്. എൽ.ഡി.എഫ്. ഗവൺമെന്റ് ഹൈക്കോടതി വിധി നടപ്പിലാക്കാതിരുന്നതുകൊണ്ടാണ്.

ശ്രീ. ടി. കെ. ദേവകുമാർ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ കാര്യമാണല്ലോ ഇപ്പോൾ അങ്ങ് വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പിന്നോക്ക ക്ഷേമ വികസന വകുപ്പ് എന്നൊരു വകുപ്പ് രൂപീകരിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ വകുപ്പു രൂപീകരണം വേണ്ടെന്നു തീരുമാനിച്ച് ഉത്തരവിറക്കി. ആ ഉത്തരവ് കൊണ്ടുവന്നത് ഈ നേട്ടങ്ങളുടെ ഭാഗമാണോ?

ശ്രീ. എ. എൻ രാജൻ ബാബു : പിന്നോക്കക്ഷേമത്തെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. ടി. കെ. ദേവകുമാർ പറയുമ്പോൾ പതിനായിരത്തി അഞ്ഞൂറ് പ്രീഡിഗ്രി സീറ്റുകൾ എസ്. എൻ. ട്രസ്റ്റിന്റെ 16 കോളേജുകളിൽ നിലനിന്നിരുന്നത് തിരിച്ചെടുത്തതിനുശേഷം 300 സീറ്റുകളായി കുറച്ച് പിന്നോക്ക സമുദായത്തിന് കൊടുത്തവരല്ലേ അപ്പുറത്തിരിക്കുന്നവർ.

ശ്രീ. പി. എസ്. സുപാൽ : ഇവിടെ ശ്രീ. രാജൻ ബാബു ഒരുപാട് കാര്യങ്ങളിൽ നയം വ്യക്തമാക്കി. അദ്ദേഹം എസ്.എൻ. ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡംഗമാണ്. എസ്.എൻ. ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡംഗമായ വെള്ളാപ്പള്ളി നടേശൻ വിദ്യാഭ്യാസ വകുപ്പ് അഴിമതി നിറഞ്ഞ വകുപ്പാണെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നുമുള്ള നയം വ്യക്തമാക്കി. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. എൻ. രാജൻ ബാബു: സർ, തൊഴിൽ രംഗത്ത് സമാധാനം സൃഷ്ടിക്കുന്ന ഒരു നയമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇവിടെ ചുമട്ടുതൊഴിലാളി നിയമത്തിന്റെ പേരിൽ ഹർത്താലുകളും ബന്ദുകളും കൊണ്ടുവന്നു. എന്റെ സുഹൃത്തുക്കളോട് ഞാൻ ചോദിക്കുകയാണ് ചുമട്ടുതൊഴിലാളി നിയമത്തിന്റെ പേരിൽ നിങ്ങൾ ഇവിടെ ഹർത്താൽ നടത്തുന്നു. അതിന്റെ ഉള്ളടക്കം നിങ്ങൾ വായിച്ചിട്ടുണ്ടോ? അതിന്റെ ഉള്ളടക്കത്തിൽ പറയുന്നത് അക്രമം കാണിച്ചും ഭീഷണിപ്പെടുത്തിയും ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങാൻ പാടില്ല. അത് വേണമെന്നാണോ പറയുന്നത്? മറ്റൊന്ന് അക്രമം കാണിച്ചും ഭീഷണിപ്പെടുത്തിയും ഗവൺമെന്റ് നിശ്ചയിച്ചതിലും കൂടുതൽ കൂലി വാങ്ങാൻ പാടില്ല എന്നാണ്. ഈ ഭേദഗതികൾ കൊണ്ടുവന്ന് തൊഴിൽ രംഗത്ത് സമാധാനം സൃഷ്ടിക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. അങ്ങനെ വരുമ്പോൾ കൂടുതൽ ഇൻവെസ്റ്റുമെന്റ് വരും.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ സ്ഥാപനങ്ങൾ വന്നാൽ ചുമട്ടു തൊഴിലാളികൾക്ക് ജോലിയും തൊഴിലില്ലാത്ത ഡി.വൈ.എഫ്.ഐ.-കാർ ഉൾപ്പെടെയുള്ളവർക്ക് തൊഴിലും കിട്ടുന്ന ഒരു സാഹചര്യമുണ്ടാകും.

സർ, ഏതുരംഗമെടുത്താലും സാമ്പത്തിക രംഗത്തായാലും കാർഷിക രംഗത്തായാലും വ്യവസായ രംഗത്തായാലും ടൂറിസം രംഗത്തായാലും വനം വകുപ്പിലായാലും വ്യവസായ വകുപ്പിലായാലും വളരെ നൂതനമായ വികസന പരിപാടികളുമായി മുന്നോട്ടുപോയി ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള നയപ്രഖ്യാപനമാണ് ഇതിലുള്ളത്. ഇത് പാസ്സാക്കിത്തരണമെന്ന അഭ്യർത്ഥനയോടു കൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.....

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ കാണുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നയപ്രഖ്യാപനത്തിൽ യാതൊരു പദ്ധതിയും ഉൾപ്പെടുത്താത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായത്തെ തകർക്കുകയും വിലക്കയറ്റം രൂക്ഷമാക്കുകയും ചെയ്ത സർക്കാർ നടപടിയെക്കുറിച്ച് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

"എന്നാൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കണക്കിലെടുക്കാതെ സംസ്ഥാനത്തെ നദീജലം തമിഴ്നാടിന് നൽകാൻ ഉതകത്തക്കരീതിയിൽ നിലവിലുള്ള കരാറുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നതിനെപ്പറ്റി യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക;

"എന്നാൽ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഒരു നടപടിയും സ്വീകരിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിൽ നടന്നിട്ടുള്ളതായി പറയപ്പെടുന്ന അഴിമതിയെ സംബന്ധിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ഒരു പദ്ധതിയും നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് തടയുന്നതിനെപ്പറ്റി പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

<u>ശ്രീ. ടി. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ ജീവനക്കാരുടെ പുനർവിന്യാസത്തിന്റെ പേരിൽ ആയിരക്കണക്കിന് തസ്തികകൾ വെട്ടിക്കുറച്ചതിനെപ്പറ്റി പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ നിയമന നിരോധനം ഏർപ്പെടുത്തി പതിനായിരക്കണക്കിന് തൊഴിൽരഹിതർക്ക് സർക്കാർ ജോലിക്കുള്ള അവസരം നിഷേധിച്ചതായി പറയപ്പെടുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ സ്വാശ്രയ ബി.എഡ്. കോളേജുകൾ അനുവദിച്ചതിൽ വ്യാപകമായി നടന്നതായി പറയപ്പെടുന്ന അഴിമതിയെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ ഒന്നും പറയുകയും ചെയ്യാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടി ആയിരക്കണക്കിന് തൊഴിലാളികളെ പട്ടിണിയിലാക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണത്തിൽ കൈകടത്തി അവയുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും, സാമ്പത്തികമായി യൂണിവേഴ്സിറ്റികളെ തകർക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സർക്കാർ നടപടികളെപ്പറ്റി പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനം അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിലും, കൃഷിക്കാർക്ക് ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് യാതൊരു പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വിശദമായ പഠനം നടത്താതെ സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ച്, സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓരോന്നോരോന്നായി പൂട്ടിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി പ്രസംഗത്തിൽ യാതൊന്നും സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മുൻ സർക്കാർ ഫലപ്രദമായി നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണ പ്രക്രിയ താറുമാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ ഓരോന്നോരോന്നായി തിരിച്ചെടുക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ധാരണാ പത്രങ്ങളിൽ ഒപ്പുവച്ച പദ്ധതികൾ യാഥാർത്ഥ്യമാകാതെപോയതിനെക്കുറിച്ചും പ്രസ്തുത സമ്മേളനത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ നേടിയെടുക്കാൻ കഴിയാതെപോയതിനെക്കുറിച്ചും പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

"എന്നാൽ മതസൗഹാർദ്ദത്തിന് പേരുകേട്ട നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ പ്രീണനനയം സ്വീകരിക്കുന്നതുമൂലം വർഗ്ഗീയ കലാപങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ 'സമീപകാലചരിത്രത്തിലൊന്നുംതന്നെ സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചമായിരുന്നില്ല,' എന്ന് പ്രസംഗത്തിൽ നടത്തിയ പ്രഖ്യാപനത്തിലൂടെ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഭരണഘടനാപരമായ കർത്തവ്യം നിർവഹിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെപ്പറ്റി പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. എൻ. രാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ക്രമസമാധാന നില തകർച്ചയെക്കുറിച്ചും വർദ്ധിച്ചുവരുന്ന ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിനെക്കുറിച്ചും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനെക്കുറിച്ചും സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളെക്കുറിച്ചും പോലീസ്-ഗുണ്ടാ-മാഫിയാ ബന്ധത്തെക്കുറിച്ചും പ്രസംഗത്തിൽ പറയാൻ വിട്ടുപോയതിൽ ഖേദിക്കുന്നു."

"എന്നാൽ ഭൂഗർഭ ജല സംരക്ഷണത്തെക്കുറിച്ച് പ്രസംഗത്തിൽ ഒന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെട്ടതിനെക്കുറിച്ചും ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ചും പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റതാക്കി നടത്തി നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കുന്നതിനെ ക്കുറിച്ചും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ കൃത്യസമയത്ത് തീർപ്പുകൽപ്പിച്ച് റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചും പ്രസംഗത്തിൽ പറയാൻ വിട്ടുപോയിട്ടുള്ളതിൽ ഖേദിക്കുന്നു."

"എന്നാൽ സർക്കാർ ജീവനക്കാരുടെ കവർന്നെടുത്ത ആനുകൂല്യങ്ങൾ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ ഒന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ശാസ്ത്രീയ പഠനം നടത്താതെ തസ്തികകൾ വെട്ടിക്കുറച്ചതിനെക്കുറിച്ചും ഭരണ പരിഷ്കാര നടപടികളുടെ ഭാഗമായി എ.ഡി.ബി. സംഘം വിവിധ സർക്കാരാഫീസുകൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചും, നിയമന നിരോധനം പൂർണ്ണമായി നീക്കി ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താതിരുന്നതിനെക്കുറിച്ചും പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

"എന്നാൽ നിത്യോപയോഗ ഔഷധങ്ങളുടേയും ജീവൻരക്ഷാ മരുന്നുകളുടേയും വിലക്കയറ്റംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ആദിവാസികൾക്കുനേരെ നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ചും മുഴുവൻ ആദിവാസികൾക്കും കൃഷിഭൂമിയും കിടപ്പാടവും സമയബന്ധിതമായി നൽകുന്നതിനെക്കുറിച്ചും അതിക്രമങ്ങളിൽ മരണമടഞ്ഞവർക്കും പരിക്കേറ്റവർക്കും മതിയായ സഹായം നൽകുന്നതിനെക്കുറിച്ചും പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

"എന്നാൽ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുന്നതിനുള്ള നീക്കങ്ങളെക്കുറിച്ച് പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ ആശുപ്രതികളിൽ മരുന്നുകളും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുവേണ്ടി രൂപീകരിച്ച സെൻട്രൽ പർച്ചേസ് കമ്മിറ്റിക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ചും, ഈ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചും സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിനെക്കുറിച്ചും സാർവ്വത്രിക സൗജന്യ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

"എന്നാൽ ഭരണപരിഷ്കരണ നടപടികളുടെ ഭാഗമായി ക്ഷേമപദ്ധതികളും ക്ഷേമ പെൻഷനുകളും നിർത്തലാക്കുവാനുള്ളതായി പറയപ്പെടുന്ന നീക്കങ്ങളെക്കുറിച്ച് പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കണ്ണൂരിൽ ഫോറൻസിക് ലാബ് സ്ഥാപിക്കുമെന്ന് ഉറപ്പുനൽകിയിരുന്നിട്ടും നടപ്പിലാക്കാതിരുന്നതിനെ സംബന്ധിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വെറ്ററിനറി ഡോക്ടർമാരും സ്റ്റാഫും ഇല്ലാത്ത മൃഗാശുപത്രികളിൽ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ യാതൊരു പരാമർശവും ഇല്ലാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. നന്ദി ആരോട് ചൊല്ലേണ്ടുവെന്നുള്ളതാണ് സംശയം. ഈ സർക്കാരിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനം കഴിഞ്ഞ നയപ്രഖ്യാപനങ്ങളുടെ ഒരു ആവർത്തനം മാത്രമാണ്. ഇത് ആന്റണി സർക്കാരിന് ഒരു ഭൂഷണമാണെങ്കിൽ കഴിഞ്ഞ കാലങ്ങളിലെ നയപ്രഖ്യാപനങ്ങൾ ഗവർണ്ണറെക്കൊണ്ട് ആവർത്തിച്ച് വായിപ്പിച്ച ആന്റണി സർക്കാർ യഥാർത്ഥത്തിൽ ഗവർണ്ണറെ വിഡ്ഢിവേഷം കെട്ടിക്കുകയായിരുന്നു. ഇത് യഥാർത്ഥത്തിൽ പാടില്ലാത്ത കാര്യമാണ്. ഈ സംസ്ഥാനത്ത് ഒരു ഭരണമില്ല. ഇവിടെ അഴിമതി കൊടികുത്തി വാഴുകയാണ്. മന്ത്രിമാർക്ക് ഭരിക്കാൻ സമയമില്ല. ഘടകകക്ഷി നേതാക്കൻമാർ പരസ്പരം പഴിചാരുകയാണ്. ഉദ്യോഗസ്ഥതലത്തിൽ മാത്രമല്ല മന്ത്രിതലത്തിലും അഴിമതി ശക്തമായി വേരുറച്ചിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകൾ വളരെ സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖല അഴിമതിയുടെ കാര്യത്തിൽ ഏറ്റവും വലിയ ഉദാഹരണമാണ്. വിദ്യാഭ്യാസ മേഖല കാളച്ചന്തപോലെ ആയിരിക്കുകയാണ്. വിദ്യാഭ്യാസ മേഖല ലീഗ് വത്കരിച്ചിരിക്കുകയാണ്. സ്വജനപക്ഷപാതവും അഴിമതിയുമാണ് വിദ്യാഭ്യാസ മേഖലയുടെ മുഖമുദ്ര. ചോദ്യപേപ്പർ ലീഗിന്റെ പാർട്ടി ആഫീസിൽ ഇരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനുവേണ്ടി ലീഗിന്റെ നേതാക്കൻമാർ കൈക്കൂലി ചോദിച്ചുകൊണ്ടിരിക്കുന്നു. ബി.എഡ്. കോളേജു വേണോ, ബി.എഡ്. കോളേജു വേണോയെന്നു ചോദിച്ചുകൊണ്ട് ലീഗ് നേതാക്കൻമാർ തെരുവോരങ്ങളിൽ ലേലം വിളിക്കുന്ന കാഴ്ചകളാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എന്റെ സർക്കാർ നൂറു കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. നൂറുകണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോഴും ഒരു കട്ടൻ ചായപോലും കുടിച്ചതായി ആരോപണം ഉന്നയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ലായെന്നാണ് കേരള മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ അത് പറഞ്ഞതിന് തൊട്ടുപിന്നാലെയാണ് മെത്രാപൊലീത്ത പറഞ്ഞത് അദ്ദേഹത്തിന്റെ കയ്യിൽനിന്ന് രണ്ടര ലക്ഷം രൂപ ലീഗ് നേതാക്കൻമാർ കൈക്കൂലി ചോദിച്ചുവെന്ന്. 15 ലക്ഷം രൂപ കൈക്കൂലി ചോദിച്ചുവെന്ന് രാജീവ്ഗാന്ധി മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പറഞ്ഞു. ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചല്ലോ. വിദ്യാഭ്യാസരംഗം

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിവത്കരിച്ചിരിക്കുന്നു, വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കുക എന്ന് വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. കേരളത്തിൽ ഒരു കട്ടൻചായയ്ക്ക് 15 ലക്ഷം രൂപയുണ്ടോ; മെത്രാപൊലീത്ത കുടിക്കുന്ന ചായയ്ക്ക് രണ്ടര ലക്ഷം രൂപയുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വിദ്യാഭ്യാസ രംഗം ഇത്രയേറെ അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലായെന്നുള്ളത് കേരളത്തിൽ പരക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. മുസ്ലീംലീഗ് അഴിമതിയുടെ പ്രതീകമായി മാറിയിരിക്കുന്നു. സി. എച്ച്. മുഹമ്മദ് കോയ, അവുക്കാദർകുട്ടി നഹ, അഹമ്മദ് കുരിക്കൾ തുടങ്ങിയ അഴിമതിരഹിതരായിട്ടുള്ള മുൻകാല ലീഗ് നേതാക്കൻമാർ ഉണ്ടായിരുന്നു. അവരുടെ പിൻമുറക്കാർ ഇന്ന് കേരള നിയമസഭയിൽ ഇരുന്ന് ലീഗ് എന്ന പാർട്ടിക്ക് നേതൃത്വം നൽകുമ്പോൾ കാളക്കച്ചവടം പോലെ വിദ്യാഭ്യാസ മേഖലയെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടര ലക്ഷം രൂപ നക്കാപ്പിച്ചാ കാശാണ് എന്നാണ് വ്യവസായവകുപ്പുമന്ത്രിയും ലീഗിന്റെ നേതാവുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. കോടികൾ വാങ്ങിക്കുന്നവരെ സംബന്ധിച്ച് രണ്ടര ലക്ഷം രൂപ നക്കാപ്പിച്ചാ കാശ് തന്നെയാണ്. എത്ര ഖേദകരമാണ്? എത്ര അപമാനകരമാണ്? ബി.എഡ്. കോളേജുകൾ കിട്ടാത്ത ആളുകളാണ് ഇപ്പോൾ പരാതി നൽകിയിട്ടുള്ളത്. കിട്ടിയ ആളുകൾ എന്തായാലും പരാതി പറയുകയില്ല. കൂടുതൽ ആളുകൾക്ക് കിട്ടിയിട്ടുണ്ട്. അവർ പരാതി പറയുകയില്ല. കേരളത്തിൽ ബി.എഡ്. സെന്ററുകൾ, മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെ അനുവദിച്ചതുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട അംഗം മുസ്ലീം ലീഗിനെതിരായും വിദ്യാഭ്യാസ വകുപ്പിനെതിരായും യാതൊരു വസ്തുതയ്ക്കും നിരക്കാത്ത വിധത്തിലുള്ള ആരോപണങ്ങളാണ് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഇതൊന്നും പത്രത്തിൽ വന്നതല്ല. ഇത് ഭാവനാസൃഷ്ടിയാണ്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഇവിടെ ഇല്ലാത്തത് വളരെ അനുഗ്രഹമായി എന്ന രീതിക്കാണ് ബഹുമാനപ്പെട്ട പി. എസ്. സുപാലിനെപ്പോലെയുള്ള മെമ്പർമാർ സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ കാലത്ത് നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ദേശാഭിമാനി ഉൾപ്പെടെയുള്ള എല്ലാ പത്ര മാധ്യമങ്ങളിലും വാർത്ത വന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി നാലു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. ബിനോയ് വിശ്വം : ബഹുമാനപ്പെട്ട സുപാൽ അവാസ്തവ പ്രസ്താവന നടത്തുന്നു എന്നാണ് ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചത്. സി. എച്ച്. മുഹമ്മദ് കോയ, അവുക്കാദർകുട്ടി നഹ, അഹമ്മദ് കുരിക്കൾ തുടങ്ങിയ മുൻകാല ലീഗ് നേതാക്കൻമാർ അഴിമതിരഹിതമായിട്ടുള്ള ഭരണം കാഴ്ചവച്ച കാര്യമാണ് ബഹുമാനപ്പെട്ട സുപാൽ ഇവിടെ സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴിമതി നടന്നിട്ടുണ്ടെങ്കിൽ മൂന്നു കൊല്ലമായില്ലേ വിജിലൻസിനേയും വച്ചുകൊണ്ട് നിങ്ങൾ കുത്തിയിരിക്കാൻ തുടങ്ങിയിട്ട്. കട്ടവനെ പിടിക്ക്.

ശ്രീ. പി. എസ്. സുപാൽ: ഇവിടെ വ്യാപകമായി കോടികളുടെ അഴിമതി നടന്നിട്ടുണ്ട്. ഞാൻ മാത്രമല്ല ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായതിന്റെ ഫലമായിട്ടാണ് അർഹതയില്ലാതെ കൈക്കൂലി വാങ്ങിച്ചുകൊണ്ട് ബി.എഡ്. കോളേജുകൾക്ക് അനുമതി നൽകിയതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്തു സൂപ്പി പറയുകയുണ്ടായി. നമ്മുടെ ലോകായുക്ത അന്വേഷിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. വസ്തുതാപരമായ കാര്യങ്ങൾ വെളിച്ചത്ത് കൊണ്ടുവരണമെങ്കിൽ സിറ്റിംഗ് ജഡ്ജിയെക്കൊണ്ടുള്ള അന്വേഷണമാണ് നടത്തേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. നാലകത്ത് സൂപ്പി രാജി വയ്ക്കാൻ തയ്യാറാകണം. അത് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിട്ട് കാര്യമില്ല. അദ്ദേഹത്തെ മന്ത്രിസഭയിൽനിന്ന് പുറത്താക്കിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ള ആളുകൾക്ക് ഇക്കാര്യത്തിലുള്ള പങ്കിനെ സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തുന്നതിനുവേണ്ടി ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ തൊഴിൽരഹിതരെ സംബന്ധിച്ചിടത്തോളം ഒരു പരാമർശംപോലും ഇല്ലാത്ത നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയിട്ടുള്ളത്. 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് ഐക്യജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന്റെ നാലാമത്തെ നയപ്രഖ്യാപനം ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയപ്പോൾ തൊഴിൽരഹിതരെ സംബന്ധിച്ചിടത്തോളം ഒരു വാക്കുപോലും പരാമർശിച്ചിട്ടില്ല. കേരളത്തിന്റെ ചരിത്രത്തിൽ തൊഴിൽരഹിതരെ ഇത്രയേറെ അവഗണിച്ച ഒരു നയപ്രഖ്യാപന പ്രസംഗം ഉണ്ടായിട്ടില്ല. കേരളത്തിലെ തൊഴിൽരഹിതരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. അതുപോലെ പരമ്പരാഗത വ്യവസായ മേഖലയെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ഒന്നും പരാമർശിക്കുന്നില്ല. കശുവണ്ടി വ്യവസായം നടത്താൻ സമയമില്ല. കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിക്കൊണ്ട് ലീഗ്നേതാക്കൻമാർക്ക് ബി.എഡ്. സെന്റർ എന്ന് ബോർഡ് വച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ അനുവാദം കൊടുക്കുന്നു. ഇവിടെ പരമ്പരാഗത വ്യവസായം എങ്ങനെ രക്ഷപ്പെടും? കഴിഞ്ഞ രണ്ടുരണ്ടര വർഷക്കാലമായി കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ

എല്ലാ ജനങ്ങളുടേയും സ്വപ്നങ്ങൾ തകർത്ത ഒരു ഗവൺമെന്റാണ്. അഴിമതി കൊടികുത്തി വാഴുകയാണ് ഇവിടെ ഭരണമില്ല. അതുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽകൂടി ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഏറെ വികസന പ്രവർത്തനം നടത്തിയ ഒരു സർക്കാരാണിത്. ഗവർണ്ണറുടെ
11.30 A.M.] പ്രസംഗത്തിലൂടെ ഇതുവരെ ചെയ്തതും നാളെ ചെയ്യാൻ പോകുന്നതുമായ കാര്യങ്ങളുടെ സംഗ്രഹമാണ് നമ്മുടെ മുമ്പിൽ അദ്ദേഹം അവതരിപ്പിച്ചത്. കാർഷിക രംഗം ആയിരുന്നു ഏറ്റവുമധികം മുരടിച്ചു നിന്നിരുന്നത്. കാർഷിക വളർച്ചാനിരക്ക് 4.3 ശതമാനത്തിൽ നിന്നും 6.1 ശതമാനമായി വളർന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതാണല്ലോ തിരുവല്ലയിൽ ഞങ്ങൾ ജയിച്ചതും.

(ബഹളം . . . . ബഹളം . . . .)

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്, പ്ലീസ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: എറണാകുളത്ത് ഞങ്ങൾ തോറ്റു, ഒരു സംശയവുംവേണ്ട, എറണാകുളം ഞങ്ങൾ തിരിച്ചു പിടിക്കും. അടുത്ത ഇലക്ഷനിൽ ഞങ്ങൾ തിരിച്ചു പിടിച്ചിരിക്കും. പക്ഷെ അപ്പോഴും പള്ളുരുത്തിയും എറണാകുളവും, ഇത്രയേറെ അടിയൊഴുക്കുണ്ടായിട്ടും നിങ്ങൾക്ക് തൊടാനായില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. കാർഷിക മേഖലയിലെ വളർച്ച വളരെ പ്രശംസനീയമാണ്. നാളികേരത്തിന് വില വർദ്ധിച്ചില്ലേ, റബ്ബറിന് വില കൂടിയില്ലേ, നെല്ലിന് കൂടിയില്ലേ അതിന്റെയൊക്കെ പ്രതിഫലനം തന്നെയാണ് തിരുവല്ലയിൽ കണ്ടത്. കാർഷിക മേഖലയല്ലേ അത്. ഞാൻ ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു നേട്ടമായി കാണുന്നത് മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമാണ്. ഏത് സർക്കാർ വന്നാലും ഭരണയന്ത്രം എന്നുപറയുന്നത് നമ്മുടെ ഉദ്യോഗസ്ഥൻമാരാണ്. അവരുടെ ചിന്താഗതിയിൽ മാറ്റം വരുത്താനും കാലാനുസൃതമായി അവരുടെ പ്രവർത്തനം പരിശോധിക്കാനും അവരെക്കൊണ്ട് പണിയെടുപ്പിക്കാനും കഴിയുന്ന തരത്തിലുള്ള ഒരു ഗവൺമെന്റ് പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട് എന്നത് വളരെ സ്വാഗതാർഹമാണ്. എന്നുമാത്രമല്ല, സർവ്വീസ് ഡെലിവറി പ്രോജക്ട്സ് (എസ്.ഡി.പി.), സേവനപ്രദാന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട മേഖലയിൽ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് കൊടുക്കുവാനും അതുപോലെ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുവാനുമുള്ള ഒരു സമഗ്രമായ പദ്ധതി ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നു. അത് വിജയിച്ചാൽ തീർച്ചയായിട്ടും വൻനേട്ടമായിരിക്കും ഗവൺമെന്റ് ഉണ്ടാക്കുന്ന നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തുമെന്നാണ് എന്റെ വിശ്വാസം. കേരളത്തിന്റെ ഭാവി വികസനം എന്നുപറയുമ്പോൾ, വൻകിട വ്യവസായികൾക്ക് വലിയ സ്ഥാനമില്ല, വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് വർദ്ധിച്ചു, വൈദ്യുതി നിരക്ക് കൂട്ടി, തൊഴിലാളികളുടെ കൂലി മറ്റു സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ ഇവിടെ വളരെ കൂടുതലാണ്. അതുകൊണ്ടാണ് ഗവൺമെന്റ് ഐ.ടി. രംഗത്തും, ടൂറിസം രംഗത്തും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ആ മേഖലയുടെ വളർച്ചയും അതോടൊപ്പം തൊഴിലും ഉണ്ടാക്കാനുള്ള ശ്രദ്ധേയമായ തീരുമാനവുമായി മുന്നോട്ടുപോകുന്നത്. ടൂറിസം രംഗത്തെപ്പറ്റി പറയുമ്പോൾ സർവ്വകാല റിക്കോർഡാണ്. ഈ വർഷം വിദേശത്തു നിന്നും സ്വദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകളുടെ എണ്ണം സർവ്വകാല റിക്കോർഡായി വർദ്ധിച്ചിരിക്കുകയാണ്. കൊച്ചി മേഖല, അടുത്ത മാർച്ച് മാസംവരെ ഫൈവ് സ്റ്റാർ അടക്കം ചെറിയ ഹോട്ടൽവരെ ഒരു ഹോട്ടലിലും മുറി കിട്ടാത്ത സാഹചര്യം, അത്രയേറെ ടൂറിസ്റ്റുകൾ കേരളത്തിലേക്ക് വരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി ഗ്രാമത്തെ കേരളത്തിലെ ഫസ്റ്റ് ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. കേന്ദ്രത്തിലെ പ്ലാനിംഗ് കമ്മീഷന്റെ മെമ്പർ തന്നെ അവിടെ വന്ന് അക്കാര്യം പ്രഖ്യാപിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അവിടെ ആരംഭിച്ചിരിക്കുന്നു, അങ്ങനെ ടൂറിസം എന്നുപറയുന്നത് ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യാൻകഴിയുന്ന, സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ കഴിയുന്ന ഒരു പ്രധാന മേഖലയായി മാറിയിരിക്കുകയാണ്. അതുപോലെ ക്രമസമാധാന രംഗം ഇന്ന് പൊതുവേ ശാന്തമല്ലേ? മുഖ്യമന്ത്രിയുടെ പോലീസ് നയത്തോട് യോജിക്കുന്നവരാണ് ഞങ്ങളൊക്കെ. പക്ഷെ അപ്പോഴും ഈ പോലീസ് നയം എന്നുപറഞ്ഞാൽ അത് തങ്ങൾക്ക് സർവ്വ സ്വതന്ത്രമായി ചെയ്യാനുള്ള ഒന്നാണെന്ന് ചില ഉദ്യോഗസ്ഥൻമാർ എങ്കിലും വിചാരിച്ചിട്ടുണ്ടെങ്കിൽ അവരെ നിലയ്ക്ക് നിർത്തേണ്ടതല്ലേ? അങ്ങനെയുള്ളവരെ നിലയ്ക്ക് നിർത്തണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പോലീസിൽ രാഷ്ട്രീയ ഇടപെടൽ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അത് ശരിയുമല്ല. പക്ഷെ രാഷ്ട്രീയക്കാരെ പുച്ഛത്തോടെ കാണുന്ന ഉദ്യോഗസ്ഥരോട് അവർ എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കാൻ ഈ പോലീസുകാർക്കു കൂടി ഒരു മോഡേണൈസേഷൻ പ്രോഗ്രാം തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മനുഷ്യാവകാശത്തെക്കുറിച്ച് വാചാലമായി ഗിരിപ്രഭാഷണം നടക്കുന്ന കാലഘട്ടമാണ്. കഴിഞ്ഞ നാലുവർഷമായി പി.ഡി.പി. നേതാവ് ശ്രീ. അബ്ദുൾ നാസർ മ്അദനി വിചാരണയില്ലാതെ കോയമ്പത്തൂർ ജയിലിൽ കിടക്കുന്നു. അദ്ദേഹത്തെ പിടിച്ചു കൊടുത്തത് ശ്രീ. നായനാരുടെ ഗവൺമെന്റാണ്. ഇന്ന് കാശ്മീർ ഭീകരരെ വരെ തുറന്നുവിടുന്ന കാലഘട്ടമാണ്. ആ വിവാദങ്ങളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല, ഒരു മാനുഷിക പരിഗണന അദ്ദേഹത്തിന് കൊടുക്കണ്ടേ? കേരള സർക്കാരിന് എന്തു ചെയ്യാൻ കഴിയുമെന്ന് എനിക്കറിയില്ല. എന്നാലും ഞാൻ ആവശ്യപ്പെടുന്നു, മനുഷ്യത്വത്തോടുകൂടിയുള്ള സമീപനം മ്അദനിയോട് കാണിക്കുന്നതിനു വേണ്ടി ഈ സംസ്ഥാന നിയമസഭ ആവശ്യപ്പെടണം ഇന്ന് കൊച്ചി നഗരത്തിൽ ഗുണ്ടാസംഘങ്ങൾ വർദ്ധിക്കുന്നു. ഒരു കാര്യം മുഖ്യമന്ത്രി ശ്രദ്ധിക്കണം. കൊച്ചി നഗരത്തിലെ ഗുണ്ടാ വിളയാട്ടത്തിലെ പ്രധാനപ്പെട്ട പ്രശ്നം അവിടത്തെ ഫൈനാൻസിംഗ് കമ്പനികളാണ്. വണ്ടികൾക്ക്, ലോറികൾക്ക്, ബസുകൾക്ക് ഒക്കെ ഈ കമ്പനികൾ പണം നൽകും. കുടിശ്ശിക വരുത്തിയാൽ ആ വണ്ടികൾ പിടിക്കാൻ വരുന്നത് ഗുണ്ടകളാണ്. ഹൈക്കോടതിയുടെ ഒരു വിധിയുണ്ടു പോലും, ഹയർ പർച്ചേസ് ലോണിൽ കുടിശ്ശികയുള്ളവരുടെ വണ്ടി പിടിക്കാവുന്നതാണ് എന്ന്. അതാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. സിറ്റി പോലീസ് കമ്മീഷണറുടെ തലതിരിഞ്ഞ നയംകൊണ്ടാണ് കൊച്ചി നഗരത്തിലെ പ്രശ്നങ്ങൾ പലതും നടക്കുന്നത്. അത് നിയന്ത്രിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തീരദേശവാസികൾക്കുവേണ്ടി ഏറെ കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണ് ഇത്. മൽസ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്ക് അറ്റകുറ്റപ്പണികൾക്കുവേണ്ടി ഇരുപതിനായിരം രൂപ വീതം കൊടുക്കുന്ന ഒരു ബൃഹത്തായ പദ്ധതി ഉണ്ട്. പതിമൂന്നു കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് പ്രതിവർഷം അവർക്കുവേണ്ടി കൊടുത്തുകൊണ്ടിരിക്കുന്നത്. നാലായിരം രൂപവീതം ഈ വിഭാഗങ്ങൾക്കായി കക്കൂസുകൾ നിർമ്മിക്കുന്നതിന് നൽകുന്ന പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് കൂടുതൽ പണം കേന്ദ്രത്തിൽ നിന്നും വാങ്ങിയെടുക്കാനുമുള്ള ശ്രമം നടക്കുകയാണ്. വലിയ ഒരു ആശങ്ക ഈ തീരപ്രദേശത്ത് വന്നുനിൽക്കുകയാണ്. അത് മറ്റൊന്നുമല്ല, കേന്ദ്ര ഗവൺമെന്റ് വിദേശ മൽസ്യബന്ധന കപ്പലുകൾക്ക് മൽസ്യബന്ധനത്തിന് അനുമതികൊടുക്കുന്നു എന്ന് പത്രവാർത്ത വന്നിരിക്കുന്നു. തീരപ്രദേശത്തെ സാധാരണക്കാരായ മൽസ്യത്തൊഴിലാളികൾ വളരെ വിഷമത്തിലാണ്. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത് മുമ്പ് ആരംഭിച്ചതും പിന്നീടു നിർത്തിവച്ചതുമായ വിദേശ കപ്പലുകൾക്കുള്ള അനുമതി റദ്ദാക്കണം എന്ന് ഈ സഭ ഒറ്റക്കെട്ടായി ആവശ്യപ്പെടണം. ഇന്ന് നമ്മുടെ കടലിൽ മീനില്ല. കായലുകളിൽ മലിനീകരണംമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നു ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തൊഴിൽ രംഗത്ത് വലിയ മാറ്റം വരുത്തിയ ഗവൺമെന്റാണിത്. തോട്ടം തൊഴിലാളികളുടെ അധിക ഡി.എ. കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. പൂട്ടിക്കിടന്നിരുന്ന തോട്ടം ഫാക്ടറികളിൽ അഞ്ചെണ്ണം തുറപ്പിക്കാൻ കഴിഞ്ഞു. തൊഴിൽ സമാധാനം ഉറപ്പാക്കാൻ കഴിയാവുന്നതൊക്കെ ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. ഇവിടെ ശ്രീ. സുപാൽ വിദ്യാഭ്യാസ രംഗത്തെ അഴിമതിയെക്കുറിച്ച് പറഞ്ഞു, എന്റെ കൈയിൽ ഇരിക്കുന്ന ഈ കടലാസ് മുഴുവൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലസ് ടു അനുവദിച്ചതിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്ന അഴിമതിയെക്കുറിച്ചുള്ള നിങ്ങളുടെ പ്രസ്താവനകളാണ്. പ്ലസ് ടു അന്വേഷണവും ഇല്ല, ചർച്ചയും ഇല്ല പറഞ്ഞിരിക്കുന്നത് മുഖ്യമന്ത്രി നായനാർ, കേരളകൗമുദി, 6-7-2000. പ്ലസ് ടു കോഴക്കണക്കുമായി സ്കൂൾ മാനേജർ—മാധ്യമം, 25-6-2000. അതുപോലെ വിദ്യാഭ്യാസ നയം—കേരളം അപകടകരമായ അവസ്ഥയിലേക്ക് ദീപിക, 7-1-2000. അങ്ങനെ തുടങ്ങി Decisions political not academic, The Hindu, 4-7-2000. അങ്ങനെ വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും സി.പി.എം. വിശദീകരണം തേടി, 12-2000-ലെ പത്രവാർത്തയാണ്. ഞാൻ ഉൾപ്പെടെയുള്ള നിരവധി പേർ അപ്പുറത്തിരിക്കുമ്പോൾ പ്ലസ് ടു അനുവദിച്ചതിലെ അഴിമതി അവസാനിപ്പിക്കാൻ എത്രയോ ദിവസം ഞങ്ങൾ തൊണ്ട പൊട്ടുമാറ് മുദ്രാവാക്യം വിളിച്ചു. ഒരു അന്വേഷണമെങ്കിലും നടത്തിയോ? നിങ്ങൾ അന്വേഷിച്ചില്ലല്ലോ, അങ്ങനെയുള്ള നിങ്ങൾക്ക് ഇപ്പോഴത്തെ ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കണമെന്നു പറയാൻ എന്താണ് അവകാശം, അഴിമതിയുണ്ടെങ്കിൽ അത് തുടച്ചുമാറ്റപ്പെടും, സംശയമില്ല. അതെക്കുറിച്ച് ഇവിടെ അന്വേഷിക്കാൻ തയ്യാറായല്ലോ, ഇവിടെ ഏതെങ്കിലും മന്ത്രി കൈക്കൂലി വാങ്ങിയെന്നുപറഞ്ഞ് പരാതി കൊടുത്തോ? ബഹുമാനപ്പെട്ട മെത്രാപ്പൊലീത്ത വരെ പറഞ്ഞത് ഏതോ ലീഗു നേതാക്കൻമാർ ചെന്നു എന്നാണ്, അതാണ് ഇപ്പോൾ ലോകായുക്ത അന്വേഷിക്കുന്നത്. പക്ഷെ പ്ലസ് ടുവിന്റെ കാര്യത്തിൽ അങ്ങനെയല്ലല്ലോ, ഹൈക്കോടതി തന്നെ പറഞ്ഞല്ലോ, ഹൈക്കോടതിയുടെ വിധി കണ്ടോ? പ്ലസ് ടു മാർഗ്ഗരേഖ ലംഘിച്ചു എന്ന് ഹൈക്കോടതി, മാതൃഭൂമി പത്രത്തിൽ 28-6-2000-ൽ വന്ന വാർത്തയാണ്. എന്നിട്ട് നിങ്ങൾ അന്വേഷിച്ചോ? ഇതൊക്കെ ചെയ്ത ആൾക്കാർ ഇപ്പോൾ ഇവിടെ വന്ന് എന്തിനാണ് പാവപ്പെട്ട സൂപ്പിയുടെ പുറത്തു കയറുന്നത്. യു. ഡി. എഫിന്റെ നയമല്ലേ സർ, ഇത് യു.ഡി.എഫ്. ഒരുമിച്ച് എടുത്ത തീരുമാനമാണ്. വിദ്യാഭ്യാസ മേഖലയിൽ പുതിയ മാറ്റം ഉണ്ടാകണം. അടച്ചിട്ട വിദ്യാഭ്യാസത്തിന്റെ വാതായനങ്ങൾ തുറന്ന് പുതിയ കാറ്റും വെളിച്ചവും വരണം. നമ്മുടെ കുട്ടികൾ സംസ്ഥാനത്തിന്റെ പുറത്തുപോയി പഠിക്കുന്നത് അവസാനിപ്പിക്കണം. കോടാനുകോടി രൂപ അങ്ങോട്ട് ഒഴുകുന്നു. അത് അവസാനിപ്പിച്ചുകൊണ്ട് കേരളത്തിൽ സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് മുതൽമുടക്കില്ലാതെ, എന്നാൽ ഗവൺമെന്റ് നിയന്ത്രണത്തോടുകൂടി പുതിയ സ്ഥാപനങ്ങൾ തുടങ്ങണമെന്നത് യു.ഡി.എഫ്. എടുത്ത തീരുമാനമാണ്. ആ തീരുമാനമാണ് ബഹുമാനപ്പെട്ട സൂപ്പി ഇവിടെ നടപ്പിലാക്കിയത്. അതിന്റെ പേരിൽ അദ്ദേഹത്തെ ക്രൂശിക്കുന്നത് ശരിയല്ല എന്നേ എനിക്ക് പറയാനുള്ളൂ. ഇവിടെ പ്ലസ് ടു കൊടുത്ത അവസരത്തിൽ ഏറ്റവും അധികം വേദന അനുഭവിച്ച സമൂഹമാണ് മുസ്ലീം സമൂഹം. പ്ലസ് ടു കൊടുത്ത ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. അപ്പോൾ സ്വാഭാവികമായും ആ സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി കുറെ സ്ഥാപനങ്ങൾ കൊടുക്കേണ്ടി വരും. ഈ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഓർക്കുന്നുണ്ടോ. വെറുതെ പുകമറ സൃഷ്ടിച്ച് ഗവൺമെന്റ് ചെയ്യുന്ന ഈ വികസന പ്രവർത്തനങ്ങൾ ഇല്ല എന്ന് വരുത്താനുള്ള നിങ്ങളുടെ ശ്രമം ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. കൊച്ചിയിൽ നടന്ന ആഗോള മീറ്റിനെ നിങ്ങളെല്ലാം കളിയാക്കിയില്ലേ, ഇവിടെ ജിം-നെക്കുറിച്ച് ഞങ്ങൾ കണക്കുകൾ ഉദ്ധരിച്ചല്ലോ? ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന ആ നിർദ്ദേശങ്ങളിൽ പൊതുമേഖലയിൽ 2600 കോടി രൂപയുടേയും സ്വകാര്യമേഖലയിൽ 1500 കോടി രൂപയുടേയും പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കൊച്ചിയിൽ ഇൻഫ്രാസ്ട്രക്ച്ചർ ടെക്നോളജി എന്ന സ്ഥാപനം ആരംഭിച്ചിരിക്കുന്നു. നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകില്ല. നിങ്ങളുടെ എ. കെ. ജി. സെന്ററിൽ കംപ്യൂട്ടർ ഉണ്ടല്ലോ, ഇന്റർനെറ്റ് ഒന്ന് എടുത്തുനോക്കൂ, എവിടെയൊക്കെ ഉണ്ടെന്ന് അറിയണമെങ്കിൽ ഡബ്ള്യൂ, ഡബ്ള്യൂ എന്ന് അടിച്ചാൽ കിട്ടും, അന്ന് കംപ്യൂട്ടറിനെ എതിർത്തവർ ഇന്ന് കംപ്യൂട്ടർ വച്ചുകൊണ്ടിരിക്കുകയല്ലേ, ആ ഇന്റർനെറ്റ് അടിച്ചുനോക്കിയാൽ നിങ്ങൾക്ക് അറിയാൻകഴിയും കേരളത്തിൽ എവിടെയൊക്കെ പുതിയ വ്യവസായം വന്നിരിക്കുന്നു, എവിടെയൊക്കെ പുതിയ കാൾ സെന്റേഴ്സ് വന്നിരിക്കുന്നു, ആരൊക്കെ കേരളത്തിൽ മുതൽമുടക്കാൻ വന്നിരിക്കുന്നു എന്നൊക്കെ അറിയാൻ കഴിയും.

ശ്രീ. എ. കെ. ബാലൻ: ജിം-ന്റെ ഭാഗമായി കുറേ വ്യവസായ സ്ഥാപനങ്ങൾ വന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ഗവർണ്ണറുടെ പ്രസംഗത്തിൽ പോലും അങ്ങനെ ഒരു അവകാശവാദം ഇല്ല. ആകെ വന്നിട്ടുള്ളത് ഒരു ആലുക്കാസിന്റെ ജ്വല്ലറിയും പാലക്കാട് ഒരു ബാർബർ ഷാപ്പും ആണ്. വേറെയൊന്നും വന്നിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഈ രണ്ടു സ്ഥലത്തും ശ്രീ. ബാലന് പോകാൻ പറ്റില്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പൊതുമേഖലയിൽ 2600 കോടി രൂപയുടേയും സ്വകാര്യരംഗത്ത് 1500 കോടി രൂപയുടേയും അല്ലാതെ 8300 കോടി രൂപയുടെ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള സാഹചര്യവും അങ്ങനെ മൊത്തം ഏതാണ്ട് പന്തീരായിരം കോടി രൂപയുടെ നിക്ഷേപം കേരള സംസ്ഥാനത്ത് ഉണ്ടാകുന്നു എന്നുള്ള യാഥാർത്ഥ്യം മറച്ചുകൊണ്ടാണ് ശ്രീ. ബാലൻ ഇവിടെ ഇത്തരത്തിൽ പറയുന്നത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ അഞ്ചും ആറും പേജിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. പബ്ലിക് ഡോക്യുമെന്റാണ്.

ശ്രീ. കെ. ബാബു: കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് പ്രധാനമായും സംസ്ഥാനത്തുണ്ടായ നിക്ഷേപം കൈരളി ചാനലിനും മാർക്സിസ്റ്റ് പാർട്ടിയുടെ വിവിധ ഓഫീസ് നിർമ്മാണത്തിനും മാത്രമായിരുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. എത്രയോ പ്രാവശ്യം അങ്ങുതന്നെ ഇവിടെ പറഞ്ഞിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ചില നേട്ടങ്ങളല്ലേ? അതുകൊണ്ടാണല്ലോ ഇപ്പോൾ വേൾഡ് സോഷ്യൽ ഫോറത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയല്ലേ? ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി വന്നുവന്ന് എവിടെയാണ് പോയിനിൽക്കുന്നത്. വേൾഡ് സോഷ്യൽ ഫോറത്തിലേക്കല്ലേ, ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. നിങ്ങളുടെ കഴിഞ്ഞ കാലത്തെ കഥകൾ ഓരോന്നും പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, റോഡ് വികസന രംഗത്ത് വളരെ ക്രിയാത്മകമായ മാറ്റം വന്നിരിക്കുകയല്ലേ എന്തെങ്കിലും വികസനം വരുമ്പോൾ അഴിമതിയുടെ പുകമറ സൃഷ്ടിച്ച് അതിനെ ഇല്ലാതാക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ റോഡുകളുടെ സമഗ്ര വികസനത്തിനുവേണ്ടി പി.ഡബ്ല്യു.ഡി. വകുപ്പ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുക യാണ്. മിക്കവാറും ഹൈവേ റോഡുകളൊക്കെത്തന്നെ മനോഹരമാണ്. BM & AC പോലുള്ള പുതിയ സംവിധാനങ്ങളോടുകൂടി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഇല്ല എന്ന് പറയാൻ പറ്റുമോ? പുകമറ സൃഷ്ടിക്കുക, രക്ഷപ്പെടുക, അതിനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾക്ക് ചെയ്യാൻ കഴിയാതിരുന്ന കാര്യങ്ങളിലേക്ക് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അഭിമാനത്തോടെ ഈ ഗവർണ്ണറുടെ പ്രസംഗത്തെ നമുക്ക് കാണാൻ കഴിയും. പരമ്പരാഗത മേഖലയിൽ മാറ്റം ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. പരമ്പരാഗത മേഖലയിൽ പഴയ രീതി ഉപയോഗിച്ചുകൊണ്ടുള്ള കയർ ഉണ്ടാക്കൽ, പലപ്പോഴും ഇന്ന് അതിന് കഴിയുന്നില്ല. അതുകൊണ്ട് ആ മേഖലയിലും മോഡണൈസേഷൻ വേണം. ഇന്ന് പ്ലാസ്റ്റിക് നിരോധനംമൂലം വിദേശങ്ങളിൽ കയർ ഉൽപ്പന്നങ്ങൾക്ക് പ്രിയം ഏറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് കയർ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിച്ചിട്ടുള്ളത്. അതുപോലെ തന്നെ കൈത്തറി മേഖല, കശുവണ്ടി മേഖല, ഇതിലൊക്കെ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് അടിസ്ഥാന വർഗ്ഗങ്ങളെ സഹായിക്കാൻ കഴിയുന്ന സംവിധാനങ്ങളുമായി നമ്മുടെ ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുകയാണ്. അതുപോലെതന്നെ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനായി "സ്നേഹതീരം" എന്ന വിവിധോദ്ദേശ്യ കേന്ദ്രത്തിന് രൂപകൽപ്പന ചെയ്തിരിക്കുകയാണ്. എല്ലാത്തരത്തിലുള്ള ആൾക്കാരേയും സീനിയർ സിറ്റിസൺസ് ഉൾപ്പെടെയുള്ളവർക്കുവേണ്ടി ചില പദ്ധതികൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെയുള്ള ഒരു ഗവൺമെന്റിനെ വെറുതെ എന്തെങ്കിലും പറഞ്ഞ് ചെറുതാക്കാമെന്നുള്ള നിങ്ങളുടെ ധാരണ ശരിയല്ല എന്നു മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ് ഒരു കാര്യം കൂടി പറയട്ടെ, പോലീസിൽ നവീകരണം വളരെ ആവശ്യമാണ്.

പോലീസിന് കൊടുക്കുന്ന ട്രെയിനിംഗിൽ ഒരു മാറ്റം ഉണ്ടാകണം. പോലീസുകാർ ബ്രിട്ടീഷ് പോലീസ് ആകണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ മാന്യമായി പെരുമാറാനും ശാസ്ത്രീയമായി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും ലോകത്തെമ്പാടുമുള്ള പരിഷ്കാരങ്ങളും സമീപനങ്ങളും നമ്മുടെ കേരള പോലീസിന് ഉണ്ടാക്കിയെടുക്കാൻ കഴിയണം. ഏതായാലും പോലീസിലെ അഴിമതിക്കാരെ കണ്ടുപിടിക്കുമെന്ന് ഡി.ജി.പി. പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥം അഴിമതിക്കാരായ കുറേപേർ ഉണ്ടാകുമെന്നാണല്ലോ, അങ്ങനെയുള്ളവർ ആരൊക്കെയാണെന്ന് കണ്ടറിഞ്ഞ് അവരെ കഴിഞ്ഞ കാലത്ത് ആരൊക്കെയാണ് സംരക്ഷിച്ചിരുന്നത് എന്നുകൂടി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അപ്പോൾ അപ്പുറത്തിരിക്കുന്ന പലരുടേയും സംരക്ഷകരും അതിനകത്ത് ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. വരാൻപോകുന്ന ഭാവികേരളം എങ്ങനെയാകണം എന്ന ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് ഗവർണ്ണറുടെ പ്രസംഗത്തിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. അങ്ങനെയുള്ള ഒരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ആ ഗവൺമെന്റിനെ കല്ലെറിയുന്ന നിങ്ങൾക്കെതിരെ ജനങ്ങൾ തിരിയും എന്നുപറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിന്റെ വർത്തമാനകാലവും കേരളത്തിന്റെ ഭാവിയും കഴിഞ്ഞകാല ദുരന്തവും അയവിറക്കിക്കൊണ്ട് തിരുത്തേണ്ടവ തിരുത്താനും ഒരു പുതുയുഗത്തിലേക്ക് കേരളത്തെ നയിക്കാനുമുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ ദൃഢനിശ്ചയത്തെ ഞങ്ങൾ എല്ലാപേരും സ്വാഗതംചെയ്യുകയാണ്. കേരളത്തിൽ നിന്ന് കോടികളാണ് വിദ്യാഭ്യാസാവശ്യത്തിനുവേണ്ടി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്നത്. അത് കേരളത്തിൽ പിടിച്ചുനിർത്താൻ കഴിഞ്ഞു. നമ്മുടെ സമ്പദ് വ്യവസ്ഥിതി സോഷ്യലിസമല്ല, മുതലാളിത്തമല്ല, മിക്സഡ് എക്കോണമിയാണ്. മിക്സഡ് എക്കോണമിയിൽ സ്വാഭാവികമായി സ്വകാര്യ മൂലധനം ആവശ്യമായിവരും. നമ്മുടെ പൊതുമേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ ആകട്ടെ, പ്രൊഫഷണൽ കോളേജുകളാകട്ടെ, മെച്ചപ്പെട്ട ഭൗതിക സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. ആ സാഹചര്യത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി കേരളത്തിൽ 64 ബി. എഡ്. കോളേജുകൾ, അതിനർത്ഥം കേരളത്തിൽ 32 ഗവൺമെന്റ് കോളേജുകൾ ആരംഭിച്ചു എന്നാണ് അതോടൊപ്പം തന്നെ നാല്പത്തിയഞ്ചോളം പുതിയ എൻജിനീയറിംഗ് കോളേജുകൾ കേരളത്തിൽ വന്നു, ആറു മെഡിക്കൽ കോളേജുകൾ വന്നു, ആറ് ഡന്റൽ കോളേജുകൾ വന്നു, ഇരുപത്തിയൊൻപത് നഴ്സിംഗ് കോളേജുകൾ വന്നു, ഒൻപത് ഫാർമസി കോളേജുകൾ വന്നു, അഞ്ച് ആയുർവേദ കോളേജുകൾ വന്നു, ഒരു സിദ്ധ കോളേജും വന്നു. ഇത് കേരളത്തിൽ നടത്തിയ ഒരു വലിയ മുന്നേറ്റമാണ്. അതുപോലെ നമ്മുടെ യൂണിവേഴ്സിറ്റിക്ക് വലിയ ഒരു

LIBRARY ARCHIVES Kerala Legislative Assembly

മോചനം കൊടുക്കാൻ ബിൽ വരുന്നു, 'നാക്ക്' പോലുള്ള പുതിയ സംവിധാനങ്ങൾ നമ്മുടെ മേഖലയിൽ ഉണ്ടാകും. അങ്ങനെയുള്ള കാര്യങ്ങൾ നടക്കുമ്പോൾ ഇതിനൊക്കെ അഴിമതിയുടെ പുകമറയിൽ ഒതുക്കിനിർത്തിക്കൊണ്ട് വിദ്യാഭ്യാസ മുന്നേറ്റത്തെ തടുക്കാനാണ് ചില ആളുകൾ ശ്രമിക്കുന്നത്. ഏതായാലും കേരളത്തിന്റെ മണ്ണിൽ അത് വിലപ്പോകാൻ പോകുന്നില്ല. കശുവണ്ടി ഫാക്ടറിയിലും ക്ലേ ഫാക്ടറിയിലുമൊക്കെ ബി.എഡ്. കോളേജുകൾ തുടങ്ങിയെന്നാണ് പ്രതിപക്ഷം പറയുന്നത്. സ്വാഭാവികമായി കശുവണ്ടി ഫാക്ടറി ഒരു സ്ഥലത്ത് ആരംഭിച്ചാൽ ലോകാവസാനം വരെ അവിടെ കശുവണ്ടി ഫാക്ടറി നിലനിർത്തണമെന്നത് നമ്മുടെ ഭരണഘടനാ നിയമം അല്ലല്ലോ? കശുവണ്ടി ഫാക്ടറി പൂട്ടിയപ്പോൾ സ്വാഭാവികമായും വ്യക്തമായ മാനദണ്ഡങ്ങൾവച്ച് അവിടെ ബി.എഡ്. കോളേജിനും മറ്റ് കോളേജുകൾക്കും ഒക്കെ അനുമതി കൊടുക്കും, അതിൽ യാതൊരു തെറ്റും ഇല്ല. കോടിക്കണക്കിന് രൂപയുടെ കടബാദ്ധ്യതയുള്ള ഈ കേരളത്തെ സ്വാഭാവികമായും കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ ഈ ഗവൺമെന്റ് നടത്തിയ ഭഗീരഥ ശ്രമത്തെ എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല? അതോടൊപ്പം തന്നെ ഇവിടെ കോടിക്കണക്കിന് രൂപ പ്ലസ് ടു അദ്ധ്യാപകർക്ക് കുടിശ്ശികയിനത്തിൽ കൊടുക്കേണ്ടി വന്ന ഗവൺമെന്റാണ് ഇത്. മുഴുവൻ കുടിശ്ശികയും കൊടുത്തുതീർത്ത ഈ ഗവൺമെന്റിന്റെ നേട്ടം എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല? ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ആയിരക്കണക്കിന് ബി.പി.എൽ. കണക്ഷൻ കൊടുക്കുകയും നാലു ലക്ഷത്തോളം പുതിയ കണക്ഷനുകൾ കൊടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തത് ഈ രാജ്യത്തിലെ ദരിദ്ര നാരായണൻമാർക്ക് വെളിച്ചം കൊടുത്ത ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല? 23 രൂപ ഉണ്ടായിരുന്ന റബ്ബറിന്റെ വില 57 രൂപ ആയി വർദ്ധിച്ചു. കഴിഞ്ഞ ക്രിസ്തുമസിനും വരാനിരിക്കുന്ന ബക്രീദിനും ഒക്കെ നമ്മുടെ മലയോര മേഖല ആനന്ദനൃത്തമാടുകയാണ്. അതുപോലെ നിങ്ങൾ ഭരിച്ച കാലത്ത് പുല്ലിന്റെ വിലയുണ്ടായിരുന്ന തേങ്ങ ആർക്കാണ് ആവശ്യമുണ്ടായിരുന്നത്? തേങ്ങയ്ക്ക് ഇന്ന് ന്യായമായ വിലയുണ്ട്. കൊട്ടടയ്ക്കയ്ക്ക് ഇന്ന് 45 രൂപ വിലയുണ്ട്. കുരുമുളകിനും മാന്യമായ വിലയുണ്ട്. എല്ലാ രംഗത്തും ഇന്ന് മാറ്റമുണ്ട്. ഇഞ്ചിക്ക് റെക്കോർഡ് വിലയുണ്ട്. മലയോര കാർഷിക മേഖലയിലുണ്ടായിരിക്കുന്ന നവോത്ഥാനം എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല? കർഷകർ ആത്മഹത്യ ചെയ്യുന്നത് കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ നേട്ടങ്ങൾ ഉണ്ടായി. കേരളത്തിന്റെ സാമ്പത്തികരംഗം ശക്തിപ്പെട്ടുവരുമ്പോൾ, ഇതൊക്കെ കാണാതെ പുകമറ സൃഷ്ടിച്ചുകൊണ്ട് അഴിമതി ആരോപണങ്ങളുമായി ചില സുഹൃത്തുക്കൾ രംഗത്തുവരികയാണ്. പ്രൈമറി അദ്ധ്യാപകരുടെ നിയമനത്തിന് സ്വകാര്യ സ്കൂളുകളിൽ വാങ്ങുന്നത് 6 ലക്ഷം രൂപയാണ്. ഏതോ ഒരാൾ പണം വാങ്ങി എന്ന

LIBRARY ARCHIVES Kerala Legislative Assembly

ആരോപണവുമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കെതിരെ, അതുപോലെ ഈ ഗവൺമെന്റിനെതിരെ ആരോപണം ഉന്നയിച്ചുകൊണ്ട്, ഈ നാട്ടിൽ ആരുംതന്നെ രക്ഷപ്പെടാൻ ശ്രമിക്കേണ്ട. ഇവിടെ അഴിമതിക്ക് എതിരായി വാതോരാതെ പ്രസംഗിക്കുന്ന മാന്യ സുഹൃത്തുക്കൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലസ് ടു അനുവദിക്കുന്നതിന് ഇരുപത്തിയഞ്ചു ലക്ഷം രൂപ വാങ്ങിയതിനെക്കുറിച്ച് അന്നത്തെ പത്രത്തിൽ വന്ന റിപ്പോർട്ടുകൾ നിസാരവൽക്കരിച്ചവരാണ്. എഴുപത്തിയഞ്ചുലക്ഷം രൂപയാണ് ആ ഇനത്തിൽ പാർട്ടിക്കാർ കോഴ വാങ്ങിയത്. ഈ നാട്ടിൽ പ്രസിദ്ധീകരിച്ച, 6-6-2000-ലെ കേരള കൗമുദി ദിനപത്രത്തിൽ പ്ലസ് ടു ലിസ്റ്റ് ഹൈക്കോടതി റദ്ദ് ചെയ്തു എന്ന റിപ്പോർട്ടുവന്നു, ആ ഇനത്തിൽ ഈ രാജ്യത്ത് എസ്റ്റേറ്റുകൾ വാങ്ങിയവരുണ്ട്; കോടിക്കണക്കിന് രൂപ സമ്പാദിച്ചവരുണ്ട്. പക്ഷേ, ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിന് ആരോ രണ്ടര ലക്ഷം രൂപ ചോദിച്ചു എന്നതിന്റെ പേരിൽ, കേരളത്തിൽ നടത്തിയ ഈ വിദ്യാഭ്യാസ വ്യാപനത്തെ മൊശമായി ചിത്രീകരിച്ചുകൊണ്ടുള്ള നിങ്ങളുടെ ശ്രമം തീർത്തും അപലപനീയമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, പിന്നോക്ക ന്യൂനപക്ഷക്കാർ ഇന്ന് കാതോർത്തിരിക്കുകയാണ്. അവർ ഉറ്റുനോക്കുന്നത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെയാണ്. ഇന്നത് തെരുവുകളിലൊക്കെ ചർച്ചാവിഷയമാണ്. അവരുടെ ചർച്ചാ വിഷയമായിരിക്കുന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം.

അതുപോലെതന്നെ മനുഷ്യാവകാശം നഗ്നമായി ലംഘിക്കപ്പെടുന്ന അവസ്ഥ നമ്മുടെ രാജ്യത്ത് വന്നിരിക്കുന്നു. ആരായാലും മനുഷ്യാവകാശത്തിന്റെ പേരിൽ അവകാശം ലംഘിച്ച് അന്യ സംസ്ഥാനങ്ങളിലെ തടവറകളിൽ കഴിയാൻ പാടില്ല. അക്കാര്യത്തിൽ ഈ ഗവൺമെന്റ് ശക്തമായിത്തന്നെ മുന്നോട്ടുപോകണം.

അതോടൊപ്പംതന്നെ കോഴ വിവാദം ഉന്നയിച്ചുകൊണ്ട്, കേരളത്തിൽ ഉണ്ടായിരിക്കുന്ന വിദ്യാഭ്യാസ വ്യാപനത്തെ ഇല്ലാതാക്കാൻ ആരും ശ്രമിക്കേണ്ട. മാറാട് പ്രശ്നം രമ്യമായി പരിഹരിച്ച ഗവൺമെന്റാണിത്. കാർഷികോൽപ്പന്നങ്ങൾക്ക് മാന്യമായ വില നൽകിയ ഗവൺമെന്റാണിത്. കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് വിദ്യാഭ്യാസ രംഗത്ത് ഒഴുകിക്കൊണ്ടിരുന്ന തുകയെ കേരളത്തിൽത്തന്നെ പിടിച്ചുനിറുത്തിയ ഗവൺമെന്റാണിത്. പാലക്കാട് അടക്കമുള്ള ജില്ലകളിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെട്ടപ്പോൾ, അഞ്ചംഗ മന്ത്രിസംഘത്തെ അങ്ങോട്ടയയ്ക്കുകയും അതിന് പരിഹാരം കാണുകയും, ദീർഘകാല പ്രോസസ്സുകളും ഹ്രസ്വകാല പ്രോസസ്സുകളും മാസാമാസങ്ങളിൽ ഇവാല്യൂവേറ്റ് ചെയ്ത് നടപടികൾ എടുക്കുകയും ചെയ്ത ഗവൺമെന്റാണിത്. ജന സാക്ഷരതയിൽ വമ്പിച്ച മുന്നേറ്റം നടത്തിയ ഒരു ഗവൺമെന്റാണിത്. കുത്തഴിഞ്ഞുകിടന്നിരുന്ന റവന്യൂ വകുപ്പിനെ നല്ല രീതിയിൽ സംഘടിപ്പിച്ച് റവന്യൂ വകുപ്പിനെ കാര്യക്ഷമമാക്കാൻ മുന്നോട്ടുവന്ന ഒരു ഗവൺമെന്റാണിത്. ഭൂരഹിതരായ ആദിവാസികൾക്ക് തൃണംപോലും

LIBRARY ARCHIVES Kerala Legislative Assembly

മുളയ്ക്കാത്ത പറമ്പുകൾ അനുവദിച്ചിരുന്ന സ്ഥാനത്ത്, കേന്ദ്രഗവൺമെന്റിൽ പോയി നല്ല ഇടതൂർന്ന കാടുകൾ പാവപ്പെട്ട ആദിവാസികൾക്ക് നൽകാൻ ശ്രമം നടത്തിയ ഒരു ഗവൺമെന്റാണിത്. കാസർഗോഡ് നിന്നും ഒരു ചെറുനാരങ്ങ ഉരുട്ടിയാൽ തിരുവനന്തപുരത്തു വന്നുനിൽക്കുന്ന രീതിയിൽ കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളെ അടിപൊളിയാക്കിയ ഗവൺമെന്റാണിത്. അതുപോലെ ശുചിത്വത്തിന് മുൻഗണന നൽകിയ ഗവൺമെന്റാണിത്. വൈദ്യുതി രംഗത്ത് നിങ്ങൾ തറക്കല്ലിട്ട് പോയതും നിങ്ങൾ ചെക്ക് കൊടുത്തിട്ട് പണം കൊടുക്കാതിരുന്നതുമായ ഏറെക്കുറെ എല്ലാ കെ.വി. സബ് സ്റ്റേഷനുകളും ഈ രാജ്യത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്ന ഒരു ഗവണ്മെന്റാണിത്. അതിന്റെ അനന്തരഫലമാണ് തിരുവല്ലയിൽ അടക്കമുള്ള സ്ഥലങ്ങളിൽ യു.ഡി.എഫ്.-ന് കിട്ടിയിരിക്കുന്ന ഗുണപാഠം എന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. തിരുവല്ല ഇനിയും കേരളത്തിൽ ആവർത്തിക്കപ്പെടും. ഒത്തുപിടിച്ചാൽ ഒരുപാട് നേട്ടങ്ങൾ ഈ ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിയും. ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ പ്രതീക്ഷയോടുകൂടി കാണുന്നു. കെ.എസ്.ആർ.ടി.സി.-യിൽ നിങ്ങൾ ആരംഭിച്ച ടി.ടി. ഈ ഗവൺമെന്റ് സുരക്ഷിതമായി കൊണ്ടുപോയി. പുതിയ ബസുകൾ നിരത്തിലിറക്കി. ഒരുപാട് നേട്ടങ്ങളും ഒരുപാട് മാറ്റങ്ങളുമുണ്ടാക്കി. അതുപോലെ ജലസേചന രംഗത്ത് കാര്യമായ പ്രവർത്തനം ഉണ്ടായി. വനംവകുപ്പിൽ പാവപ്പെട്ട 600 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുമാരായി എടുത്തത് പ്രത്യേകമായ നേട്ടമാണ്. അതുപോലെ വനമേഖലയിൽ കടന്നുകയറി കഞ്ചാവും മറ്റ് ലഹരിവസ്തുക്കളും കൃഷി ചെയ്യുന്ന ആളുകളെ അടിച്ചമർത്താൻ ശ്രദ്ധേയമായ നീക്കമാണ് മലയോര മേഖലയിൽ നടക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലടക്കം മുപ്പത്തിയഞ്ച് കോടി രൂപയുടെ കഞ്ചാവ് വെട്ടി നശിപ്പിക്കാൻ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമം ശ്ലാഘനീയതയോടുകൂടിയാണ് ഞാൻ ഓർക്കുന്നത്. അതുപോലെ ആദിവാസികളടക്കമുള്ള പട്ടിക വിഭാഗങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതൊക്കെ മറച്ചുവയ്ക്കാൻ മാർക്സിസ്റ്റ് പാർട്ടിക്കാരും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഇവിടെ രൂക്ഷമായ പ്രശ്നങ്ങളുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് നേട്ടങ്ങളിൽനിന്നും ജനശ്രദ്ധ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇന്നലെ ഞാൻ ടെലിവിഷനിലെ ഒരു പ്രോഗ്രാം കണ്ടു. ശ്രീ. ബിനോയ് വിശ്വത്തിന്റെ പാർട്ടി കടുത്ത അഭിപ്രായ വ്യത്യാസത്തെ നേരിട്ടുകൊണ്ട് നാലാം ലോക സിദ്ധാന്തം വേണോ പതിനെട്ടാം നൂറ്റാണ്ടിലെ സിദ്ധാന്തം വേണോ എന്ന തർക്കം പാർട്ടിയിൽ ഉരുത്തിരിഞ്ഞുവരുമ്പോൾ ഇതിൽനിന്നൊക്കെ ജനശ്രദ്ധ പിന്തിരിപ്പിക്കാനുള്ള ഒരു അടവായിട്ടാണ് ഞങ്ങളൊക്കെ ഇതിനെ കാണുന്നത്. 17 അംഗങ്ങളുള്ള ഒരു പാർട്ടിയാണ് മുസ്ലീം ലീഗ്. അതിൽ കൂടുതൽ പേരും മലപ്പുറം ജില്ലയിൽ നിന്നുള്ളവരാണ്. ഞങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണം പണം ചോദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. ഈ നിയമസഭയിൽ വർഷങ്ങളോളം അംഗങ്ങളായിട്ടിരുന്നവരാണ് ഞങ്ങൾ. അവരിൽ ആരുടെ മേലിലും കറുത്ത കറ പുരട്ടാൻ കഴിഞ്ഞിട്ടില്ല. അതുതന്നെയാണ് ബഹുമാന്യനായ നാലകത്ത് സൂപ്പിയുടെ അനുഭവവും. ബഹുമാനപ്പെട്ട നാലകത്ത് സൂപ്പി പൊതുരംഗത്ത് പ്രവേശിച്ച കാലത്തുള്ള ആസ്തിയിൽനിന്നും കൂടുതലായി ഒരിഞ്ച് ആസ്തി ശ്രീ. സൂപ്പിയുടേതായിട്ടില്ല എന്ന കാര്യം ഞങ്ങൾക്ക് ഉറപ്പിച്ച് പറയാൻ കഴിയും. അതുകൊണ്ട് അഴിമതിയുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെന്റിനേയും മന്ത്രിയേയും ഇടിച്ചുതാഴ്ത്തി, അദ്ദേഹത്തിന് വഴി നടക്കാൻ ഈ രാജ്യത്ത് സ്വാതന്ത്ര്യം കൊടുക്കില്ല എന്ന ചിലയാളുകളുടെ പ്രഖ്യാപനത്തെ ഗൗരവമായിട്ടുതന്നെയാണ് ഞങ്ങൾ കാണുന്നത് എന്ന് അറിയിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> സർ, ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. എല്ലാ രംഗങ്ങളിലും വലിയ മാറ്റങ്ങളുണ്ടാക്കാനുള്ള പരിശ്രമങ്ങൾ ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ടര വർഷമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ പറയുന്നത്, പരിഷ്കരണങ്ങളുടേയും പുനർനിർമ്മാണത്തിന്റേയും പ്രവർത്തന പഥത്തിൽ എന്റെ ഗവൺമെന്റ് വ്യാപൃതമായിരിക്കുമെന്നാണ്. അത്തരം നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഈ ഗവൺമെന്റ് അധികാരം ഏൽക്കുമ്പോൾ ഉണ്ടായിരുന്ന സ്ഥിതിയിൽനിന്നും മെച്ചപ്പെട്ട നിലയിലേക്ക് ഈ സംസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള അനുഭാവപൂർവമായ നടപടികളാണ് കഴിഞ്ഞ രണ്ടര വർഷക്കാലമായി ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ എല്ലാ നേട്ടങ്ങളും എല്ലാ രംഗങ്ങളിലും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഈ നന്ദി പ്രമേയത്തെ എതിർക്കുന്ന ആളുകൾ ഇതിൽ പ്രഖ്യാപിച്ചിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ, അതിനെ എതിർത്തുകൊണ്ട് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? ഭരണനവീകരണം അടക്കം സാമ്പത്തിക പരിഷ്കരണം അടക്കം, വീക്ഷണരേഖ, മലപ്പുറം അക്ഷയ പദ്ധതി, വിനോദസഞ്ചാര മേഖല, നിക്ഷേപ പ്രോൽസാഹനബോർഡ്, സാമ്പത്തിക മേഖലാനയം, ജൈവസാങ്കേതിക വിദ്യാനയം തുടങ്ങി ഒട്ടേറെ നടപടികൾ കേരളത്തിന്റെ പുരോഗതിയെ ലക്ഷ്യംവച്ചുകൊണ്ട് നടത്താൻ തീരുമാനിച്ചു മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിനുവേണ്ടിയുള്ള പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സാമ്പത്തികരംഗം തകർന്നുതരിപ്പണമായിരുന്നു എന്നുള്ള സത്യം ആർക്കും വിസ്മരിക്കാൻ കഴിയില്ല. അവിടെ നിന്നും വളരെയേറെ മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് കഴിഞ്ഞ കാല ചരിത്രം പരിശോധിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും. കോൺട്രാക്ടർമാർക്ക് ചെക്ക് കൊടുത്തിട്ട് അത് മാറാൻ കഴിയാതെ അവർ ആത്മഹത്യ ചെയ്ത സംഭവം വരെ ഉണ്ടായ സംസ്ഥാനമായിരുന്നു നമ്മുടേത്. ആ സ്ഥിതിയിൽനിന്നും സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാനുള്ള ആശാവഹമായ നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റിന്റെ കഴിവിനെക്കുറിച്ച് ശ്രീ. രാജൻ ബാബു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക മുന്നേറ്റത്തിന്റെ പ്രകടമായ ഉദാഹരണമാണ്. 2000-01-ലെ റവന്യൂ കമ്മി 3167 കോടി രൂപ ആയിരുന്നത് 2001-02-ൽ 2605 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. 541 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. അതുപോലെ 2002-03-ൽ 1,896 കോടി രൂപയായി വീണ്ടും റവന്യൂ കമ്മി കുറഞ്ഞു. അങ്ങനെ റവന്യൂ കമ്മി കുറച്ചുകൊണ്ട് വരാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുപോലെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. 2000-01-ൽ 8,736 കോടി രൂപയുണ്ടായിരുന്നത് 2001-02-ൽ 9,056 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 325 കോടി രൂപയുടെ വർദ്ധനവ് ഈ രംഗത്ത് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഞാൻ സൂചിപ്പിച്ചത്, റവന്യൂ വരുമാനം വർദ്ധിപ്പിച്ചും റവന്യൂ കമ്മി കുറച്ചും ഫലപ്രദമായ സാമ്പത്തിക മാനേജ്മെന്റിലൂടെ മുന്നോട്ട് പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ്. അതുപോലെ എല്ലാ രംഗങ്ങളിലും മാറ്റം വന്നു. വിൽപ്പന നികുതി പിരിക്കുന്നതിൽ സർവ്വകാല റിക്കോർഡാണ് ഈ ഗവൺമെന്റ് രണ്ടര വർഷക്കാലത്തെ ഭരണം കൊണ്ട് ഉണ്ടാക്കിയിരിക്കുന്നത്. 5,375 കോടി രൂപ ചെക്ക് പോസ്റ്റുകളിൽ റിക്കോർഡ് കളക്ഷൻ ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇത്തരത്തിൽ വലിയ മാറ്റങ്ങൾ സാമ്പത്തിക മാനേജ്മെന്റിലൂടെ ഗവൺമെന്റിനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന തരത്തിൽ, ഗവൺമെന്റിന് പിടിച്ചുനിൽക്കാൻ കഴിയുന്ന ശേഷി ഉണ്ടാക്കാൻ രണ്ടര വർഷത്തെ ഭരണം കൊണ്ട് കഴിഞ്ഞുവെന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ കഴിയുക? ഇതിന്റെ പ്രതിഫലനം എല്ലാ രംഗങ്ങളിലുമുണ്ട്. കാർഷിക മേഖലയിൽ ദേശീയ വളർച്ചാനിരക്കിനേക്കാൾ വർദ്ധനവുണ്ടാക്കാൻ കേരളത്തിന് കഴിഞ്ഞു. 6.1 ശതമാനം വർദ്ധനവ് ഈ രംഗത്തുണ്ടായി. ഇതുപോലെ എല്ലാ രംഗങ്ങളിലും മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോകാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഭരണ നവീകരണ പരിപാടികളെക്കുറിച്ചൊക്കെയുള്ള ഒട്ടേറെ വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തെറ്റിദ്ധാരണ പരത്തുന്ന ഒട്ടേറെ പ്രചരണങ്ങൾ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്നുണ്ട്. ഭരണ നവീകരണവുമായി ബന്ധപ്പെട്ട് തന്നെ, ആരോഗ്യം, സാമൂഹ്യക്ഷേമം, സിവിൽ സപ്ലൈസ്, റവന്യൂ, രജിസ്ട്രേഷൻ, പോലീസ് തുടങ്ങിയ ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഏഴ് വകുപ്പുകളിലായി മൂവായിരം സ്ഥാപനങ്ങളെ മാതൃകാ സേവന സ്ഥാപനങ്ങളായി മാറ്റിയെടുക്കാനുള്ള, ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇതുപോലെ ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ അഴിമതി ആരോപണങ്ങൾ കൊണ്ട് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ആളുകൾക്ക് ഇത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയുമോ? രണ്ടര വർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ ഭരണ കാലത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ, 45 എൻജിനീയറിംഗ് കോളേജുകളും, 6 മെഡിക്കൽ കോളേജുകളും, 6 ഡന്റൽ കോളേജുകളും, 29 നഴ്സിംഗ് കോളേജുകളും, 9 ഫാർമസി കോളേജുകളും, 5 ആയുർവേദ കോളേജുകളും, ഒരു സിദ്ധ കോളേജുമടക്കം നിരവധി സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നത് എത്ര വലിയ നേട്ടമാണ്. എല്ലാവരും അഭിനന്ദിക്കേണ്ട നേട്ടമല്ലേ? ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ച നയസമീപനത്തിന്റെ പ്രതിഫലനമാണിതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ശ്രീ. സുപാൽ അടക്കമുള്ള ആളുകൾ ഇതിനെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ഇത്രയും വലിയ സ്ഥാപനങ്ങൾ ഉണ്ടായിട്ട് ഒരാൾ പോലും ഒരു കട്ടൻകാപ്പിയുടെ അഴിമതി ആരോപണവും ഇതുവരെ ഉന്നയിച്ചിട്ടില്ല എന്നുള്ളത് അഭിമാനപൂർവ്വം ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പിന്നെ പ്രതിപക്ഷ ആരോപണത്തെക്കുറിച്ച് വലിയ കാര്യമില്ല. ഇവിടെ പുഷ്പഗിരി മെഡിക്കൽ കോളേജിനെതിരെ വലിയ വീറോടുകൂടി പ്രസംഗിച്ച ആളുകളാണ് പ്രതിപക്ഷത്തെ മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള ആളുകൾ. പുഷ്പഗിരി മെഡിക്കൽ കോളേജിനെതിരെ വീറോടുകൂടിയാണ് പ്രസംഗിച്ചത്. ഈ കഴിഞ്ഞ 5-ാം തീയതി പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ ഔപചാരികമായ ഉത്ഘാടന ചടങ്ങ് നടന്നു. ഞാനും ആ ചടങ്ങിൽ പങ്കെടുത്തതാണ്. അന്ന് രാവിലെ പത്രം വായിച്ചപ്പോൾ ദേശാഭിമാനി പത്രം കണ്ട് സത്യത്തിൽ ഞാൻ അമ്പരന്നുപോയി. പുഷ്പഗിരി കോളേജിനെതിരെ വലിയ പ്രചരണം നടത്തിയ ആളുകൾ, കല്ലെറിഞ്ഞ് തകർത്ത ആളുകൾ അവരുടെ ചുമതലയിൽ നടക്കുന്ന ദേശാഭിമാനി പത്രത്തിൽ പുഷ്പഗിരി കോളേജിന്റെ ഉത്ഘാടനം സംബന്ധിച്ച് ഫുൾ പേജ് പരസ്യം കൊടുത്തിരിക്കുന്നു. കാശ് കിട്ടിയാൽ മാർക്സിസ്റ്റ് പാർട്ടി എന്തും ചെയ്യും എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ പരസ്യം. അതുകൊണ്ട് പ്രതിപക്ഷം ഇതുസംബന്ധിച്ച് ഉന്നയിക്കുന്ന ആക്ഷേപങ്ങളിൽ യാതൊരു അടിസ്ഥാനവുമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ അഴിമതിയുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള വ്യഥാശ്രമം നടത്താനുള്ള ഉദ്യമം എന്നുള്ളതിനപ്പുറത്ത് അതുസംബന്ധിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പിനെ സംബന്ധിച്ചാണല്ലോ പറയുന്നത്. പുഷ്പഗിരി കോളേജ് കല്ലെറിഞ്ഞ് തകർക്കാൻ പോയ ആളുകൾ പുഷ്പഗിരിയുടെ ഫുൾ പേജ് പരസ്യം കൊടുത്തത് സംബന്ധിച്ചാണല്ലോ പറയുന്നത്? നിരീശ്വരവാദികളും ദൈവവിരുദ്ധം പറഞ്ഞുനടന്നിരുന്നവരുമായ ആളുകൾ ശബരിമല സപ്ലിമെന്റ്, ചക്കുളത്തു കാവിലമ്മയുടെ സപ്ലിമെന്റ്, അരുവിത്തുറ വല്യച്ചന്റെ സപ്ലിമെന്റ് തുടങ്ങി എല്ലാ സപ്ലിമെന്റുകളും ഇറക്കി സായൂജ്യമടയുന്നുണ്ടെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: എല്ലാം കാണുന്നുമുണ്ട്. ഏറ്റുമാനൂരപ്പന്റെ വിഗ്രഹം മോഷണം പോയപ്പോൾ ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ. നായനാർ 'ഭഗവാന് എന്തിന് പാറാവ് എന്ന് ചോദിച്ച് ആക്ഷേപിച്ചു' അങ്ങനെയുള്ള ആളുകളാണ്. ഇപ്പോൾ അവർ പാപഭാരം കഴുകികളയാനുള്ള ശ്രമത്തിലാണ്. .....(ബഹളം).....

Mr. Deputy Speaker: Please conclude..... please .....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: രണ്ട് വാക്ക് കൂടി പറഞ്ഞോട്ടെ.

Mr. Deputy Speaker: Please conclude..... please .....He is not yeilding.

ശ്രീ. പി. സി. ജോർജ്: 'ഭഗവാന് എന്തിന് പാറാവ്', എന്ന് ചോദിച്ചുവെന്ന് പറഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷം കൊണ്ട് എണ്ണൂറോളം ആരാധനാലയങ്ങളിൽ മോഷണം നടന്നിരിക്കുകയാണ്. അപ്പോൾ പാറാവിന്റെ കാര്യം എവിടെപ്പോയി? ആരാണ് ഉത്തരവാദി? ഈ ഗവൺമെന്റിന്റെ കാലത്താണ്.

Mr. Deputy Speaker: Shri Puthusseri, Please.....conclude ...Please.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആ കാര്യത്തിൽ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അക്കാര്യത്തിൽ നടപടിയെടുത്തുകൊണ്ട് മുന്നോട്ട് പോകും. ഇത്തരത്തിൽ എല്ലാ രംഗങ്ങളിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞ ഗവൺമെന്റാണ് ഇത്. കാർഷിക മേഖലയിൽ നേട്ടമുണ്ടാക്കി, ഹൗസിംഗ് ബോർഡ് പ്രവർത്തനങ്ങളിൽ നേട്ടമുണ്ടാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചപ്പോൾ പാവങ്ങൾക്ക് വേണ്ടി വീട് ഉണ്ടാക്കാനുള്ള പദ്ധതിയിൽ ഹഡ്കോയുടെ വായ്പ വകമാറ്റി ചെലവഴിച്ചതിന്റെ പേരിൽ വായ്പ ഹഡ്കോ തടഞ്ഞത് പുനഃസ്ഥാപിച്ചുകൊണ്ട് പാവങ്ങളെ സഹായിക്കാൻ മുന്നോട്ട് വന്നത് ഈ ഗവൺമെന്റാണ്. ഞാൻ ചുരുക്കുകയാണ്. ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചാണ് ഗവർണ്ണർ

LIBRARY ARCHIVES Kerala Legislative Assembly

നയപ്രഖ്യാപനത്തിൽ പ്രസംഗിച്ചിരിക്കുന്നത്. ഇവിടെ ഔദ്യോഗികമായി ശ്രീ. രാജൻ ബാബു നന്ദി പ്രകാശിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിച്ചു. അതിനുമുൻപ് തന്നെ ഈ നേട്ടങ്ങളെ ജനങ്ങൾ അംഗീകരിച്ചുകഴിഞ്ഞു. കേരളത്തിലെ ജനങ്ങൾ നന്ദി രേഖപ്പെടുത്തിയതിന്റെ പ്രതിഫലനമാണ് തിരുവല്ല ഉപതെരഞ്ഞെടുപ്പിലുണ്ടായത്. എന്റെ പുറകിൽ ഇരിക്കുന്ന ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി കേരളത്തിന്റെ ആ ജനകീയ അഭിലാഷത്തിന്റെ പ്രതിഫലനമാണ് എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ജനങ്ങൾ മുൻകൂട്ടി നന്ദി രേഖപ്പെടുത്തിയ .....(മൈക്ക് ഓഫ്).....

Mr. Deputy Speaker: Please conclude, Please..... Your time is over.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ..... ഈ നന്ദി പ്രമേയത്തെ ഒരിക്കൽ കൂടി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, ഈ മാസം 15-ാം തീയതി സഭയിൽ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിൻതുണയ്ക്കുകയാണ്. 33 മാസം പിന്നിടുന്ന ഈ ഗവൺമെന്റ് സംസ്ഥാനത്ത് ചെയ്ത കാര്യങ്ങളെപ്പറ്റി പലപ്പോഴും ഗവൺമെന്റിന് ജനങ്ങളെ അറിയിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഈ അവസരത്തിൽ മറക്കാൻ കഴിയില്ല. നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗം വായിക്കാൻ കഴിയുന്നത് നിയമസഭാംഗങ്ങളായ ഇവിടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കുമാണ്. പക്ഷേ പൂർണ്ണമായും ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കാൻ അവരെ ബോധവൽക്കരിക്കാൻ കഴിയുന്നില്ല. ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിലുണ്ടായ നേട്ടം, നമ്മുടെ സർക്കാരിന്റെ പണം ചോർന്നു പോകുന്നത് തടയാൻ ധനകാര്യ വകുപ്പിന് കഴിഞ്ഞുവെന്നത് പ്രശംസനീയമാണ്. റവന്യൂ വരുമാനം വർദ്ധിച്ചതോടൊപ്പം തന്നെ ചോർച്ചകൾ അടയ്ക്കാനും കഴിഞ്ഞു. വെള്ളം ചോർന്നൊലിക്കുന്ന പാത്രത്തിൽ വെള്ളം ഒഴിക്കുന്നത് പോലെയായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന സ്ഥിതി. കാലിയായ ഖജനാവുമായി അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന് ജനകീയ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ നൽകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായിരുന്ന അവസ്ഥയിൽ നിന്നും 33 മാസം കൊണ്ട് വളരെ മുന്നോട്ട് പോകാൻ കഴിഞ്ഞു. തൊഴിലില്ലായ്മാ വേതനം, വിധവാ പെൻഷനുമടക്കമുള്ള തുകകൾ എത്തിച്ചുകൊടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടായി. ട്രഷറി നിരന്തരം പൂട്ടുന്ന അവസ്ഥ മാറ്റിയെടുക്കാൻ ധനകാര്യവകുപ്പിന് കഴിഞ്ഞു. അതുപോലെതന്നെ കഴിഞ്ഞ ദിവസം മാതൃഭൂമി പത്രത്തിൽ നമ്മളെല്ലാം വായിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

'ജിം പരാജയപ്പെട്ട മാമാങ്കം' എന്നതാണ് അതിന്റെ ഹെഡ്ലൈൻ. എന്തുകൊണ്ട് പരാജയപ്പെട്ടു എന്നത് നാം ഈ അവസരത്തിൽ വിലയിരുത്തണം. പരാജയപ്പെട്ടു എന്നുപറയാൻ കഴിയില്ല. എങ്കിൽപ്പോലും പരാജയപ്പെട്ടുവെന്ന് മാധ്യമങ്ങളും ജനങ്ങളുമൊക്കെ സംശയിക്കാൻ കാരണമെന്താണെന്ന് നാം വിലയിരുത്തണം. 'ജിം' തുടങ്ങിയ ദിവസം മുതൽ ഈ സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് യാതൊരു ആവശ്യവുമില്ലാത്ത വിഷയങ്ങളുമായി ബന്ധപ്പെട്ട്, ജനങ്ങൾക്ക് താൽപ്പര്യമില്ലാത്ത, ജനങ്ങളുടെ സംരക്ഷണത്തിനോ ഈ നാട്ടിലെ തൊഴിലില്ലായ്മയ്ക്കോ പരിഹാരമുണ്ടാക്കാൻ കഴിയാത്ത അനാവശ്യമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട്, ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് നടന്ന വിവാദങ്ങളിലൂടെയാണ് നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതെ പോയത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു, അദ്ദേഹം പറഞ്ഞിരിക്കുന്നത് ബന്ദുകളും സമരങ്ങളും ഒഴിവാക്കാൻ കഴിഞ്ഞാൽ നിക്ഷേപകർ വന്നുചേരുമെന്നാണ്. ജിമ്മിനു മുമ്പും ഈ നാട്ടിൽ ഉണ്ടായിരുന്ന ആശങ്ക ബന്ദുകളും സമരങ്ങളുമായിരുന്നു. ഇപ്പോൾ പ്രാദേശികമായ ബന്ദുകളാണ് നടക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇത് തടഞ്ഞതിനുശേഷവും പ്രാദേശിക ബന്ദുകൾ, പൊതുമുതൽ നശിപ്പിക്കുന്ന ബന്ദുകൾ, നമ്മുടെ നാട്ടിൽ ഒരു അരക്ഷിതാവസ്ഥയുണ്ടെന്നു വരുത്തിത്തീർക്കുകയും നിക്ഷേപകർ പിൻവലിയുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. എന്തുകൊണ്ട് നിക്ഷേപകർ വന്നില്ല എന്നത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ സ്വയം വിലയിരുത്തണം. കേരളത്തിലെ ജനങ്ങളും ചെറുപ്പക്കാരും വളരെയധികം പ്രതീക്ഷയോടെ, ഒരു തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാർ ഉറ്റുനോക്കിയ ആഗോള നിക്ഷേപക സമ്മേളനം പരാജയപ്പെട്ടെങ്കിൽ, വിചാരിച്ച റിസൾട്ട് അതിന് കിട്ടാതെ പോയെങ്കിൽ അതിന് ഉത്തരവാദികൾ ആരാണെന്ന് ജനപ്രതിനിധികളായ നമ്മൾ എല്ലാവരും, പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരിക്കുന്ന മുഴുവൻ ആളുകളും ഈ അവസരത്തിൽ ആലോചിക്കണം. അനാവശ്യമായ വിഷയങ്ങൾ ഉന്നയിച്ച് വിവാദങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഈ ഗവൺമെന്റിന് ഭരിച്ചു മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം ജനമധ്യത്തിൽ ഉണ്ടാക്കുന്ന ഈ രീതി പ്രതിപക്ഷവും ഭരണപക്ഷവും അവസാനിപ്പിക്കണം. ഇത് പറഞ്ഞതിന് എന്നോട് ആർക്കും പിണക്കം തോന്നേണ്ട കാര്യമില്ല. റോഡിൽ ഇറങ്ങി നടക്കുമ്പോൾ ജനങ്ങളുടെ വികാരം എന്തെന്ന് നാം മനസ്സിലാക്കണം. രാഷ്ട്രീയക്കാരോടുപോലും അവജ്ഞതോന്നുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇനി നാം അവസാനിപ്പിച്ച് മുന്നോട്ട് പോയില്ലെങ്കിൽ നമ്മുടെ ഈ നാടിനെ രക്ഷിക്കാൻ ആർക്കും കഴിയില്ല. ഇത് ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനത്തോടുകൂടി നമ്മൾ പറയുമ്പോൾ ആ ദൈവത്തിനുപോലും നമ്മെ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. വിദ്യാഭ്യാസ രംഗത്ത് ഒരുപാട് പരിഷ്കാരങ്ങൾ കൊണ്ടുവന്നു. ആരോപണപ്രത്യാരോപണങ്ങൾ നടത്തുന്നതിനു പകരം വിദ്യാഭ്യാസ രംഗത്ത് വന്ന പരിഷ്കാരങ്ങളിൽ ബി.എഡ്. കോളേജുകളുടെ കാര്യത്തിലാണ് തർക്കം. പ്ലസ് ടു അനുവദിക്കുന്ന കാര്യം സുതാര്യമായി നടത്താൻ കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിൽ നിന്ന് വ്യത്യസ്തമായി പ്ലസ് ടു സംവിധാനം കുറ്റമറ്റതും സുതാര്യമാക്കി, ഇവിടെ എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, സിദ്ധ കോളേജ് അടക്കമുള്ള പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചപ്പോൾ ആരോപണങ്ങൾ ഒന്നും ഉന്നയിക്കാൻ കഴിഞ്ഞില്ല. വളരെ സുതാര്യമായ രീതിയിൽ അത് നടപ്പിലാക്കി. ശ്രീ. ജോസഫ് എം. പുതുശ്ശേരി ഇവിടെ പറയാൻ വിട്ടുപോയ ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ ഉണ്ടായി എന്നു പറയുമ്പോൾ ഇവിടുത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭിച്ച തൊഴിലിനെപ്പറ്റി നമ്മൾ എന്തിന് മറക്കുന്നു എന്നാലോചിക്കണം. ഇവിടെ എത്ര രൂപയുടെ നിക്ഷേപം വന്നു എന്നതല്ല. ശമ്പളം കിട്ടാതെ ആരെങ്കിലും ജോലിക്ക് പോകുമോ? ഒന്നും ഇല്ലാത്ത അവസ്ഥയിൽ നിന്ന് എന്തെങ്കിലും കിട്ടുന്ന ഒരു തൊഴിൽ കിട്ടുക, വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഇരുട്ടിലേക്ക് നോക്കി തൊഴിൽ ഇല്ല, വരുമാനമാർഗ്ഗമില്ല എന്ന് പറഞ്ഞിരിക്കുമ്പോൾ ഒരു തൊഴിൽ അവസരം കിട്ടുന്നത് കണ്ടില്ല എന്ന് നടിക്കരുത്. ഈ കോളേജുകളിൽ പഠിപ്പിക്കാൻ വരുന്നവർ ശമ്പളം വാങ്ങാതെ ഫ്രീയായിട്ട് ജോലിചെയ്യുകയാണെന്ന് പറയാൻ കഴിയുമോ? ഈ സ്കൂളുകളിൽ ശമ്പളം വാങ്ങാതെയാണോ ആളുകൾ ജോലി ചെയ്യുന്നത്? ശ്രീ. എ. കെ. ആന്റണി ഭരിക്കുന്ന ഗവൺമെന്റ് മാറി പ്രതിപക്ഷത്തിരിക്കുന്നവർ ഭരിക്കുന്ന ഒരു ഗവൺമെൻറ് വന്നാലും കേരളത്തിലെ മുഴുവൻ തൊഴിൽരഹിതർക്കും സർക്കാർ തൊഴിൽ കൊടുക്കാൻ കഴിയുകയില്ല. അപ്രായോഗികമായ ആ പരിഷ്കാരം ലോകത്ത് ഒരിടത്തും നടത്താൻ കഴിയില്ല. റഷ്യയിൽ പോലും നടത്താൻ കഴിയില്ല. അതാണ് അവർ അവിടെ പരാജയപ്പെട്ടത്. ഇവിടെ വിദ്യാഭ്യാസ രംഗത്ത് എനിക്ക് ചില പരാതികളുണ്ട്. കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ മൽസരിക്കേണ്ടത് ഈ രാജ്യത്തെ സി.ബി.എസ്.സി.ഇ., ഐ.സി.എസ്.സി.ഇ. സിലബസുകളിൽ പഠിക്കുന്ന കുട്ടികളുമായിട്ടാണ്. രാഷ്ട്രീയക്കാരും സാമൂഹ്യപ്രവർത്തകരുമായ നമ്മൾ അത് കണ്ടില്ലെന്നു നടിക്കരുത്. ഇത് വലിയൊരു അന്തരമുണ്ടാക്കും. നമ്മുടെ സിലബസുകൾ വളരെ മോശമാണ്. ഡി.പി.ഇ.പി. 5 വർഷം പഠിച്ച കുട്ടികൾ ഇന്ന് 7-ാം ക്ലാസിലെത്തി. അവർ പഠിക്കുന്ന സിലബസ് എന്താണെന്ന് ജനപ്രതിനിധികൾ അന്വേഷിക്കണം. അവർ പഠിക്കുന്ന സിലബസ് ലോകത്ത് എവിടെയും വിൽക്കാത്ത ചരക്കാണ്. സി.ബി.എസ്.ഇ. അല്ല. ഐ.സി.എസ്.സി.ഇ. അല്ല,

LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ഇ.പി. അല്ല, ഇപ്പോൾ വന്ന സർവ്വശിക്ഷാ അഭിയാനുമല്ലാത്ത ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നമ്മുടെ നാട്ടിലുള്ളത്. ഫീസ് കൊടുത്ത് പഠിക്കാൻ കഴിയാത്ത പാവപ്പെട്ടവരുടെയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും മക്കൾ പഠിക്കുന്ന മലയോര പ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇന്ത്യയുടെ ഭരണഘടന വിഭാവന ചെയ്യുന്ന സംവരണതത്വമനുസരിച്ച് നല്ല തൊഴിലിലേക്ക് എത്തിച്ചേരാൻ കഴിയാത്ത ഒരു കാലഘട്ടമുണ്ടാകും, ഈ പ്രൈവറ്റ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളോടൊപ്പം സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉയർന്നുവരാൻ കഴിയാതിരിക്കുന്ന സാഹചര്യം ഈ രാജ്യത്ത് ഒരു 10 വർഷം കഴിയുമ്പോൾ വലിയ ഒരു യുദ്ധത്തിലേക്ക് നയിക്കും. ജാതിവർഗ്ഗീയ ലഹളകളേക്കാൾ വലിയ ലഹളകളിലേക്ക് ഇത് നയിക്കുമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അത് നമ്മൾ തിരിച്ചറിയണം. ഈ ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തു. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു. അതിനെ തകർക്കാൻ ശ്രമിക്കാതെ ഈ നാടിനുവേണ്ടി ഒന്ന് സഹകരിക്കണം. ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി എല്ലാവരും സഹകരിക്കണം. 5 വർഷം ഭരിക്കാൻ, 100 സീറ്റ് മാൻഡേറ്റ് നൽകി ഒരാളെ മുഖ്യമന്ത്രിയാക്കിയിട്ടുണ്ടെങ്കിൽ അദ്ദേഹം 5 വർഷം എന്താണ് ചെയ്യുന്നതെന്ന് നോക്കട്ടെ. അത് പരാജയപ്പെട്ടാൽ, അത് പരാജയമാണെന്നു തീരുമാനിക്കാൻ ഇവിടുത്തെ ജനങ്ങൾക്ക് അവകാശമുണ്ട്, അധികാരമുണ്ട്. അത് ഉപയോഗിച്ച് കൈകാര്യം ചെയ്യാം. അതല്ലാതെ എന്തു ചെയ്താലും എതിർക്കുക, പ്രസംഗിക്കുക, പ്രസ്താവനയിറക്കുക എന്നുള്ളത് നിർത്തണം. ഇത് ആർക്കും എതിരായിട്ട് പറയുന്നതല്ല. ഇത് നാട്ടിലെ ജനങ്ങൾക്ക് മടുത്തു. പ്രതിപക്ഷത്തിരിക്കുന്നവർ മനസ്സിലാക്കണം, ഒരു ക്രിയാത്മക പ്രതിപക്ഷമെന്നു പറഞ്ഞാൽ എന്തിനേയും എതിർത്ത് ബഹളം വയ്ക്കുകയും ഈ സഭയിൽ ക്യാമറയുള്ള സമയത്ത് ബാനറുകളുമായി വരികയും ചെയ്യുന്നതല്ല പ്രതിഷേധങ്ങൾ. പ്രതിഷേധിക്കുന്നവർക്ക് പ്രതിഷേധിക്കാം. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അഴിമതിയുണ്ടെന്നു പറഞ്ഞ് ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ആരോപണമുയർന്നു. പക്ഷേ ഒരു കാര്യം ഞാൻ നിങ്ങളോട് ചോദിക്കട്ടെ, ജപ്പാൻ കുടിവെള്ള പദ്ധതി യാതൊരു അഴിമതിയുമില്ലാതെ മനോഹരമായി ഇംപ്ലിമെന്റ് ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? അതിനെപ്പറ്റി എന്താണ് അഭിപ്രായം ഇല്ലാത്തത്. പദ്ധതിക്ക് പൈസ വന്നു എന്നു കരുതി നടന്നു എന്നല്ല അർത്ഥം. പദ്ധതി നടപ്പിലാകാൻ പോകുന്നു, അതിനുവേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തിയായി. അങ്ങനെ എല്ലാ രംഗത്തും നമുക്ക് മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ സുഖമായി യാത്രചെയ്യാനുള്ള സൗകര്യങ്ങളുണ്ടാക്കി.. യാത്രക്കാരനാണ് യജമാനൻ എന്നു വിശ്വസിക്കുന്ന സംസ്കാരം കെ.എസ്.ആർ.ടി.സി.യിൽ വളർത്തിയെടുക്കാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് കഴിഞ്ഞു. ഒരു പൈസപോലും സർക്കാരിൽ നിന്ന് കൊടുക്കാതെ സ്വയം നടത്തിക്കൊണ്ടുപോകാൻ സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന സാഹചര്യത്തിലേക്ക് കെ.എസ്.ആർ.ടി.സി. യെ എത്തിക്കാൻ കഴിഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്ന ആർ.ടി. ആഫീസുകളിലെ കമ്പ്യൂട്ടറൈസേഷൻ എത്രയും വേഗം നടപ്പിലാക്കണം. സ്മാർട്ട് കാർഡ് സമ്പ്രദായം ഏർപ്പെടുത്തണം. സ്വകാര്യ നിക്ഷേപത്തോടുകൂടിയുള്ള, സഹകരണത്തോടെയുള്ള കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കണം. ഇവിടെ പ്രതിപക്ഷത്തോടും ഭരണപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളോടും എനിക്ക് പറയാനുള്ളത്, ഇതൊരു ഭരണഘടനാധിഷ്ഠിതമായ രാജ്യമാണ്. ഈ രാജ്യത്ത് എന്തു പരിഷ്കാരം കൊണ്ടുവരാനും അധികാരമുണ്ട്. ആ പരിഷ്കാരം തെറ്റാണെന്ന് കണ്ടാൽ അതിൽനിന്നു പിന്മാറാൻ അവസരമുള്ളപ്പോൾ പിന്നെ നമ്മൾ എന്തിനാണ് തർക്കിച്ച് എല്ലാ പരീക്ഷണങ്ങളേയും എതിർക്കുന്നത്? ഈ ഗവൺമെന്റ് നല്ല പരിഷ്കാരങ്ങളും നല്ല നടപടികളുമൊക്കെയായിട്ട് അച്ചടക്കമായിട്ട് മുന്നോട്ടു പോകട്ടെ. ഏതായാലും നാട്ടിലെ റോഡുകളൊക്കെ വൃത്തിയായിട്ടുണ്ട്. ഈ വർഷത്തെ ശബരിമല തീർത്ഥാടനം വളരെ മനോഹരമായിരുന്നു. പൊതുജനങ്ങൾക്കും ഭക്തജനങ്ങൾക്കും സൗകര്യം ചെയ്തു കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ മേഖലകളിലും വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നത് മറക്കാൻ കഴിയുന്ന കാര്യമല്ല. അങ്ങനെ ഭരിച്ചുപോകുന്ന ഒരു ഗവൺമെന്റിന്റെ ക്രിയാത്മക നയങ്ങൾക്ക്, തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്ന ഏതെങ്കിലും പദ്ധതികൾ സ്വകാര്യനിക്ഷേപത്തിൽനിന്ന് കിട്ടുന്നുണ്ടെങ്കിൽ, കൂടുതൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ഈ ഗവൺമെന്റിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ഇവിടെ ഗൗരവമായ ഒരു പ്രശ്നം ഞാൻ പറയുകയാണ്. ഉദ്യോഗസ്ഥ ഗ്യാലറിയിലെ ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും വരി പൂർണ്ണമായി ഒഴിഞ്ഞു കിടക്കുകയാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ഗവർണ്ണറുടെ പ്രസംഗം സംബന്ധിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശിച്ചും ശ്ലാഘിച്ചും ചിലപ്പോൾ ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ച് നടത്തുന്ന ഈ പ്രസംഗ ഘട്ടത്തിൽ ആ ചർച്ചകളൊന്നും കേൾക്കാതെ എങ്ങനെയാണ് ഈ ഗവൺമെന്റിനെ ഉദ്യോഗസ്ഥന്മാർക്ക് നയിക്കാൻ കഴിയുക? അങ്ങ് തന്നെ ഒട്ടേറെ തവണ നിർദ്ദേശം നൽകിയതാണ്. ഗ്യാലറിയിൽ ഉത്തരവാദപ്പെട്ട ഒരു ആഫീസറുമില്ല. എല്ലാവരും ഇരിക്കണമെന്നല്ല ഞാൻ പറയുന്നത്. ഏതെങ്കിലും ഒരു ആഫീസർ അവിടെ ഉണ്ട് എന്നു പറയണ്ടേ? ഇങ്ങനെപോയാൽ എങ്ങനെയാണ് സർ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെയുണ്ട്. അവർ നിർദ്ദേശം കൊടുത്തുകൊള്ളും.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാന്യനായ എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സർക്കാരിന്റെ വികസന നയങ്ങളേയും കാര്യനിർവ്വഹണത്തിനുള്ള സമീപനങ്ങളെയും പ്രതിഫലിപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാന്യനായ ഗവർണ്ണർ ഇവിടെ നടത്തിയത്. നയങ്ങൾ രൂപീകരിക്കുമ്പോൾ ഭരണം നടത്തിക്കൊണ്ടുപോകാനുള്ള നയങ്ങളെക്കുറിച്ചും പൊതുമേഖലയേയും സ്വകാര്യവൽക്കരണത്തെയും ബാധിക്കുന്ന നയങ്ങളെക്കുറിച്ചും എല്ലാമുള്ള ഒരു ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് ഗവർണ്ണറുടെ പ്രഖ്യാപനത്തിൽ പ്രതിഫലിക്കേണ്ടത്. ഇവിടെ ചില മാധ്യമങ്ങളും പ്രതിപക്ഷത്തെ ബഹുമാന്യരായ ചില മെമ്പർമാരും കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഈ വർഷം റിപ്പീറ്റ് ചെയ്തിരിക്കുന്നുവെന്ന് ആക്ഷേപം ഉന്നയിച്ചു. കഴിഞ്ഞ വർഷത്തെ അതേ നയമല്ലേ ഈ ഗവൺമെൻറ് ഈ വർഷവും പിന്തുടരുന്നത്? കഴിഞ്ഞ വർഷം ഒരു നയവും ഈ സാമ്പത്തിക വർഷം മറ്റൊരു നയവുമായി ഗവർണ്ണർക്ക് നയപ്രഖ്യാപന പ്രസംഗം നടത്താൻ കഴിയുമോ? അതുകൊണ്ട് കഴിഞ്ഞ വർഷങ്ങളിൽ പറഞ്ഞ കാര്യങ്ങളിൽ പൂർത്തീകരിക്കാത്തവ ഈ വർഷം വീണ്ടും അവതരിപ്പിച്ചുവെന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. മാത്രമല്ല നയങ്ങൾ തുടരുന്നു എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം എന്ന് വ്യക്തമാക്കുന്ന കാര്യങ്ങൾ തന്നെയാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ഈ ഗവൺമെന്റിന് ഓരോ വകുപ്പിനെ സംബന്ധിച്ചിടത്തോളവും വ്യക്തമായ കാഴ്ചപ്പാടുണ്ട്. വിദ്യാഭ്യാസ രംഗത്തായാലും വ്യവസായ രംഗത്തായാലും പൊതുമേഖലയിലായാലും ഈ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞങ്ങൾ ജനപക്ഷത്ത് നിൽക്കുകയാണ്. എനിക്ക് ബഹുമാന്യരായ പ്രതിപക്ഷത്തോട് ചോദിക്കാനുള്ളത് നിങ്ങളുടെ നയമെന്താണ്? നിങ്ങളുടെ നയം വൈരുദ്ധ്യങ്ങൾ നിറഞ്ഞ നയമാണ്. ഓരോ നയത്തിനും നിങ്ങൾ ഈ ഗവൺമെന്റിനെ വിമർശിക്കുമ്പോൾ നിങ്ങളുടെ മുൻകാല ചെയ്തികളെ നിങ്ങൾ ന്യായീകരിക്കാൻ ശ്രമിക്കുമ്പോൾ വൈരുദ്ധ്യങ്ങൾ നിറഞ്ഞ് നിൽക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഈ ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നിങ്ങളുടെ കാലത്ത് തുടങ്ങിയ എ.ഡി.ബി.യുടെ ധനസഹായവുമായി മുന്നോട്ട് പോയപ്പോൾ നിങ്ങൾ വിദേശ സഹായത്തെ കണ്ണടച്ച് എതിർത്തു. പക്ഷേ നിങ്ങൾ ജനകീയാസൂത്രണത്തിനുവേണ്ടി യാതൊരുവിധ മര്യാദകളും മാനദണ്ഡങ്ങളുമില്ലാതെ ഡച്ച് സഹായം സ്വീകരിച്ചു. ഏത് വിദേശികൾ വന്നാലും വിദേശത്തെ സി.ഐ.എ. ചാരന്മാരെന്ന് ആക്ഷേപമുയർത്തുന്ന നിങ്ങൾ സ്വകാര്യവൽക്കരണത്തിന്റെ, നിയോ-കൊളോണിയലിസത്തിന്റെ, പുതിയ സാമ്പത്തിക നയത്തിന്റെ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

കളിയാക്കുന്ന, പരിഹസിക്കുന്ന നിങ്ങൾ വിദേശത്തെ ഒരു മൂന്നാംകിട സർവ്വകലാശാലയിലെ നാലാംകിട സായിപ്പിനെ കണ്ടപ്പോൾ കവാത്തും മറന്ന് മാർക്സിനേയും ഏംഗൽസിനേയും മറന്നുപോയ കാര്യം ഇവിടെ എല്ലാവർക്കും അറിയാം. അപ്പോൾ നിങ്ങൾക്ക് ഒരു മാനദണ്ഡവുമില്ലാതെ വിദേശ സഹായം വാങ്ങാം. ഇവിടെ ജിമ്മുമായി ബന്ധപ്പെട്ട് വ്യവസായങ്ങൾ കൊണ്ടുവന്നപ്പോൾ പെരിയാർ വിൽക്കാൻ പോകുന്നുവെന്ന് പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ ഉൾപ്പെടെയുള്ള ആളുകൾ ആക്ഷേപമുന്നയിച്ചു. നിങ്ങൾ പറയുന്നത് അനുസരിച്ച് കവിത എഴുതുന്ന മലയാളത്തിലെ സാംസ്കാരിക നായകന്മാർ ആലുവ മണൽപ്പുറത്ത് പോയി വിലാപ കാവ്യങ്ങൾ എഴുതി. പക്ഷേ നിങ്ങളുടെ തന്നെ ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്കെതിരായിട്ടാണ്, ശ്രീ. നായനാരുടെ ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് എതിരായിട്ടാണ് നിങ്ങൾ പറഞ്ഞത്. നിങ്ങൾക്ക് കൃത്യമായ നയങ്ങളില്ല. ഇന്നിപ്പോൾ സോഷ്യലിസത്തെക്കുറിച്ചും നാലാം ലോകത്തെക്കുറിച്ചും നിങ്ങളുണ്ടാക്കുന്ന വിവാദങ്ങൾ ജനങ്ങളെ വിഡ്ഢികളാക്കാൻ വേണ്ടിയുള്ളതാണ്. നിങ്ങൾക്ക് വ്യക്തമായ ഒരു നയവുമില്ല. സ്വകാര്യവൽക്കരണമാണോ നിങ്ങളുടെ നയം? നിങ്ങൾ സ്വകാര്യവൽക്കരണത്തെ പൂർണ്ണമായും എതിർക്കുന്നുണ്ടോ? അല്ലെങ്കിൽ അതിൽ വെള്ളം ചേർക്കുന്നുണ്ടോ? ഗവൺമെന്റിന്റെ ഇത്തരമൊരു സമീപനത്തെ വിമർശിക്കാനുള്ള പ്രത്യയശാസ്ത്ര പിന്തുണ ഇപ്പോൾ നിങ്ങൾക്കില്ല. അത് നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ഏറ്റവും ശ്രദ്ധേയമായ നടപടിയായി ഞാൻ കാണുന്നത് ഭരണപരിഷ്കാര നടപടികൾ തന്നെയാണ്. 1920-ലാണ് കേരളത്തിൽ ഒരു ഭരണസംവിധാനമുണ്ടായത്. റോട്ടൺ ഹാം എന്നുപറയുന്ന ഒരു ബ്രിട്ടീഷുകാരൻ സായിപ്പ് കൊണ്ടുവന്ന കേവലം നൂറോ നൂറ്റമ്പതോ ഫയലുകൾ മാത്രമുള്ള ഒരു സർക്കാർ സംവിധാനമാണ്. ഇന്ന് ഫയലുകളുടെ എണ്ണം ലക്ഷങ്ങളായി വർദ്ധിച്ചിട്ടും ജീവനക്കാരുടെ എണ്ണം വർദ്ധിച്ചിട്ടും ജനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടും അതേ സിസ്റ്റം തുടരുകയാണ്. ജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകൾ അകന്ന് പോയിരിക്കുന്നു. സർക്കാർ ഓഫീസുകൾ ജനങ്ങൾക്ക് നീതി കിട്ടാത്ത സ്ഥലമായി മാറിയിരിക്കുന്നു. ഇവിടെ ആളുകളുടെ ഫയലുകൾ നീണ്ട യാത്രയ്ക്ക് പോവുകയാണ്. 12 തട്ടുകളിലൂടെയാണ് ഒരു ഫയലുകൾ നീങ്ങുന്നത്. ആ ഫയലുകൾക്ക് സുതാര്യത നഷ്ടപ്പെട്ടിരിക്കുന്നു. ആ ഫയലുകൾക്ക് എന്താണ് സംഭവിക്കുന്നതെന്ന് ജനങ്ങൾക്ക് അറിയാൻ സാധിക്കാത്ത അവസ്ഥയായിരിക്കുന്നു. ഇവിടെയുള്ള വികസന പദ്ധതികൾ നടത്തിക്കൊണ്ടുപോകാൻ നമുക്ക് കഴിയുന്നില്ല. ഓരോ ഫയലുകളും ഓരോ ടേബിളിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. എം.എൽ.എ.മാർ എന്ന നിലയിൽ, ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങൾ ഒരു ദിവസം പോയി ഒരു മേശപ്പുറത്ത് നിന്ന് മറ്റൊരു മേശപ്പുറത്തേക്ക് മാറ്റിവയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഫയൽ ഒരാഴ്ച കഴിഞ്ഞ് വീണ്ടും ചെല്ലുമ്പോൾ അതേ സ്ഥലത്ത് തന്നെ ഇരിക്കുന്ന അവസ്ഥയാണുള്ളത്. നമ്മുടെ ഭരണ സംവിധാനം അഴിച്ചുപണിയേണ്ട ഏറ്റവും അത്യാസന്ന നിലയിലായിരിക്കുന്നു. ഈ ഗവൺമെന്റ് ധീരപൂർവ്വമായ ഒരു നിലപാട് എടുത്തിരിക്കുന്നു. കാരണം കഴിഞ്ഞ 60, 65 വർഷക്കാലമായി നിലനിന്നിരുന്ന ഒരു ഭരണ സംവിധാനത്തെ മുഴുവൻ അഴിച്ചുപണിയാനും ജനങ്ങൾക്ക് നീതി കൊടുക്കാനും സർക്കാർ ഓഫീസുകളേയും ജനങ്ങളേയും തമ്മിൽ ബന്ധിപ്പിക്കാനുമുള്ള വളരെ ബോധപൂർവ്വമായ ഒരു നിലപാടുമായി മുന്നോട്ട് പോകുന്നു. ഈ ഭരണ പരിഷ്ക്കാര നടപടികൾ കേരളത്തിൽ ഇതുവരെ വികസന മാന്ദ്യം ഉണ്ടായിരിക്കുന്നതിന് മാറ്റമുണ്ടാക്കാൻ തീർച്ചയായും സഹായിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഇന്നിവിടെ ഏറ്റവും ചർച്ച ചെയ്യപ്പെട്ടത് നമ്മുടെ വിദ്യാഭ്യാസനയത്തെക്കുറിച്ചാണ്. ഇവിടെ ആടിനെ പേപ്പട്ടിയാക്കുന്ന പ്രചരണം നടക്കുന്നു. നാന്നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലുണ്ടായി. ഇവിടെ മെഡിക്കൽ കോളേജുകളുണ്ടായി. എല്ലാ മെഡിക്കൽ കോളേജുകളും എല്ലാ എൻജിനീയറിംഗ് കോളേജുകളും എല്ലാ നഴ്സിംഗ് കോളേജുകളും അഴിമതി നടത്തിയിട്ടാണോ ഇവിടെ അനുവദിച്ചത്? ഇവിടെ എല്ലാപേർക്കും എൻ.ഒ.സി. കൊടുക്കുകയാണുണ്ടായത്. മെഡിക്കൽ കൗൺസിൽ മെഡിക്കൽ കോളേജുകൾ കൊടുത്തു. 100 മെഡിക്കൽ കോളേജുകൾക്കുള്ള ആപ്ലിക്കേഷൻസുണ്ടായിരുന്നു. നാലോ അഞ്ചോ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണ് അനുമതി കൊടുത്തത്. ആരാണ് ഈ ഗവൺമെന്റാണോ കൊടുത്തത്? മെഡിക്കൽ കൗൺസിൽ വളരെ കർശനമായ പരിശോധനകൾക്കു ശേഷമാണ് മെഡിക്കൽ കോളേജുകൾക്ക് അനുമതി കൊടുത്തത്. 30 എൻജിനീയറിംഗ് കോളേജുകൾക്ക് അനുമതി കൊടുത്തത് എ.ഐ.സി.ടി.ഇ. ആണ്. നഴ്സിംഗ് കോളേജുകൾക്ക് അനുമതി കൊടുത്തത് അത്തരം സ്ഥാപനങ്ങളാണ്. ബി.എഡ്. കോളേജുകളുടെ കാര്യത്തിൽ തന്നെ നിങ്ങൾക്കറിയാം ഈ ഗവൺമെന്റ് അവയ്ക്ക് അനുമതി കൊടുത്തിരിക്കുകയല്ല. അത് എൻ.സി.ടി.ഇ.-ക്ക് ശുപാർശ ചെയ്തിരിക്കുകയാണ്. നിങ്ങൾ പറയുന്ന 64 കോളേജുകളിൽ ആവശ്യമായ സൗകര്യങ്ങളില്ലാത്ത ഏതെങ്കിലും കോളേജുകൾക്ക് ഗവൺമെന്റ് ശുപാർശ നൽകിയിട്ടുണ്ടെങ്കിൽ എൻ.സി.ടി.ഇ.-യുടെ കർശനമായ പരിശോധന കഴിയുമ്പോൾ ആ കോളേജുകൾക്ക് യാതൊരു കാരണവശാലും അനുമതി കിട്ടില്ല. എന്തിനാണ് എൻ.ഒ.സി. കിട്ടുന്നതിനുവേണ്ടി അഴിമതി നടത്തി എന്നാണോ പറയുന്നത്? അഴിമതി ആക്ഷേപങ്ങളുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലുണ്ടായിരിക്കുന്ന ഒരു അഴിമതിയും നടത്താത്ത നാന്നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെറ്റാണെന്നാണോ പറയുന്നത്? പക്ഷേ എനിക്ക് ഈ ഗവൺമെന്റിന്റെ മുമ്പിൽ ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ഇനിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നടപടി നിർത്തി വയ്ക്കണം. കാരണം നമ്മുടെ സംസ്ഥാനത്ത് ആവശ്യത്തിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. ഇനി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ, സെന്റർ ഓഫ് എക്സലൻസ് ആയി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റാനുള്ള ഒരു സെക്കന്റ് സ്റ്റേജായി ഗവൺമെന്റ് അതിന്റെ ഫോളോ അപ് ആക്ഷനുമായി മുമ്പോട്ടു പോകണം. ഗുണനിലവാരമുണ്ടാക്കണം. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന് യാതൊരു കേടുപാടും കൂടാതെ ഗവൺമെന്റിന്റെ ശക്തമായ സാന്നിദ്ധ്യവും പിന്തുണയും ഉറപ്പിച്ചുകൊണ്ട്, കേരളത്തിൽ പൊതുവിദ്യാഭ്യാസത്തെ നിലനിർത്തിക്കൊണ്ട് കേരളത്തിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം നന്നായി കൊണ്ടുപോകാനുള്ള ശ്രമങ്ങളുണ്ടാകണം. എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ദിവസം ആരംഭിച്ച ഒരു മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പോകാനുള്ള അവസരം എനിക്കുണ്ടായി. എന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ഏർപ്പെടുത്തിയിരിക്കുന്നത്? അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങളാണ് അവിടെ ഏർപ്പെടുത്തിയിരിക്കുന്നത്. എ.ഐ.സി.ടി.ഇ. അംഗീകാരം കൊടുത്ത ഒരു മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടാണ്. അവിടെ എം.സി.എ.യ്ക്കുള്ള സ്ഥാപനങ്ങളുണ്ട്. വിദേശത്തുള്ള ഒരുപാട് സർവ്വകലാശാലകളുമായും അവിടത്തെ വിദ്യാർത്ഥികളുമായും ഇടപഴകാനുള്ള അവസരം എനിക്കുണ്ടായി. ബോംബെയിൽ അല്ലെങ്കിൽ ഐ.ഐ.ടി.-ൽ പോയി പഠിച്ചാൽ മാത്രം കിട്ടുന്ന അവസരങ്ങൾ, സൗകര്യങ്ങൾ നമ്മുടെ നാടൻ ഗ്രാമങ്ങളിൽ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ഗ്രാമപ്രദേശത്ത് ആരംഭിച്ചിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനമാണ്. കേരളത്തിൽ അതുപോലുള്ള എത്രയോ സ്ഥാപനങ്ങളുണ്ടായി? നിങ്ങൾ അതെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണോ? കേരളത്തിൽ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ, കുറേക്കൂടി വർദ്ധിപ്പിക്കാൻ, അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ള വിദ്യാഭ്യാസ മേഖലയിലെ കാതലായ മാറ്റത്തെ അനാവശ്യമായ പ്രശ്നങ്ങൾകൊണ്ടു പുകമറ സൃഷ്ടിക്കുന്ന ഈ നിലപാട് കൊണ്ട് നമുക്ക് പുറത്ത് അറിയിക്കാൻ കഴിയാതെ പോകും. അത് നമ്മുടെ സംസ്ഥാനത്തിന് നഷ്ടമായിരിക്കും എന്നുമാത്രമേ ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നുള്ളൂ. നമുക്ക് നമ്മുടെ നയങ്ങളിൽ ഒരു ക്ലാരിറ്റിയുണ്ടാകണം. നമ്മുടെ വെസ്റ്റ് മിനിസ്റ്റർ ശൈലി എന്നുപറയുന്നത് എല്ലാ പാർലമെന്റുകളുടേയും മദർ പാർലമെന്റ് എന്ന് വിശേഷിപ്പിക്കുന്ന ബ്രിട്ടീഷ് പാർലമെന്റിൽ ഇടയ്ക്കിടെ ഉയരുന്ന ഒരു ചോദ്യമുണ്ട്. Why the people do not trust in Government? "എന്തുകൊണ്ടാണ് ജനങ്ങൾ ഈ ഗവൺമെന്റിൽ അവിശ്വസിക്കുന്നത്?" അതിനുള്ള പ്രധാന കാരണം ഹാർവാർഡ് യൂണിവേഴ്സിറ്റി തന്നെ വളരെ രസകരമായ ഒരു അനാലിസിസ്, ബ്രിട്ടീഷ്

LIBRARY ARCHIVES Kerala Legislative Assembly

പാർലമെന്റിൽ ഉയരുന്ന ഈ ചോദ്യത്തെക്കുറിച്ച് വലിയ സ്റ്റഡി നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായി പറയുന്നത് നയങ്ങളിലുള്ള അവ്യക്തതയാണ്. എന്തുകൊണ്ടാണ് ജനങ്ങൾ ഗവൺമെന്റിൽ അവിശ്വാസം രേഖപ്പെടുത്തുന്നത്? ഓരോ നയങ്ങളിലും കോൺക്രീറ്റ് പോളിസികളുണ്ടാകണം. വിദ്യാഭ്യാസ നയമാണെങ്കിൽ അതിന്റെ കോൺക്രീറ്റ് പോളിസിയുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസിനെക്കുറിച്ച്, അവിടത്തെ സംവരണത്തെക്കുറിച്ച്, അവിടത്തെ മെറിറ്റ് സീറ്റിനെക്കുറിച്ച്, അവിടെ ഉണ്ടാകേണ്ട സൗകര്യങ്ങളെക്കുറിച്ച് നമുക്ക് ഒരു കോൺക്രീറ്റ് പോളിസിയുണ്ടാകണം. അതിന്റെ ഫോളോ അപ് ആക്ഷനുമായി നമ്മൾ മുമ്പോട്ടു പോകണം. ഇന്നിപ്പോൾ കേരളത്തിൽ വന്ന് ഒരു പ്രധാനപ്പെട്ട മൾട്ടി നാഷണൽ കമ്പനി (എം.എൻ.സി.) 100 പേരെ ഇന്റർവ്യൂ നടത്തിയാൽ 2 പേരെ മാത്രമേ അവർക്ക് കിട്ടുന്നുള്ളൂ. ആന്ധ്രാപ്രദേശ് എന്നുപറയുന്നത് നമ്മളെക്കാളും പിന്നോക്കം നിന്നിരുന്ന സംസ്ഥാനമാണ്. അവിടെ 100 പേരെ ഇന്റർവ്യൂ ചെയ്താൽ കിട്ടുന്നത് 10 പേരെയാണ്. നമ്മൾ പാണ്ടികളെന്ന് വിളിച്ച് ആക്ഷേപിക്കുന്ന തമിഴ്നാട്ടിൽ പോയി ഇന്റർവ്യൂ ചെയ്താൽ അവർക്ക് കിട്ടുന്നത് 8 പേരെയാണ്. കേരളത്തിൽ അങ്ങനെ കിട്ടുന്ന ആളുകളുടെ എണ്ണം രണ്ടാണ്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി ഉയർത്താൻ കഴിഞ്ഞാൽ തീർച്ചയായും നമുക്കും ഒരുപാട് തൊഴിലവസരങ്ങൾ ഉണ്ടാകും. നമുക്ക് ഒരു തൊഴിൽ നയമുണ്ടാകണം. 35 ലക്ഷം പേരാണ് കേരളത്തിൽ ഒരു വർഷം പി.എസ്.സി. പരീക്ഷ എഴുതുന്നത്. ആകെ 15,000 പേരെയാണ് നമ്മൾ റിക്രൂട്ട് ചെയ്യുന്നത്. എല്ലാ കണ്ണുകളും പി.എസ്.സി.-യിലേക്കാണ്. ടെക്നോപാർക്കിലെ ചീഫ് ആയിരുന്ന ശ്രീ. വിജയരാഘവൻ ഒരിക്കൽ ഒരു ഇന്റർവ്യൂവിൽ പറഞ്ഞു 25,000 രൂപ അവിടെ നിന്ന് ശമ്പളം പറ്റിയിരുന്ന ഒരു ചെറുപ്പക്കാരൻ കെ.എസ്.ഇ.ബി.-യിൽ ഓവർസീയർ ആയി ജോലി കിട്ടിയപ്പോൾ 25,000 രൂപ ശമ്പളം കിട്ടുന്ന ജോലി രാജി വച്ച് കെ.എസ്.ഇ.ബി.-യിൽ പോയി എന്ന്. എല്ലാ ചെറുപ്പക്കാരുടേയും ആഗ്രഹം സർക്കാർ ജോലി കിട്ടണമെന്നാണ്. 35 ലക്ഷം പേർ പി.എസ്.സി. പരീക്ഷ എഴുതുകയാണ്. നമുക്ക് കൃത്യമായ കരിയർ ഗൈഡൻസുണ്ടാകണം. ലോകത്ത് തൊഴിലവസരങ്ങളുടെ യാതൊരു കുറവുമില്ല. ലോകം തന്നെ വലിയൊരു തൊഴിൽ മേഖലയായി മാറിയിരിക്കുകയാണ് എന്നുള്ള യാഥാർത്ഥ്യം നമ്മുടെ ചെറുപ്പക്കാരെ അറിയിക്കണം. നമ്മുടെ സംസ്ഥാനത്ത് ഒരു എംപ്ലോയ്മെന്റ് പോളിസിയുണ്ടാകണം. ഒരു എംപ്ലോയ്മെന്റ് കമ്മീഷൻ രൂപീകരിക്കണം. പ്രാദേശികമായ സാദ്ധ്യതകളെക്കുറിച്ച് പഠിച്ചുകൊണ്ട് തൊഴിൽ മേഖലയിലേക്ക് നമ്മുടെ ചെറുപ്പക്കാരെ നയിക്കാൻ കഴിയും. അതിനുള്ള ഒരു ഇനിഷ്യേറ്റീവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാവരും ഇപ്പോൾ കമ്പ്യൂട്ടറിലാണ്. ഐ. ടി., കമ്പ്യൂട്ടറിൽ തുടങ്ങി കമ്പ്യൂട്ടറിൽ

LIBRARY ARCHIVES Kerala Legislative Assembly

അവസാനിക്കുന്നതല്ല ജീവിതം. കമ്പൂട്ടർ എന്നു പറയുന്നത് ലാസ്റ്റ് സൊല്യൂഷനും അല്ല. ഒരുപാട് മേഖലകൾ നമ്മുടെ ഈ പുതിയ ലോകത്ത് ഉണ്ടായിട്ടുണ്ട്. ആ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തിക്കൊടുക്കാൻ, അതിനുള്ള അവസരങ്ങൾ നമ്മുടെ കുഗ്രാമങ്ങളിൽ ജീവിക്കുന്ന ചെറുപ്പക്കാർക്ക് ഉണ്ടാക്കിക്കൊടുത്താൽ നമ്മുടെ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ഇപ്പോഴും പി.എസ്.സി. യും അതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉദ്യോഗം പ്യൂൺ മുതൽ ഡെപ്യൂട്ടി കളക്ടർ വരെ പി.എസ്.സി. ഇന്റർവ്യൂ വഴി തെരഞ്ഞെടുപ്പു നടക്കുന്ന സംസ്ഥാനം കേരളം മാത്രമാണ്. എല്ലാവരും അതിന്റെ പുറകെ പോയ്ക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. വലിയ രാഷ്ട്രീയ പ്രതിസന്ധികൾ നിലനിന്നിരുന്നപ്പോൾ, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കേരളത്തിൽ വന്നപ്പോൾ കേരളത്തിലെ പ്രശ്നങ്ങളെക്കുറിച്ച് യഥാർത്ഥ പഠനം നടത്തി. ഇതുവരെ കേരളത്തിൽ വന്നിട്ടുള്ള ഏത് ഫിനാൻസ് കമ്മീഷന്റേയും മുൻപിൽ അവതരിപ്പിച്ചിരുന്നതിനേക്കാൾ ശ്രദ്ധേയമായി, ഫലപ്രദമായി കേരളത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഞാൻ അഭിമാനപൂർവ്വം പറയുകയാണ് ഈ ഫിനാൻസ് കമ്മീഷനിലെ മെമ്പർമാർ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും സന്ദർശിച്ചിട്ട് ഔദ്യോഗികമായും അനൗദ്യോഗികമായും പ്രകടിപ്പിച്ച അഭിപ്രായം സ്റ്റേറ്റിന്റെ പ്രശ്നം ഇത്ര ഭംഗിയായി അവരുടെ മുമ്പിൽ അവതരിപ്പിച്ച ഒരു സംസ്ഥാനം ഇല്ലെന്നാണ്. ഇത് നമ്മുടെ ഗവൺമെന്റിന്റെ തൊപ്പിയിലെ മനോഹരമായ ഒരു തൂവലായി ഞാൻ കാണുന്നു. ഞാൻ കുറ്റപ്പെടുത്തുന്നതല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തെറ്റിദ്ധാരണകൾ കൊണ്ടോ അല്ലെങ്കിൽ ഒമിഷൻ കൊണ്ടോ സംഭവിച്ച ഒരുപാട് പാളിച്ചകൾക്കൊക്കെ കേരളം വലിയ വില കൊടുക്കേണ്ടി വന്നു. ഇപ്പോൾ ഫിനാൻസ് കമ്മീഷന്റെ മുൻപിൽ കേരളത്തിന്റെ പ്രശ്നങ്ങൾ എല്ലാ മന്ത്രിമാരും, ഉദ്യോഗസ്ഥൻമാരും കൂട്ടായി ചേർന്ന് സംയുക്തമായി നമുക്ക് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫിനാൻസ് കമ്മീഷനിലും, കേന്ദ്രത്തിലെ ഫിനാൻസ് സെക്രട്ടേറിയറ്റിലും വലിയ അഭിപ്രായം നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാട്ടുകാരെക്കുറിച്ച് നമുക്ക് പുച്ഛമാണ്. തമിഴ്നാടാണ് ഏറ്റവും വൃത്തികെട്ട രാഷ്ട്രീയമുള്ള സംസ്ഥാനം, ഡി.എം.കെ.-യും ദ്രാവിഡ പൊളിറ്റിക്സും ഉള്ള സംസ്ഥാനം. പക്ഷെ അവിടെനിന്നുള്ള എല്ലാ പാർട്ടിയിലുംപെട്ട എം.പി. മാർ ഡൽഹിയിൽ ചെന്ന് സെൻട്രൽ സെക്രട്ടേറിയറ്റിലെ തമിഴ്നാട്ടിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരുമായി കൂട്ടുചേർന്ന് ആ സംസ്ഥാനത്തിനുവേണ്ടി നടത്തുന്ന ലോബീയിംഗ് നിങ്ങൾ കാണണം. ഓരോ ഫിനാൻസ് കമ്മീഷൻ വരുമ്പോഴും, സെൻട്രലിലെ ഓരോ പ്രോജക്ടും വരുമ്പോഴും ആ സംസ്ഥാനത്തേക്ക് പദ്ധതികൾ കൊണ്ടുപോകാൻവേണ്ടി അവർ നടത്തുന്ന ലോബീയിംഗ് നാം മാതൃകയാക്കേണ്ടതാണ്. എന്തായാലും ഇതിനൊക്കെയുള്ള ശ്രമങ്ങൾ നമ്മുടെ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള ഏറ്റവും വലിയ മാറ്റത്തിന്റെ സൂചനയായി വല്ലാർപാടം കണ്ടെയിനർ ടെർമിനൽ അനുവദിച്ചുകിട്ടും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന് നമുക്ക് നൂറു ശതമാനം ബോധ്യപ്പെട്ടിരിക്കുന്നു. രണ്ടു ലക്ഷം ആളുകൾക്ക് ഡയറക്റ്റായും, നാലഞ്ചു ലക്ഷം ആളുകൾക്ക് ഇൻഡയറക്റ്റായും തൊഴിൽ കൊടുക്കാൻ കഴിയുന്ന കേരളത്തിന്റെ സമ്പത്ത്വ്യവസ്ഥയെ കാര്യമായി സ്വാധീനിക്കാൻ പോകുന്ന, നമ്മുടെ സംസ്ഥാനം ഉണ്ടായതിനുശേഷമുള്ള ഏറ്റവും വലിയ സെൻട്രൽ ഇൻവെസ്റ്റുമെന്റായി വല്ലാർപാടം കണ്ടെയിനർ മാറാൻ പോകുകയാണ്. ഇതെല്ലാം നമ്മുടെ നാട്ടിന്റെ വികസനത്തിന്റെ നാഴികക്കല്ലായി മാറുന്നു. ഇതെല്ലാം കേന്ദ്രത്തിന്റെ മുൻപിൽ അവതരിപ്പിക്കാനും, സമ്മർദ്ദം ചെലുത്താനുമുള്ള ശ്രമങ്ങൾ നമ്മുടെ ഗവൺമെന്റ് ആരംഭിച്ചു. ഇവിടെ കുറേ ഉദ്യോഗസ്ഥൻമാർക്ക് ജോലിയില്ലാതാകുമ്പോൾ കേരളഹൗസിൽ പോയിരിക്കാൻവേണ്ടി ഐ.എ.എസ്. കാരെ പറഞ്ഞയക്കുന്നതിനു പകരം നമ്മുടെ സംസ്ഥാനത്തെ മിടുമിടുക്കൻമാരായ ഉദ്യോഗസ്ഥൻമാരെ, പഠിക്കാൻ കഴിവുള്ള ആളുകളെ, അവിടെ ചെന്ന് ജോബ് ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥൻമാരെ സെലക്റ്റ് ചെയ്ത് ഡൽഹിയിലേക്ക് അയക്കാൻ ഗവൺമെന്റ് ഇനിയെങ്കിലും ശ്രദ്ധിക്കുമെന്ന് എനിക്ക് പൂർണ്ണമായ വിശ്വാസമുണ്ട്. നമ്മൾ മറന്നു പോകുന്ന ഒരു പ്രധാനപ്പെട്ട കാര്യം പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ചാണ്. കഴിഞ്ഞ ബഡ്ജറ്റിൽ നമ്മൾ പ്രഖ്യാപിച്ചതാണ് പരമ്പരാഗത വ്യവസായത്തിന്റെ ഫണ്ട് രൂപീകരണം. ഈ ഫണ്ടിന്റെ രൂപീകരണം ഒരു വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഏറ്റവും ദുഃഖകരമായ സംഗതിയാണ്.

ശ്രീ. ഷിബു ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസക്തമായ ഒരു പോയിന്റ് പറഞ്ഞു. ഉദ്യോഗസ്ഥൻമാരെ ഡൽഹിയിൽ നിയമിച്ച് ലോബീയിംഗ് ചെയ്യേണ്ട ആവശ്യം സംബന്ധിച്ച് പറയുകയുണ്ടായി. ആന്ധ്രാ പോലെ ഒരു സംസ്ഥാനം ഡൽഹി കേന്ദ്രീകരിച്ച് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ ഒരു മന്ത്രിയെത്തന്നെ നിർത്തിയിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മൾ മാർവാടികളെക്കുറിച്ച് കളിയാക്കിപ്പറയും, ഉത്തരേൻഡ്യൻ ഗോസായിമാരെക്കുറിച്ച് കളിയാക്കിപ്പറയും. പക്ഷെ സൗത്ത് ഇൻഡ്യൻ സ്റ്റേറ്റുകളാണ് ഇപ്പോൾ ഡൽഹിയിൽ പോയി ഏറ്റവും ഫലപ്രദമായി ലോബീയിംഗ് നടത്തുന്നത്. ഞാൻ പറഞ്ഞുവന്നത് പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ചാണ്. പരമ്പരാഗത വ്യവസായ ഫണ്ടിന്റെ രൂപീകരണം വൈകുന്നു എന്നുള്ളത് ഏറ്റവും ദുഃഖകരമാണ്. അതുപോലെ സർക്കാർ സഹായത്തോടെ പരമ്പരാഗത വ്യവസായ മേഖലയെ താങ്ങി നിർത്താൻ കഴിയില്ല എന്ന വ്യവസായ മന്ത്രിയുടേതായി വന്ന പ്രസ്താവന വളരെ ഉത്ക്കണ്ഠാജനകമാണ്. സർക്കാരിന്റെ സഹായം കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾക്കു വേണം. എത്ര പേർ ഏത് 'ജിം' കൊണ്ടുവന്ന് എത്ര ലക്ഷം

പേർക്ക് തൊഴിൽ കൊടുത്താലും ഇരുപത്തഞ്ചു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയെ നിലനിർത്താൻ ഈ ഗവൺമെന്റിന്റെ സഹായം വേണം. ഈ ഗവൺമെന്റ് താങ്ങി നിർത്തണം. അല്ലാതെ അവരെ മുഴുവൻ വഴിയാധാരമാക്കി അവരെ മുഴുവൻ പട്ടിണിയിലാക്കാൻ, വഴിയിൽ വിട്ടുകൊണ്ട് കുറേ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ മാത്രം, ഐ.റ്റി. എനേബിൾഡ് സർവ്വീസ് മാത്രം കേരളത്തിൽ വന്നതുകൊണ്ടു നമുക്ക് കാര്യമില്ല. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖല നമ്മുടെ നട്ടെല്ലാണ്. കൈത്തറിയായാലും, കശുവണ്ടിയായാലും, അതുമായി ബന്ധപ്പെട്ട ഏത് വ്യവസായ മേഖലയേയും താങ്ങി നിർത്താൻ ഗവൺമെന്റ് ശ്രമിക്കണം. വെൽഫെയർ സ്റ്റേറ്റ് എന്ന നിലയിൽ ഈ ഗവൺമെന്റിന് ചില ഉത്തരവാദിത്തങ്ങളുണ്ട്. ചില കടപ്പാടുകളുണ്ട്. ക്ഷേമ രാഷ്ട്രം എന്ന നിലയിൽ ഈ ഗവൺമെന്റ് ഒരു ജനാധിപത്യ ഭരണകൂടത്തിന്റെ ബാധ്യതകൾ നിറവേറ്റാൻ ശ്രമിക്കണം. എല്ലാ മേഖലയും സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുക്കുക എന്നുള്ളത് മാത്രമല്ല സൊല്യൂഷൻ. ഈ ഗവൺമെന്റ് ഉത്തരവാദിത്വങ്ങൾ കൂടി ഏറ്റെടുക്കണം. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ടൂറിസം രംഗത്ത് ഉണ്ടായ അഭൂതപൂർവ്വമായ മാറ്റം നമ്മുടെ ഗവൺമെന്റ് ചെയ്ത ഏറ്റവും നല്ല സംഗതിയാണ്. നമ്മുടെ വിദേശ മലയാളികളെ കേരളത്തിന്റെ വികസനത്തിന്റെ അംബാസഡർമാരാക്കിക്കൊണ്ട് കേരളം വലിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്നുള്ള ഈ ഗവൺമെന്റിന്റെ പ്രചരണം, ഈ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്ത പ്രചരണം ഏറ്റവും ഫലപ്രദമായ സംഭവമായിട്ടാണ് നമ്മൾ കണ്ടുവരുന്നത്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം നടത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഈ മേഖലയിൽ ഏർപ്പെടുത്തി ഈ വർഷം 30% വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അടുത്തവർഷം അത് 50% ആക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ നമ്മുടെ റോഡിന്റെ കാര്യത്തിലും ടൂറിസം മേഖലയിലും ഉണ്ടായിട്ടുണ്ട്. കുറേക്കൂടി കാതലായ മാറ്റം ഈ മേഖലയിൽ ഉണ്ടാക്കിക്കൊണ്ട് നമുക്ക് മുന്നോട്ട് പോകണമെന്ന് സൂചിപ്പിക്കുകയാണ്. ഒരു കാര്യം മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാന്യനായ പള്ളുരുത്തി മെമ്പർ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ച കോയമ്പത്തൂർ ജയിലിൽ കിടക്കുന്ന ശ്രീ. മ്അദനിയുടെ പ്രശ്നം. ആ വ്യക്തി നാലഞ്ചു വർഷമായി ജയിലിൽ കിടക്കുന്നതിനെതിരായി ഈ നിയമസഭയ്ക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ഒരു തീരുമാനം എടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട സതീശൻ നയങ്ങളുടെ ആവർത്തനമല്ലാതെ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്ന് ചോദിക്കുകയുണ്ടായി. നയങ്ങളുടെ എഴുതി തയ്യാറാക്കിയ ആവർത്തനമല്ലാതെ മറ്റൊന്നും ഈ ഭരണത്തിൻ കീഴിൽ മുപ്പത്തിരണ്ടു മാസക്കാലമായി നടക്കുന്നില്ല എന്നുള്ളതാണ് സത്യം. ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിലും പുറത്തും പറഞ്ഞത് എനിക്ക് ആറുമാസത്തെ സമയം തരണമെന്നാണ്. അതുകഴിഞ്ഞ് ഒരു വർഷത്തെ സമയം ചോദിച്ചു. പിന്നെ ഒന്നര വർഷത്തെ. ഇപ്പോൾ മുപ്പത്തിരണ്ട് മാസമായിരിക്കുന്നു. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങളുടെ മുമ്പിൽ പ്രകടന പത്രികയിലൂടെ പറഞ്ഞ ഒറ്റ വാഗ്ദാനംപോലും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വാഗ്ദാന ലംഘനങ്ങളുടെ ഘോഷയാത്ര നടത്തിയ ഗവൺമെന്റാണ് ഇത്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം 'ജിം'-ന്റെ ആഗോള നിക്ഷേപക സമ്മേളനത്തിന്റെ നെടുനായകത്വം വഹിച്ച ആളാണ്. അദ്ദേഹത്തിനുതന്നെ നിരാശയോടുകൂടി ഒരു ഘട്ടത്തിൽ പറയേണ്ടി വന്നു 'ജിം' മുന്നോട്ടു വച്ച പദ്ധതികളൊന്നും രാഷ്ട്രീയ അനിശ്ചിതത്വം കാരണം ഇവിടെ നടക്കുന്നില്ല എന്ന്. രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിച്ചതാരാണ്? ജിം-ന്റെ പദ്ധതികൾ എന്തുകൊണ്ട് പരാജയപ്പെട്ടു എന്ന് ശ്രീ. ഗണേഷ്കുമാർ ചോദിച്ചു. രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിച്ചത് നിങ്ങൾ തന്നെയാണ്. ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായിട്ടാണ് ഞങ്ങൾ എക്കാലവും പ്രവർത്തിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം കഴിഞ്ഞ മുപ്പത്തിയെട്ടു മാസക്കാലം ഞങ്ങൾ ഉന്നയിച്ച പ്രശ്നം ജനങ്ങളുടെ ആവശ്യങ്ങളടങ്ങിയ പ്രശ്നങ്ങളല്ലായെന്ന് പറയാൻ കഴിയുമോ? അങ്ങനെയുള്ള പ്രശ്നങ്ങൾ മാത്രമേ ഞങ്ങൾ ഉന്നയിച്ചിട്ടുള്ളൂ. നിങ്ങളാണെങ്കിൽ ഭരണ നവീകരണം, നവീകരണം എന്നു പറയുകയാണ്. ഭരണ നവീകരണം എന്നു പറയുകയും യഥാർത്ഥത്തിൽ ഭരണത്തിന്റെ നശീകരണത്തിന് നിങ്ങൾ നേതൃത്വം നൽകിക്കൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞു കമ്പ്യൂട്ടറുകളിൽ തുടങ്ങി കമ്പ്യൂട്ടറുകളിൽ അവസാനിക്കുന്നതല്ല ജീവിതം എന്ന്. ഇത് ഗവൺമെന്റിനുള്ള ഒരു മുന്നറിയിപ്പാണ്. കമ്പ്യൂട്ടറുകളിൽ തുടങ്ങി കമ്പ്യൂട്ടറുകളിൽ അവസാനിക്കുന്നതാണ് ജീവിതം എന്നു കരുതുന്ന ഗവൺമെന്റാണ് ഇത്. നിങ്ങൾ ഭരണ നവീകരണത്തിന്റെ പേരിൽ ആവിഷ്കരിക്കുന്ന എല്ലാ പരിപാടികളും കുറെ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും കുറെ കൺസൾട്ടൻസികളെ നിയോഗിക്കുന്നതിനും കുറെ പഠനങ്ങൾ നടത്തുന്നതിനും അതിന്റെ പേരിൽ കുറെ കമ്മീഷൻ അടിക്കുന്നതിനും മാത്രം വഴിയൊരുക്കുന്നവയാണ്. നിങ്ങൾ പ്രഖ്യാപിച്ചു നടപ്പിലാക്കുന്ന ഭരണ നവീകരണ പരിപാടികൾ കൂടുതൽ അഴിമതിക്കും കൂടുതൽ ആക്ഷേപങ്ങൾക്കും വഴിയൊരുക്കുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവല്ല ഉപതെരഞ്ഞെടുപ്പിന്റെ വേളയിൽ അവിടെയും പുറത്തും പറയുകയുണ്ടായി, എനിക്ക് ഇതുവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല, എന്റെ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല, എന്നെ ഒന്നും ചെയ്യാൻ അനുവദിക്കുന്നില്ല എന്ന്. 32 മാസക്കാലം ഭരിച്ചതിനിടയിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നും ഒന്നും ചെയ്യാൻ അനുവദിക്കുന്നില്ല എന്നും കുറ്റ സമ്മതം നടത്തുന്ന മുഖ്യമന്ത്രി ഇപ്പോഴെന്നല്ല, എന്നെങ്കിലും കേരളത്തിന്റെയോ, തിരു കൊച്ചിയുടേയോ, തിരുവിതാംകൂറിന്റെയോ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ആ പ്രസംഗം ഞാൻ കേട്ടതാണ്. എ. കെ. ആന്റണിയായ എന്നെ, എന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ ഭരിക്കാൻ അനുവദിക്കുന്നില്ല, ഞാൻ എന്ത് തെറ്റാണ് ചെയ്തത്? 100 സീറ്റുകൾ ജനങ്ങൾ നൽകി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിനെ ഭരിക്കാൻ അനുവദിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പരിതപിക്കുകയാണ്. അതിന്റെ അർത്ഥം നിങ്ങൾ തന്നെ ഉണ്ടാക്കിവച്ച, നിങ്ങളുടെ തന്നെ ഭരണ നടപടികളുടേയും സമീപനങ്ങളുടേയും, നിങ്ങൾ തന്നെ പ്രീണിപ്പിച്ച വർഗ്ഗീയ-സാമുദായിക ശക്തികളുടെ മുന്നേറ്റത്തിന്റെയും ദുരന്ത ഫലങ്ങളാണ് നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ ബി. എഡ്. കോളേജുകൾ അനുവദിച്ചത് ഉൾപ്പെടെയുള്ള ആക്ഷേപങ്ങളും അതു സംബന്ധിച്ച് വന്നിരിക്കുന്ന പ്രസ്താവനകളും പരിശോധിച്ചാൽ നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൂടെ നിർത്തിയ ആളുകൾ തമ്മിൽ നടത്തുന്ന ആക്ഷേപങ്ങളും ആരോപണ-പ്രത്യാരോപണങ്ങളും ആണ്. ഞങ്ങൾ അതിൽ ഒരു തെറ്റും ചെയ്തിട്ടില്ല. ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളത്. സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ നേരിടുകയാണ്. ഗവൺമെന്റ് ഇതിനകം തന്നെ കേരളത്തിലെ ഭൂരിപക്ഷം ജില്ലകളേയും വില്ലേജുകളേയും വരൾച്ച ബാധിത ജില്ലകളായും വില്ലേജുകളായും പ്രഖ്യാപിച്ചിരിക്കുന്നു. ഈ വരൾച്ചയെ നേരിടുന്നതിനെ സംബന്ധിച്ചിടത്തോളം ഗൗരവതരമായി ഗവൺമെന്റ് കാണുന്നു എങ്കിൽ ഗവർണ്ണറുടെ പ്രസംഗത്തിൽ അതേക്കുറിച്ച് ഒരു സൂചന വേണ്ടേ? അതേക്കുറിച്ച് ഒരു സൂചന പോലും ഈ പ്രസംഗത്തിൽ കാണുന്നില്ല. അതിന്റെ അർത്ഥം പഴയപോലെ വീണ്ടും കാര്യങ്ങൾ നിർവ്വീര്യമാക്കുമെന്നാണ് കഴിഞ്ഞ വരൾച്ചയെ സംബന്ധിച്ച് കേന്ദ്ര സംഘം വന്നത് വെള്ളപ്പൊക്കക്കാലത്താണ്. വെള്ളപ്പൊക്കത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സംഘം വരുന്നത് വരൾച്ചയുടെ കാലഘട്ടത്തിൽ. കൃത്യസമയത്ത് കേന്ദ്രത്തിൽ ഈ പ്രശ്നം അവതരിപ്പിക്കാനും അതനുസരിച്ചുള്ള നടപടി സ്വീകരിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇത്രയും മൂക്ഷമായ വരൾച്ചയെ നേരിടുമ്പോഴും ബഹുഭൂരിപക്ഷം വില്ലേജുകളും ജില്ലകളും വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുമ്പോഴും അതിനെ ഗൗരവമായി കണക്കിലെടുത്ത് കേന്ദ്ര ടീമിനെ ഇവിടെ കൊണ്ടുവന്ന് അർഹമായ ദുരിതാശ്വാസം ലഭ്യമാക്കാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? അതിനുവേണ്ടി സമയം കണ്ടെത്തിയിട്ടുണ്ടോ? ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭരണ നവീകരണം എന്നു പറയുന്നത് ആരെയൊക്കെ ബാധിക്കുന്നതാണ്? നമ്മുടെ ജനസംഖ്യയിലെ ചെറിയ ശതമാനത്തിന്റെ ജീവിതത്തെ മാത്രം ബാധിക്കുന്ന നടപടികളാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുഭൂരിപക്ഷം വരുന്ന ദളിതർ, പിന്നോക്ക വിഭാഗങ്ങൾ, മൽസ്യത്തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, കയർത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, ഗ്രാമീണ മേഖലയിലും പരമ്പരാഗത മേഖലയിലും പണിയെടുക്കുന്ന മറ്റ് തൊഴിലാളികൾ എന്നിവരുടെ ജീവിതത്തെ ഗുണപരമായി മുന്നോട്ടുകൊണ്ടുപോകാവുന്ന ഒരു നടപടിയെക്കുറിച്ചും ഈ ഗവൺമെന്റ് ചിന്തിക്കുന്നില്ല, ആലോചിക്കുന്നില്ല എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് ഗവർണ്ണറുടെ പ്രസംഗം. ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാന്യനായ കേരള ഗവർണ്ണർ ശ്രീ. സിക്കന്തർ ഭക്ത് ഈ ഗവൺമെന്റിന്റെ നയ പ്രഖ്യാപന പ്രസംഗം നടത്തിയതിന് എന്റെ സ്നേഹിതൻ ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. ഭൂതകാലത്തിലെ ഇല്ലായ്മകളേയും വല്ലായ്മകളേയും അതിജീവിച്ചുകൊണ്ട് വർത്തമാനകാല യാഥാർത്ഥ്യത്തിൽ ഊന്നിനിന്നുകൊണ്ട് ശോഭനമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയുള്ള ക്രിയാത്മകമായ പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ശ്രീ. രാജൻ ബാബു തൊട്ട് ശ്രീ. സതീശൻ വരെ അതിലെ പല കാര്യങ്ങളും ഇവിടെ വിവരിച്ചതുകൊണ്ട് ഒരു ചർവിത ചർവണത്തിന് ഞാൻ മുതിരുന്നില്ല. കേരളം ഏറെ കൊട്ടിപ്പാടുന്ന കേരളത്തിന്റെ തനതായ മോഡലിൽ പലതും ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന് ഏതെങ്കിലും ഒരു ഗവൺമെന്റ് മാത്രമാണ് ഉത്തരവാദി എന്ന് ഞാൻ കരുതുന്നില്ല. കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തും വ്യാവസായിക രംഗത്തും ഏറെ കാതലായ മാറ്റങ്ങൾ വരാനുള്ള എത്രയോ അവസരങ്ങൾ നമുക്ക് നഷ്ടപ്പെട്ടുപോയി എന്നുള്ളതാണ് യാഥാർത്ഥ്യം. കാലം ആരെയും കാത്തു നിൽക്കുന്നില്ല. സത്യം കാലത്തോടൊപ്പം പുറത്തുവരികയും ചെയ്യും. ഇൻഡ്യയിലെ വിദ്യാഭ്യാസം ഇല്ലാത്ത, പരിഷ്കാരം ഇല്ലാത്ത പല സംസ്ഥാനങ്ങളും കേരളത്തോടൊപ്പം മൽസരിച്ചുകൊണ്ട് ആമയും മുയലും ഓടിയതുപോലെ ഇന്ന് കേരളത്തെ പിന്നിലാക്കിയിരിക്കുകയാണ്. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് കേരളത്തിലെ യു.ഡി.എഫ്. സർക്കാർ മാറ്റത്തിന്റെ ചില പരിപാടികളുമായി മുന്നോട്ടു വന്നത്. ഈ നയപ്രഖ്യാപനത്തിൽ തന്നെ പറഞ്ഞ പല ജനോപകാരപ്രദമായ കാര്യങ്ങളും, കൃഷി, ടൂറിസം, വിവര സാങ്കേതിക വിദ്യ, അതുപോലെ തന്നെ ബയോ ടെക്നോളജി, അടിസ്ഥാന സൗകര്യ വികസനം

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയ്ക്കെല്ലാം നൽകിയിട്ടുള്ള പ്രാധാന്യം പ്രതിപക്ഷത്തിന് മനസ്സിലാകുമെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിന്റെ നട്ടെല്ലായ പരമ്പരാഗത വ്യവസായങ്ങളെയും അതിലെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുവേണ്ടി ഈ നയപ്രഖ്യാപനത്തിൽ നിർണ്ണായകമായ പരാമർശം നടത്തിക്കഴിഞ്ഞിരിക്കുകയാണ്. 2005-ഓടെ ഒരു പോഷകാഹാരക്കുറവുള്ള സംസ്ഥാനം അല്ലാതെ കേരളം മാറും എന്ന് ഈ നയ പ്രഖ്യാപനം വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഇവിടെ പാവപ്പെട്ടവർക്കുള്ള 'കാരുണ്യ' ഭവന നിർമ്മാണ പദ്ധതി തൊട്ട് ലേബർ റിഫോംസ് കമ്മീഷൻ വരെയുള്ള കാര്യങ്ങളും ഉൽപ്പാദന വളർച്ച 6.1 % നേടിയതിനേക്കുറിച്ചും ഈ നയപ്രഖ്യാപനം എടുത്തുപറയുന്നു. മലപ്പുറം ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്ന 'അക്ഷയ' കംപ്യൂട്ടർ പദ്ധതി കേരളത്തിൽ ആകെ നടപ്പാക്കുമെന്ന് ഈ നയപ്രഖ്യാപനത്തിൽ പറയുന്നു. ഞാൻ എല്ലാം വിവരിക്കുന്നില്ല. എന്റെ സ്നേഹിതൻ സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ ഗവൺമെന്റ് അഞ്ചുവർഷം കൊണ്ട് ഭരണ നവീകരണ പരിപാടി പൂർത്തിയാക്കുമെങ്കിൽ ഞാൻ ഉറപ്പിച്ചു പറയുന്നു, അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായിരിക്കും. ഒച്ചിനേപ്പോലെ ഇഴയുന്ന ഫയലുകൾക്കിടയിൽ കുരുങ്ങിക്കിടക്കുന്ന പാവപ്പെട്ടവരുടെ ജീവിതത്തിന് മോചനം നൽകാൻ ഈ ഭരണ നവീകരണ പരിപാടിക്ക് കഴിയണമെന്ന് കേരളത്തിലെ ജനത ആഗ്രഹിക്കുന്നു. പക്ഷേ എന്തുചെയ്താലും അതിനെയെല്ലാം സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്ന ഒരു രാഷ്ട്രീയം നിർഭാഗ്യവശാൽ കേരളത്തിലുണ്ട്. ഓരോ നിയമസഭാ സമ്മേളനം കൂടുമ്പോഴും ഓരോ വിഷയത്തിന്റെ പേരിലാണ് ബഹളം. മുത്തങ്ങ കഴിഞ്ഞു, മതികെട്ടാൻ മല കഴിഞ്ഞു, ഇപ്പോൾ ബി.എഡ്. കോളേജിന്റെ പേരിലാണ്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും, ഈ ഗവൺമെന്റും വിദ്യാഭ്യാസ രംഗത്ത് നടത്തിയ മാറ്റങ്ങളെ ബഹുമാനത്തോടുകൂടി, സന്തോഷത്തോടുകൂടി നോക്കിക്കാണുന്ന ഒരു പൊതുപ്രവർത്തകനാണ്. കേരളത്തിൽ നടന്ന വിദ്യാഭ്യാസ രംഗത്തെ മാറ്റത്തിന്റെ ഫലമായി ഇന്ന് ശ്രീ. പിണറായി വിജയന്റെ മകൾക്ക് കോയമ്പത്തൂരിലെ മാതാ അമൃതാനന്ദമയി കോളേജിൽ പഠിക്കേണ്ടി വന്നു എങ്കിൽ നാളെ ശ്രീ. പിണറായി വിജയന്റെ പാർട്ടിയിലെ ഒരാളുടെ പോലും മക്കളെ തമിഴ്നാട്ടിൽ ചേർക്കേണ്ട ദുഃസ്ഥിതി നമ്മുടെ സംസ്ഥാനത്ത് വന്നു ചേരില്ല എന്നതാണ് വാസ്തവം. ഇവിടെ മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളുമൊക്കെ കൊടുത്തു. ഏതാനും പ്ലസ് ടു സ്കൂളുകൾ കൊടുത്തപ്പോൾ ശ്രീ. പി. ജെ. ജോസഫിന് കേൾക്കേണ്ടിവന്നത് ഈ സംസ്ഥാനത്ത് നമ്മൾ കണ്ടതാണ്. ബഹുമാനപ്പെട്ട മെത്രാപ്പൊലീത്താ തിരുമേനി, ഏതെങ്കിലും മന്ത്രിമാരോ ഗവൺമെന്റ് സെക്രട്ടറിമാരോ കൈക്കൂലി വാങ്ങിയതായി ആക്ഷേപിച്ചിട്ടില്ല. അദ്ദേഹം പാർട്ടിയിലെ ഏതാനും പേരുടെ പേരു പറഞ്ഞു. അതൊരു ജനാധിപത്യ ഗവൺമെന്റ് എന്നുള്ള നിലയിൽ ലോകായുക്തിന് വിടുകയും ചെയ്തു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വിദ്യാഭ്യാസ മന്ത്രിയേയും ഗവൺമെന്റിനേയും പ്രതിക്കൂട്ടിൽ നിർത്തുകയാണ് മാർക്സിസ്റ്റ് പാർട്ടി. മാർക്സിസ്റ്റ് പാർട്ടിയിലെ പലർക്കും അറിയില്ലെങ്കിലും സൂപ്പിയെ എനിക്ക് അറിയാവുന്നതുകൊണ്ട് പറയുകയാണ് ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്വന്തം പിതാവ് സമ്പാദിച്ച തെങ്ങിൻതോട്ടങ്ങൾ ഓരോന്നായി മുറിച്ചു വിറ്റ, എൻജിനീയറിംഗ് കോളേജുകൾ കൊടുത്തപ്പോൾ കൈക്കൂലി വാങ്ങാമായിരുന്നു, എത്ര കോടി രൂപ സമ്പാദിക്കാമായിരുന്നു. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം അതല്ല. അവർ ഈ നയപ്രഖ്യാപന പ്രസംഗം വായിച്ചുകൊണ്ടാണ് ഇവിടെ വിമർശിച്ചത് എന്ന് ഞാൻ കരുതുന്നില്ല. ഒന്നാമത് മാർക്സിസ്റ്റ് പാർട്ടിക്ക് ഇപ്പോൾ ഒന്നും വായിച്ചാൽ മനസ്സിലാകാത്ത കാലമാണ്. അവർക്ക് പാഠം വായിച്ചിട്ട് മനസിലായില്ല. ആ പാഠത്തിന്റെ പേരിൽ അവർ ഒഴുക്കിയ കണ്ണീരുകൊണ്ടാണ് എന്റെ സ്നേഹിതനായ ശ്രീ. ആര്യാടൻ ഷൗക്കത്ത് തന്റെ സിനിമയ്ക്ക് 'പാഠം ഒന്ന് ഒരു വിലാപം' എന്ന് പേരിട്ടത് എന്ന് ഞാൻ കരുതുന്നു. അവർക്ക് ശ്രീ. എം. പി. പരമേശ്വരന്റെ രേഖ വായിച്ചിട്ട് മനസ്സിലാകുന്നില്ല. ശ്രീ. എം. പി. പരമേശ്വരനോട് വളരെയധികം ബഹുമാനമുള്ള ഒരാളാണ്, അത് ഇപ്പോഴല്ല, പണ്ടും. അണുശാസ്ത്രജ്ഞനായ പരമേശ്വരൻ മാനവികത ഉയർത്തിപ്പിടിച്ച ഒരു മഹാ പണ്ഡിതനാണ്. അദ്ദേഹം ഈ ലോകത്തിലെ മാർക്സിസം അല്ലാത്തതിനെയെല്ലാം കറുപ്പാണ് എന്നെഴുതിവച്ചയാളാണ്. പക്ഷേ ഈ അടുത്തകാലത്ത് അദ്ദേഹം കറുപ്പിനും വെളുപ്പിനും ഒരുപോലെ അഴകാണ് എന്നുപറയാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയിലെ തന്നെ ചിലർ 'ഇഷ്ടമല്ലെടാ, ഇഷ്ടമല്ലെടാ' എന്നു പാടാൻ തുടങ്ങിയിട്ടുണ്ട്. അദ്ദേഹത്തിന് പ്രോൽസാഹനം കൊടുത്ത ഡോ. തോമസ് ഐസക്കിന് കേരളത്തിലെ പാർട്ടിയെ ഭയമായതുകൊണ്ട് ബോംബെയിൽ നടന്ന വേൾഡ് സോഷ്യൽ ഫോറത്തിന്റെ സമ്മേളനത്തിൽ അദ്ദേഹത്തിന്റെ അടുത്തിരുന്ന് സ്വകാര്യം പറയുന്നത് ഞാൻ കേട്ടു. ബഹുമാന്യനായ ഡോ. തോമസ് ഐസക് ഇപ്പോൾ ഈ സഭയിലില്ല. അദ്ദേഹത്തിന്റെ അറിവിലേക്കുവേണ്ടി പറയുന്നു, എം. പി. പരമേശ്വരനെപ്പോലെ മാർക്സിസത്തെ മാനവീയതയോടെ നവീകരിക്കണമെന്നു പറയുന്നവർക്ക് പ്രോൽസാഹനം കൊടുക്കണമോ എന്നുള്ളത് മാർക്സിസ്റ്റ് പാർട്ടി ആലോചിക്കണം. കേരളത്തിൽ മാത്രമാണ് മാർക്സിസ്റ്റ് പാർട്ടിക്ക് ഈ തകരാറ്. ബ്രഹത്തിന്റെ കവിതകൾ ഉരുവിടുന്ന, മാനവീകതയിൽ വിശ്വസിക്കുന്ന ബുദ്ധദേവഭട്ടാചാര്യ ബംഗാളിൽ നടത്തുന്ന പരിഷ്കാരങ്ങളോട് മാർക്സിസ്റ്റ് പാർട്ടിക്ക് അലർജിയില്ല. ചൈനയിൽ നടക്കുന്ന പരിഷ്ക്കാരങ്ങളോട് മാർക്സിസ്റ്റ് പാർട്ടിക്ക് അലർജിയില്ല. ലോകത്തിലെ ഇതര കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടക്കുന്ന മാറ്റങ്ങളുടെ കാറ്റിനെ ഇവർ അംഗീകരിക്കുന്നു. കേരളത്തിൽ എന്തെല്ലാം വിദേശ സഹായങ്ങൾ ഇതിനുമുമ്പ് കിട്ടിയിട്ടുണ്ട്? വിപ്ലവത്തിന്റെ ചുവന്ന മണ്ണായ കണ്ണൂരിൽ ബഹുരാഷ്ട്ര കുത്തകയായ

LIBRARY ARCHIVES Kerala Legislative Assembly

എൻറോൺ പദ്ധതിയെക്കുറിച്ച് ചർച്ച നടത്തിയപ്പോൾ അവർക്ക് വിദേശ സഹായത്തിന് അലർജി ബാധകമായില്ല. സി.പി.ഐ. സോവിയറ്റ് റഷ്യയിൽ നിന്നും എത്രയോ സഹായം സ്വീകരിച്ചിട്ടുണ്ട്. കെ.ജി.ബി.യുടെ ഏജന്റുമാരാണ് കമ്മ്യൂണിസ്റ്റുകാർ എന്ന ഒരു ആക്ഷേപമുണ്ടായിട്ടുണ്ട്. റഷ്യയിൽ നിന്നും സഹായം സ്വീകരിച്ചതിന് ഇവർക്ക് അലർജിയുണ്ടായിട്ടില്ല എന്നുള്ളതാണ് വാസ്തവം. അതുപോലെ തന്നെ കൊച്ചിയിലെ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈയെക്കുറിച്ച് ചർച്ച നടന്നതും അതിനെക്കുറിച്ച് തീരുമാനം എടുത്തതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്താണ്. അന്ന് വിദേശ സഹായത്തെക്കുറിച്ച് അവർക്ക് ആക്ഷേപമുണ്ടായില്ല. കെ.എസ്.ഇ.ബി. S.N.C. ലാവ്‌ലിൻ കമ്പനിയുമായി പിണറായി വിജയന്റെ കാലത്ത് പോലും കരാർ ഒപ്പുവച്ചിട്ടുണ്ട്. അന്ന് വിദേശ സഹായത്തെക്കുറിച്ച് അലർജിയുണ്ടായില്ല. കെ.എസ്.ഇ.ബി. എത്രയോ സബ്സ്റ്റേഷനുകൾ നമ്മുടെ രാജ്യത്ത് ആരംഭിച്ചിട്ടുണ്ട്. ആ സബ്സ്റ്റേഷനുകൾ വിദേശ സഹായം കൊണ്ടായിരുന്നു. അന്ന് അതിന് അലർജിയുണ്ടായില്ല. ജനകീയാസൂത്രണത്തിന് ഡച്ച് സഹായം സ്വീകരിച്ചതിന് പാർട്ടിയിൽ ഒരു വിഭാഗത്തിന് അലർജിയില്ല. അതുപോലെതന്നെ ജപ്പാൻ കുടിവെള്ള പദ്ധതി. ശ്രീ. പി. ജെ. ജോസഫ്, നായനാർ മന്ത്രിസഭയിലെ മന്ത്രിയായിരുന്നു. ബഹുരാഷ്ട്ര കുത്തകയെക്കാൾ വലിയ ഭീമനായ ബിൽഗേറ്റിനെ കാണാൻവേണ്ടി അദ്ദേഹത്തിന്റെ പടിവാതിൽക്കൽ കാവൽ കിടന്നതിന് അവർക്ക് അലർജിയില്ല. ശ്രീ. ആർ. വി. ജി. മേനോൻ പറഞ്ഞു, ഏത് വിദേശ ഫണ്ടുകളും പരിപൂർണ്ണമായും ചരടുകൾ ഇല്ലാതെ ലഭിക്കുകയില്ല എന്ന്. ഇങ്ങനെ വിദേശ സഹായം ഈ ഗവണ്മെന്റ് ഭരിക്കുമ്പോൾ മാത്രം പറ്റില്ല എന്ന ന്യായമാണ് CPM.-ന്. യു.ഡി.എഫ്. ഗവണ്മെന്റിന് 27000 കോടി രൂപയുടെ കടബാധ്യത വരുത്തിവച്ചത് ഞങ്ങൾ പോയി ഇനി ഇവിടെ പച്ച തൊടരുത് എന്ന ആഗ്രഹംകൊണ്ടുമാത്രമാണ്. ഈ ഗവണ്മെന്റ് തകരും എന്ന് മാർക്സിസ്റ്റ് പാർട്ടി പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ട്. പക്ഷേ അവർക്ക് ഇപ്പോൾ നിരാശ ബാധിച്ചിരിക്കുകയാണ്. കോൺഗ്രസിലും യു.ഡി.എഫ്.ലും ആഭ്യന്തര വൈരുദ്ധ്യം ഉണ്ടാകുമെന്ന് അവർ കരുതി. അത് നടന്നില്ല. അവർ ഒന്ന് ആലോചിക്കണം. മേഷ യുദ്ധത്തിൽപ്പെട്ട കുറുനരിയുടെ അനുഭവമായിരിക്കും നിങ്ങൾക്ക്. കോൺഗ്രസിന്റെ ആഭ്യന്തര വൈരുദ്ധ്യം കൊണ്ടും അതുപോലെ യു.ഡി.എഫ്.ന്റെ ആഭ്യന്തര വൈരുദ്ധ്യം കൊണ്ടും ഈ ഗവണ്മെന്റ് തകരുമെന്ന് നിങ്ങൾ വ്യാമോഹിക്കുന്നു. ഇപ്പോൾ ഈറ്റെടുക്കാൻ പോയവൾ ഇരട്ട പ്രസവിച്ചതുപോലെ സ്വന്തം പാർട്ടിയിലുള്ള ആഭ്യന്തര വൈരുദ്ധ്യം കൊണ്ട് വീർപ്പുമുട്ടുകയാണ്. തന്നേയും തന്റെ ആരൂഢത്തെയും രക്ഷിക്കാൻവേണ്ടി പാർട്ടിയിൽ ഒരുങ്ങി പുറപ്പെട്ട രക്ഷസ്സുകളെ നിലയ്ക്കുനിർത്തും എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ പുറപ്പാട്. അതേസമയത്ത് കൈരളി ടി.വി.യിലെ സാക്ഷി പോലെ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കാണുകയും എല്ലാം കേൾക്കുകയും എല്ലാം പറയുകയും ചെയ്യുന്ന ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീമാൻ വി. എസ്. അച്ചുതാനന്ദൻ അങ്ങനെ ഉണ്ടെങ്കിൽ അവരുടെ ശവപ്പെട്ടിയിലെ അവസാനത്തെ ആണി അടിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഞാൻ ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളേയും അഭിനന്ദിക്കുന്നതോടൊപ്പം ഒരു കാര്യം പറയുന്നു. ഏട്ടിലെ പശു പുല്ല് തിന്നുകയില്ല. പരിപാടികൾ ക്രിയാത്മകമായി നടപ്പാക്കുന്നതിന് ഈ നയപ്രഖ്യാപനത്തിൽ ഇതിനെ മോണിറ്റർ ചെയ്യാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് പറയുന്നുണ്ട്. വാഗ്ദാനങ്ങൾ നൽകിയതുകൊണ്ട് മാത്രം കാര്യമില്ല. കേരളത്തിൽ അടിമുടി അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകണം. കേരളം വളരെയധികം അനുഗൃഹീതമായ സംസ്ഥാനമാണ്. പക്ഷേ ഇന്ന് ഏറ്റവുമധികം മാലിന്യങ്ങളുടെ കൂമ്പാരമായി കേരള സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്. ഈ വസുന്ധരയിലെ വസുക്കളെല്ലാം അന്യാധീനപ്പെടുത്താനുള്ള മനുഷ്യന്റെ അത്യാഗ്രഹം ഇവിടത്തെ നദികളേയും ജലാശയങ്ങളേയും ഈ പ്രകൃതിയേയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മാലിന്യ നിർമ്മാർജ്ജനം യുദ്ധകാലാടിസ്ഥാനത്തിൽ നടത്താൻ ഈ ഗവണ്മെന്റ് മുന്നോട്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ഭക്ഷണ സാധനങ്ങളിൽ അതിരൂക്ഷമായവിധത്തിൽ മായംചേർക്കുന്നു. കേരളത്തിലേക്കുവരുന്ന പാലിൽപ്പോലും മായം ചേർത്തുകൊണ്ടിരിക്കുന്നുവെന്ന് പത്ര റിപ്പോർട്ടുകളും അതുപോലെ സർവ്വേകളും ഒക്കെ വെളിപ്പെടുത്തുന്നു. ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കലിനെതിരെ ഇവിടെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ സുകര പ്രസവം പോലെ ഈ രാജ്യത്ത് ഉണ്ടാകുമ്പോഴും ആ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു കാലത്ത് വടക്കേ ഇൻഡ്യയിലെ സെക്രട്ടേറിയറ്റിൽ ഏറ്റവുമധികം മലയാളി സെക്രട്ടറിമാർ ഉണ്ടായിരുന്നു. സെൻട്രൽ സെക്രട്ടേറിയറ്റിന് മേനോൻഷെറ്റിസ് വന്നു എന്ന് ആലങ്കാരികമായി പറയാറുണ്ടായിരുന്നു. ഇന്ന് സിവിൽ സർവ്വീസ് പരീക്ഷ നടത്തിയാൽ ഏറ്റവുമധികം മോശപ്പെട്ട പ്രകടനം കേരളമാണ്. കഴിഞ്ഞ വർഷം താരതമ്യേന മെച്ചപ്പെട്ട പ്രകടന മാണ് കേരളത്തിലെ വിദ്യാർത്ഥികൾ കാഴ്ചവച്ചത്. അതുകൊണ്ട് ഈ കാര്യത്തിൽ ഒരു നല്ല സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഗവണ്മെന്റ് ഒരിക്കലും വിമർശനങ്ങളെ ഭയപ്പെടേണ്ട കാര്യമില്ല. കാരണം ഈ വിമർശനങ്ങൾ രാഷ്ട്രീയ പ്രേരിതമാണ് എന്നുള്ളതാണ്. മൻമോഹൻസിംഗിന്റെ സാമ്പത്തിക നയത്തെ വിമർശിച്ചവരുടെ നേതാവായ സോമനാഥ് ചാറ്റർജി അതേസിങ്ങ് ഇൻഡ്യയുടെ പ്രധാനമന്ത്രിയാകണമെന്ന് പറയുന്നതാണ് ഈ കാലഘട്ടം. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ വിമർശനമല്ല പ്രശ്നം, ഒരു ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴും നോക്കേണ്ടത് ജനങ്ങളുടെ ഹിതമാണ്. നമ്മുടെ പാരമ്പര്യത്തിലെ അർത്ഥശാസ്ത്രജ്ഞനായ കൗടില്യൻ 'നഃആത്മ പ്രിയം ഹിതം, രാജ്ഞ പ്രജാനാം തു പ്രിയം ഹിതം' എന്നുപറഞ്ഞു. എപ്പോഴും രാജാവ് രാജാവിന്റെ ഹിതമല്ല നോക്കേണ്ടത്, പ്രജകളുടെ ഹിതമാണ് നോക്കേണ്ടത് എന്നുപറഞ്ഞതുപോലെ ഇവിടെ പ്രതിപക്ഷത്തിന്റെ ദുഷ്ടലാക്കോടുകൂടി വിമർശിക്കുന്നവരുടെ ഹിതത്തെക്കാളേറെ കേരളത്തിലെ മൂന്നു കോടി ജനങ്ങളുടെ ഹിതമാണ് നോക്കേണ്ടത്. ഇവിടെ പ്രതിപക്ഷത്തിനും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കാരണം ഇഫ്ത്താർ പാർട്ടി ദേശാഭിമാനി നടത്തുന്ന കാലമാണ്. കഴിഞ്ഞ കാലഘട്ടത്തിൽ തള്ളിപ്പറഞ്ഞവരെ പൊക്കി നടക്കുന്ന കാലമാണ്. അങ്ങ് സമയം തരാത്തതുകൊണ്ടാണ്, ഇനിയും എത്രയോ കാര്യങ്ങൾ എണ്ണിയെണ്ണി പറയാനുണ്ട്. അതുകൊണ്ട് ഞാൻ അതിനൊന്നും മെനക്കെടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പറയുന്നു, ഇവിടെ ഒരു വിമർശനവും വഴിമുടക്കരുത്. സാധാരണ പ്രതിപക്ഷം വിമർശിക്കാറുണ്ട്. അത് ജനാധിപത്യത്തിൽ ശരിയുമാണ്. ഒരു പരിധിവരെ ഒരു തിരുത്തൽ ശക്തിയായി മാറാൻ പ്രതിപക്ഷത്തിനു കഴിയണം. പക്ഷേ 32 മാസമായി കേരളത്തിലെ പ്രതിപക്ഷത്തിന്റെ വിമർശനം "തല്ലുകൊള്ളാനുമില്ല സ്വൈരം, ഇടയ്ക്ക് ചവിട്ടുമുണ്ട്" എന്ന് പണ്ട് കൂട്ടി പറഞ്ഞതുപോലെയാണ്. വിമർശനത്തോടൊപ്പം അട്ടിമറി സമരവും അക്രമവും നടത്തി ഈ ഗവണ്മെന്റിനെ വികസന പ്രവർത്തനത്തിൽനിന്നും പിന്നോക്കം തിരിക്കാനുള്ള കെണിയിൽ കേരളത്തിലെ പ്രബുദ്ധരായ ജനത കുടുങ്ങുകയില്ല, ഐക്യജനാധിപത്യ മുന്നണി കുടുങ്ങുകയില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തിന് ഞാൻ എല്ലാ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ ഗവണ്മെന്റ് സാമ്പത്തിക പുരോഗതി കൈവരിച്ചതായിട്ടാണ് അവകാശവാദം ഉന്നയിച്ചത്. ഏത് മേഖലയിലാണ് സാമ്പത്തിക പുരോഗതി കൈവരിച്ചതെന്ന് വ്യക്തമാക്കണം. പലപ്പോഴും ഖജനാവ് പൂട്ടിക്കിടക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും അഗതികൾക്കും ഏർപ്പെടുത്തിയ പെൻഷൻ പദ്ധതികൾ പോലും 15 മാസം മുതൽ 25 മാസക്കാലം വരെ കുടിശികയായിക്കിടക്കുകയാണ്. ഇവിടെ വലിയവലിയ കാര്യങ്ങളാണ് പറഞ്ഞുകേട്ടത്. ചെറിയചെറിയ കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ വില്ലേജാഫീസുകളിലേയും, താലൂക്കാഫീസുകളിലേയും വൈദ്യുതി കണക്ഷനും ടെലഫോൺ കണക്ഷനും പണം അടയ്ക്കാത്തതുമൂലം കട്ട് ചെയ്തിട്ട് മാസങ്ങളായി. ഇവിടെ സാമ്പത്തിക പുരോഗതി കൈവരിച്ചു എന്നാണ് അവകാശവാദം ഉന്നയിച്ചിരിക്കുന്നത്. ദൈനംദിനം ജനങ്ങളുമായി ബന്ധപ്പെടുന്ന സ്ഥാപനങ്ങളാണ് ഇവ. പ്ലാന്റേഷൻ മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തോട്ടങ്ങൾ അടച്ചുപൂട്ടി തൊഴിലാളികൾ പട്ടിണി കിടന്ന് പിടഞ്ഞ് മരിക്കുകയാണ്. ചിലയാളുകൾ പറയുന്നതുകേട്ടു തോട്ടങ്ങളിൽ ചിലത് തുറന്ന് പ്രവർത്തനമാരംഭിച്ചു എന്ന്. ഏത് തോട്ടമാണ് തുറന്നതെന്ന് വ്യക്തമാക്കണം. ഏതെങ്കിലും തോട്ടം അടച്ചുപൂട്ടിയത് തുറപ്പിക്കാൻ ഈ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞോ? തോട്ടം മേഖലയെ സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? നയ പ്രഖ്യാപനത്തിൽ വായിച്ചുകേട്ടു, പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുവാൻ തീരുമാനിച്ചിരിക്കുകയാണെന്ന്. പരമ്പരാഗത വ്യവസായ മേഖലയായ കശുവണ്ടി വ്യവസായ മേഖലയിൽ 32 മാസ കാലഘട്ടത്തിനുള്ളിൽ, ഈ ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ 56 ദിവസം ഞങ്ങൾ സമരം ചെയ്ത് ഈ സഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ച ശേഷം കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും 11 നാൾ തുറന്നു പ്രവർത്തിച്ചതിനുശേഷം വീണ്ടും അടച്ചുപൂട്ടി. ആ സ്ഥാപനത്തിലാണ് തൊഴിൽദിനം കൂടുതൽ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ഇവിടെ വായിപ്പിച്ചത്. എന്നാണ് ഇനി കൊടുക്കാൻ പോകുന്നത്? 32 മാസകാലഘട്ടത്തിനുള്ളിൽ 11 ദിവസം 22,500 തൊഴിലാളികൾക്ക് തൊഴിൽ കൊടുത്ത ഒരു ഗവണ്മെന്റ് ഇനി കൂടുതൽ തൊഴിൽ നൽകുമെന്നാണ് പറയുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റേയും, കാപ്പെക്സിന്റേയും കടബാധ്യതകൾ ഏറ്റെടുത്തുവെന്നാണ് കഴിഞ്ഞ നിയമസഭാ സമ്മേളനം കഴിഞ്ഞ് അവകാശവാദം ഉന്നയിച്ചത്. ഞങ്ങൾ ക്യാബിനറ്റിൽ തീരുമാനിച്ചു, 102 കോടി രൂപയുടെ കടബാദ്ധ്യത ഏറ്റെടുത്തിരിക്കുകയാണ്, ഇനി കോർപ്പറേഷൻ ഫാക്ടറികളിൽ 360 ദിവസം ജോലി നല്കും എന്നൊക്കെ പറഞ്ഞു. ക്രമസമാധാനനിലയെക്കുറിച്ച് പറഞ്ഞാൽ ഇപ്പോൾ സന്ധ്യ കഴിഞ്ഞാൽ പുറത്തിറങ്ങി നടക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ്. മദ്യ മാഫിയ, ഗുണ്ടാ മാഫിയ, സി.സി. പിടിക്കൽ മാഫിയ, കഞ്ചാവ് മാഫിയ, പെണ്ണ് മാഫിയ, എന്നീ മാഫിയ സംഘങ്ങൾ അരങ്ങേറുകയാണ്. അതാണ് നമ്മുടെ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ ക്രമസമാധാനപാലനം. ഈ നന്ദി പ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. എൻ. എ. ഖാദർ : ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയ പ്രഖ്യാപനത്തിന് എന്റെ സ്നേഹിതൻ ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ

1.00 PM] ഗവണ്മെന്റ് ഒരു പുതിയ കേരളം സാദ്ധ്യമാണെന്ന് വിശ്വസിക്കുകയും അതിന്റെ സൃഷ്ടിക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷമായി സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ഗവണ്മെന്റാണ്. ആ ഗവണ്മെന്റിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ നേട്ടങ്ങളും ഭാവി പരിപാടികളും വളരെ ഭംഗിയായി അവതരിപ്പിക്കുന്നതാണ് ഇവിടെ നമ്മുടെ മുമ്പിലുള്ള നയപ്രഖ്യാപനമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കരുതുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്നുവർഷം എന്തൊക്കെ നടന്നുവെന്ന് പ്രതിപക്ഷത്തുള്ള പല സ്നേഹിതന്മാരും ചോദിക്കുന്നുണ്ട്. ഈ ഗവണ്മെന്റ് വന്നതിനുശേഷം ജനജീവിതം കേരളത്തിൽ ചലനാത്മകമായിട്ടുണ്ട്. സാമ്പത്തിക മംഗത്ത് വളരെ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. കടബാദ്ധ്യതകൾ തീർന്നുകൊണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ മെച്ചപ്പെട്ട സാഹചര്യം സംജാതമായിരിക്കുന്നു. വസ്തുവകകളുടെ ക്രയവിക്രയം എത്രയോ നാളുകളായി ഒരു സ്തംഭനാവസ്ഥയെ അഭിമുഖീകരിച്ചിരുന്നത് വീണ്ടും സജീവമായി തീർന്നിരിക്കുന്നു. അങ്ങനെ വളരെ ചൈതന്യവത്തായ മനുഷ്യജീവിതം ദർശിക്കുവാൻ കേരളത്തിൽ ഈ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് സാധിച്ചിട്ടുണ്ട് എന്നത് സത്യമാണ്. ഇവിടെ അൽഭുതകരമായ ഒരു കാര്യം സ്വന്തം സംസ്ഥാനത്ത് വ്യവസായങ്ങൾ വരാതിരുന്നാൽ അതിൽ സന്തോഷിക്കുകയും ആർത്തുല്ലസിക്കുകയും അതൊരു ആഘോഷമാക്കി മാറ്റുകയും ചെയ്യുന്ന ജനവിരുദ്ധ നടപടി ലോകത്തിലെ ഏതെങ്കിലും ഒരു പ്രതിപക്ഷം സ്വീകരിച്ചിട്ടുണ്ടോ എന്ന് എനിക്ക് ബലമായ സംശയമുണ്ട്. ഈ ഗവണ്മെന്റ് ഒരു പുതിയ ലോകത്തിന്റെ, പുതിയ ഒരു സംസ്ഥാനത്തിന്റെ സൃഷ്ടിക്കുവേണ്ടി നടത്തിയ ഓരോ പരിശ്രമങ്ങളും വിജയത്തിലേക്ക് വന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ്, പല തരത്തിലും ഈ ഗവൺമെന്റിന്റെ പദ്ധതികളെ അട്ടിമറിക്കുന്നതിനുവേണ്ടി ദുഷ്പ്രചരണം മുന്നോട്ടുവച്ചുകൊണ്ട് പ്രതിപക്ഷം മുന്നോട്ടുപോയതെന്ന് കാണാൻ കഴിയും. വളരെ പ്രധാനപ്പെട്ട ഒരു കാര്യം 'ജിം'-നെപ്പറ്റി എല്ലാപേരും പറയുന്നുണ്ട്. 'ജിം'-ൽ നമ്മൾ ആഗ്രഹിച്ചതുപോലെയുള്ള മുതൽ മുടക്ക് ഉണ്ടായിട്ടില്ലായെങ്കിലും അത് പരാജയപ്പെട്ടുപോയി എന്ന് വാദിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നത് എന്തുമാത്രം ജനദ്രോഹകരമായ നിലപാടാണ്. വാസ്തവത്തിൽ നിക്ഷേപം വന്നുകൊണ്ടിരിക്കുന്നു. വരികയും ചെയ്യുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പ്രതിപക്ഷകക്ഷികൾക്ക് കഴിഞ്ഞ മൂന്നു വർഷക്കാലം എന്തായിരുന്നു പണി, അവരുടെ നേട്ടമെന്തായിരുന്നുവെന്ന് പരിശോധിച്ചാൽ 30 ബന്ദുകളും 27 ഹർത്താലുകളും കുറെ പണിമുടക്കുകളും കുറെ മനുഷ്യരെ കൂട്ടക്കൊല ചെയ്യലും മാത്രമായിരുന്നുവെന്ന് കാണാൻ കഴിയും. ഞാൻ അത് പറയാൻ കാരണം ഇവർക്ക് ഭരണത്തിലേക്ക് വരാനുള്ള ധൃതി കൂടിയത് നമ്മൾ ഇടക്കാലത്ത് കണ്ടു. കേരളത്തിൽ ചില രാഷ്ട്രീയ പ്രതിസന്ധികളുണ്ടായപ്പോൾ ആ സമയം അതിവേഗം ഭരണത്തിലേക്ക് വരാൻ 'സ്വപ്നക്കൂട്'-ലെ പാട്ടുംപാടി നടന്നവരാണ് പ്രതിപക്ഷനേതാവും അനുയായികളും എന്ന് നമുക്ക് അറിയാം. അന്ന് കറുത്ത എം.എൽ.എ.മാരെ കണ്ടാലും വെളുത്ത എം.എൽ.എ.മാരെ കണ്ടാലും കറുപ്പിനഴക് ഓ...ഓ...ഓ... വെളുപ്പിനഴക് ഓ...ഓ...ഓ... സെക്രട്ടേറിയറ്റിലെ കസേരയ്ക്ക് 17 അഴകാണ് എന്നു പാടി നടന്നവരാണ് അവർ. അതിന് കേരളത്തിലെ മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യമുന്നണിയും പറഞ്ഞത് വേണ്ട മോനേ, വേണ്ട മോനെ, ഈ തൊട്ടുനോട്ടം ഇഷ്ടമല്ലടോ എന്നാണ്. ഗവൺമെന്റിനെ തൊട്ടുനോക്കാൻ നമ്മൾ അനുവദിക്കാത്തതുകൊണ്ട് അവർക്ക് അടങ്ങിയിരിക്കേണ്ടിവന്നു എന്നതാണ് യാഥാർത്ഥ്യം. രണ്ടര വർഷം കഴിഞ്ഞപ്പോൾ അധികാരത്തിൽ വരാൻ ഇങ്ങനെ ധൃതി കൂട്ടാൻ പാടുണ്ടോ? എന്തൊരു പ്രതിപക്ഷമാണിത്. കേരള സംസ്ഥാനം ഒരു ഉപഭോഗ സംസ്ഥാനമാണെന്ന് നമ്മൾ എപ്പോഴും പറയാറുണ്ട്. ഉപഭോഗ സംസ്കാരമുള്ള ഈ സംസ്ഥാനത്ത് ഒരു വർഷം 237 കോടി രൂപയുടെ പാദരക്ഷകളാണ് നമ്മൾ വാങ്ങുന്നത്. 255 കോടി രൂപയുടെ അലക്ക് സോപ്പ് കേരളത്തിലെ ജനങ്ങൾ ഒരു വർഷം വാങ്ങുന്നു. 225 കോടി രൂപയുടെ കുളിസോപ്പ് കേരളീയർ ഒരു വർഷം വാങ്ങുന്നു. ഈ വസ്തുവകകൾ വാങ്ങിക്കൂട്ടുന്ന കേരളത്തിൽ ഇതൊന്നും നിർമ്മിക്കാൻ പാടില്ല എന്ന് ഒരു കക്ഷി വാശി പിടിച്ചാൽ ഈ കേരളത്തിന്റെ ഗതി എന്താകും? ഈ ഗവണ്മെന്റിനോട്, ഐക്യജനാധിപത്യമുന്നണിക്ക് നേതൃത്വം കൊടുക്കുന്ന ശ്രീ. എ. കെ. ആന്റണിയോടും അദ്ദേഹത്തിന്റെ സഹപ്രവർത്തകരോടും എനിക്ക് പറയാനുള്ളത് ഒരു ഗവണ്മെന്റിന് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടി ജയിച്ച് അധികാരത്തിൽ വന്നാൽ, ഭരണ സമയത്ത് ഇന്നത് ചെയ്താൽ അടുത്ത തവണ അധികാരത്തിൽ വരികയില്ല എന്ന് സംശയം പ്രകടിപ്പിക്കാൻ പാടില്ല. അടുത്ത തവണയെ വിസ്മരിക്കുക. ഈ തവണ എന്തു ചെയ്യാൻ സാധിക്കുമെന്നുനോക്കി അത് ചെയ്യുക. അടുത്ത തവണ വരുമ്പോലെ വരും. നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ഒരു ഗവണ്മെന്റാണിത്. അതുതന്നെയാണ് ഈ ഗവണ്മെന്റിന്റെ നേട്ടം. ഇവിടെ എല്ലാ ദിവസവും ഹർത്താലും ബന്ദും വർദ്ധിച്ചുവന്നത് എന്തുകൊണ്ടാണ്? അതിനുള്ള കാരണം ജനങ്ങളെ അണിനിരത്തി സമരം ചെയ്യാനുള്ള അപ്രാപ്തിയാണ്. മാർക്സിസ്റ്റ് പാർട്ടിക്കും, ഇടതുപക്ഷ സംഘടനകൾക്കും ചെറിയ ചെറിയ ഈർക്കിൽ സംഘടനകൾക്കും രാഷ്ട്രീയപാർട്ടികൾക്കുമൊക്കെ ജനങ്ങളെ അണിനിരത്താൻ സാധിക്കാതെ വന്നിരിക്കുന്നു. അതുകൊണ്ട് എളുപ്പമുള്ള സമരമുണ്ട്. പത്രക്കാരെ വിളിച്ച് ഒരു കടലാസിൽ നാളെ ഹർത്താൽ എന്ന് എഴുതിക്കൊടുത്താൽ കേരളം മുഴുവൻ അതിന്റെ പുറകെ പോകും. അപ്പോൾ അവനവന്റെ ശക്തി പുറത്തറിയില്ല. ഈ ബന്ദും ഹർത്താലും ഇങ്ങനെ വന്നാൽ എങ്ങനെയാണ്? ഇവിടെ വ്യവസായം വരാൻ പാടില്ല, കേന്ദ്രത്തിൽ നിന്ന് പണം ചോദിക്കാൻ പാടില്ല, കേന്ദ്രത്തിൽ ബി.ജെ.പി. ആയതുകൊണ്ട് നമ്മൾ എന്തുചെയ്യാനാണ്? ജനങ്ങൾ വോട്ടു ചെയ്ത് എൻ.ഡി.എ. യെ അധികാരത്തിലേറ്റി. ബാക്കിയുള്ളവരുടെ പോരായ്മകൊണ്ട് അവർ അധികാരത്തിൽ വന്നു. അങ്ങനെ ഒരു ഗവണ്മെന്റ് വന്നാൽ ഭരണഘടനാപരമായി കേന്ദ്രഗവണ്മെന്റിനോട് ഒരു സംസ്ഥാന ഗവണ്മെന്റ് നല്ല സമീപനം സ്വീകരിച്ചാൽ ഉടനെ അത് ബി.ജെ.പി. യെ അനുകൂലിക്കലാണോ? അതുകൊണ്ട് അവിടെ നിന്നൊന്നും കിട്ടാൻ പാടില്ല, ഇവിടെ ഒന്നിനും ചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാൻ പാടില്ല, ഇവിടെ വ്യവസായം നടക്കാൻ പാടില്ല, വിദേശത്തുനിന്നും പണം വാങ്ങാൻ പാടില്ല, ആരും വഴിയെ നടക്കാൻ പാടില്ല, ഇവിടെ ഞങ്ങളെ ഒന്നിനും സമ്മതിക്കുകയില്ല എന്നുള്ള നിലപാട് മാറാത്തിടത്തോളംകാലം ഈ കേരളം നന്നാകാൻ പോകുന്നില്ല. അത് നമ്മൾ മനസ്സിലാക്കണം. കേരളത്തിൽ ഒരു മാറ്റമുണ്ടാകണം. ഇവിടെ ചെറുപ്പക്കാർക്ക് ജോലി കിട്ടണം. ഇവിടെ എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ സർക്കാർ ജോലിയാണ് ജോലി എന്ന സങ്കൽപ്പം എന്നേ കഴിഞ്ഞുപോയി. The best Government is the Government which governs least എന്ന സിദ്ധാന്തം ആണ് ഇന്ന് പ്രയോഗത്തിലുള്ളത്. ഐക്യജനാധിപത്യമുന്നണിയേയും ശ്രീ. എ. കെ. ആന്റണിയേയും ഏതു കാലത്തും കേരളം ഓർക്കും, എന്നാണ് ഞാൻ കരുതുന്നത്, കാരണം പുതിയ ഒരു നയം നടപ്പാക്കിയ ഗവണ്മെന്റാണ് കേരളത്തിലെ ഗവണ്മെന്റ്. ഇടതുപക്ഷ പ്രസ്ഥാനം ഇവിടെ മൂന്നു തലമുറയെ നശിപ്പിച്ചിട്ടുണ്ട്. ഇന്ന് മാർക്സിസ്റ്റ് പക്ഷത്ത് നടക്കുന്ന തർക്കത്തെക്കുറിച്ച് നമുക്ക് അറിയാം.

"ഇന്നേതുഖാണ്ഡവ-
ത്തിൻ മടിത്തട്ടിലോ
വന്നകപ്പെട്ടു നാം
ശാർങ്ഗകപ്പക്ഷികൾ"

എന്നു പാടിയതുപോലെ ഈ ശാർങ്ഗക പക്ഷികൾ പോലെ ഖാണ്ഡവത്തിൽ അകപ്പെട്ട അവസ്ഥയാണ് മാർക്സിസ്റ്റ് പാർട്ടിക്കുള്ളത്. അത് മറച്ചുവയ്ക്കുവാനാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുനേരെ ആരോപണം ഉന്നയിക്കുന്നത്. ഇവിടെ കോലാഹലം ഉണ്ടാക്കി. എന്താണ് മുസ്ലീംലീഗിനെപ്പറ്റിയും വിദ്യാഭ്യാസ വകുപ്പിനെപ്പറ്റിയും പത്രത്തിൽ വന്നത്. ഏതോ രണ്ടാൾ കാൾ ചോദിച്ചു. ഏതോ ഗൺമാൻ കാശ് ചോദിച്ചുവെന്നല്ലാതെ വാങ്ങി എന്ന ആരോപണം എവിടെയും വന്നിട്ടില്ല. ഒരു ആരോപണവും വന്നിട്ടില്ല. നിങ്ങൾ ആരെയാണ് എതിർക്കാതിരുന്നത്? നിങ്ങൾ ജിം-നെ എതിർത്തില്ലേ? നിങ്ങൾ എന്തിനെയാണ് എതിർക്കാതിരുന്നത്? വിദ്യാഭ്യാസ വകുപ്പിനെ മാത്രമല്ല ഈ ഗവൺമെന്റ് ചെയ്ത എല്ലാ നല്ല കാര്യങ്ങളെയും നിങ്ങൾ സ്ഥിരമായി എതിർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് എം.എൻ. വിജയൻ പാഠത്തിൽ പറഞ്ഞത്, കാറ്റും വെളിച്ചവും അകത്തേക്ക് കടന്നാൽ പാർട്ടി തീർന്നുപോകും. അങ്ങനെ വാതിൽ അടച്ചുപൂട്ടി കാറ്റും വെളിച്ചവും ഇല്ലാത്ത പാർട്ടിയായി കഴിയുകയാണ്. ശ്രീ. എം. പി. പരമേശ്വരൻ മാർക്സിസത്തെ ക്രിയാത്മകമായി വികസിപ്പിക്കുന്ന പല സുപ്രധാന ചോദ്യങ്ങളാണ് ഉയർത്തിയിട്ടുള്ളത്. ആ ചോദ്യങ്ങൾക്ക് മറുപടി പറയുവാനുള്ള താത്വികമായ അറിവുപോലും നഷ്ടപ്പെട്ട നേതൃത്വമാണ്. ജനകീയാസൂത്രണത്തിന്റെ കാര്യങ്ങൾ പറഞ്ഞപ്പോൾ പല ആളുകളും വിദേശഫണ്ടിനെക്കുറിച്ച് പറഞ്ഞു. സി.ഐ.എ. ഏജന്റുമാരാണ് അതിനു പിന്നിലുള്ളത് എന്നതിന് എന്താണ് സംശയം?

LIBRARY ARCHIVES Kerala Legislative Assembly

നെതർലാന്റിൽ തന്നെ വരുമാനമില്ല. അവിടെ ആളുകൾക്ക് ജോലിയില്ല. അവിടെ ദാരിദ്ര്യമാണ്. അവർ കേരളത്തെ വികസിപ്പിക്കുവാൻ പണം തരുന്നത്, നെതർലാന്റുകാരുടെ പണമാണോ? ആ പണം ആര് കൊടുത്തയയ്ക്കുന്നതാണ്? അത് പല രീതിയിലും വരും. ശ്രീ. ബിനോയ് വിശ്വവും ശ്രീ. കെ. പി. രാജേന്ദ്രനും ഇവിടെയുണ്ട്. ഞങ്ങൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്നപ്പോൾ മാസംതോറും ചില സ്പെഷ്യൽ അലവൻസ് മുമ്പ് വാങ്ങിയിരുന്നു. അന്ന് ഞങ്ങൾ ഒരു പാർട്ടിയായിരുന്ന കാലത്ത് വിദ്യാർത്ഥി ഫെഡറേഷനിലൊക്കെ പ്രവർത്തിച്ചിരുന്നപ്പോൾ വാങ്ങിയ സ്പെഷ്യൽ അലവൻസിന് നമ്മൾ പറഞ്ഞിരുന്ന പേര് ബ്രഷ്നേവ് എന്നാണ്.....(ബഹളം).....നിങ്ങൾ അസ്വസ്ഥരാകണ്ട. അതിന് കാരണം എന്താണെന്ന് എനിക്ക് അറിയില്ല. മാർക്സിസം ലെനിനിസത്തെ ക്രിയാത്മകമായി വികസിപ്പിക്കുന്നതിന് പകരം, അതിനുവേണ്ടി തയ്യാറാകുമ്പോൾ കാറ്റും വെളിച്ചവും ഇല്ലാതിരിക്കുന്നത് ശരിയല്ല. .....ബഹളം.....അസഹിഷ്ണുതയാണ്. ഇപ്പോൾ ടെസ്റ്റ് കേസ്സായി ഒന്ന് അവതരിപ്പിച്ചപ്പോൾ അസ്വസ്ഥത കണ്ടില്ലേ? അസഹിഷ്ണുത കണ്ടില്ലേ? മാർക്സിസം ലെനിനിസത്തിൽ അന്യമായ അസഹിഷ്ണുതയാണ് ഇവർ കാണിക്കുന്നത്. ഒരു വിമർശനം കേൾക്കാൻ സൻമനസ്സില്ല. ഒരാൾ പാർട്ടിയെ നേരെ നയിക്കണമെന്ന് ആഗ്രഹിച്ചാൽ അയാളെ പുറത്താക്കും. ശ്രീ. പി. ഗോവിന്ദപിള്ളയെ പുറത്താക്കി, ശ്രീ. എം. എൻ. വിജയനെ പുറത്താക്കി, ശ്രീ. എം. പി. പരമേശ്വരനെ പുറത്താക്കി. ഒരു നല്ല വർത്തമാനം പറഞ്ഞാൽ, ആ പാർട്ടിയെ രക്ഷിക്കുവാൻ ആരെങ്കിലും എന്തെങ്കിലും ഒരു കാര്യം പറഞ്ഞാൽ അപ്പോൾ ഉടനെ പുറത്താക്കുക. ഒരു വിമർശനം അംഗീകരിക്കുവാൻ തയ്യാറല്ല. കേൾക്കുവാനുള്ള സന്മനസ്സില്ല. കാറ്റും വെളിച്ചവും കടക്കുവാൻ അനുവദിക്കാത്ത പാർട്ടിയാണ് ഇപ്പോൾ മുസ്ലീംലീഗിനെയും സുപ്പി സാഹിബിനെയും കേരളത്തിൽ നന്നാക്കുവാൻവേണ്ടി ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ഇത് വളരെ നിർഭാഗ്യകരമായ അവസ്ഥയാണ്. ഈ നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ശ്രീ. കെ. എൻ. എ. ഖാദർ പഴയ കമ്മ്യൂണിസ്റ്റുകാരൻ ആണെന്ന് മാത്രമല്ല ഞാൻ വിദ്യാർത്ഥി പ്രവർത്തകനായിരുന്ന കാലത്ത് അദ്ദേഹം എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടറി കൂടിയായിരുന്നു. ഒരുമിച്ച് ബ്രഷ്നേവ് അടിച്ചെടുത്ത കാര്യം പുറത്തുവന്നതിൽ ഇത്രയും അസഹിഷ്ണുത ഉണ്ടാകേണ്ട കാര്യമില്ല. ഒരുമിച്ചിരുന്നതല്ലേ, ഒരുമിച്ചിരുന്നവർ പിരിയുമ്പോൾ സ്വാഭാവികമായിട്ടും പഴയ ചില കാര്യങ്ങൾ പുറത്തുവരും.

ശ്രീ. എ. കെ. ബാലൻ : അന്ന് കെ. എൻ. എ. ഖാദറെ ആ പാർട്ടിയിൽനിന്നും പുറത്താക്കിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. എ. കെ. ബാലൻ അടിച്ചേടുത്തതല്ല മറ്റുള്ളവരുടേതാണ് പറയുന്നത്. ബാലൻ വാദിച്ച് തർക്കിച്ച് വിഷമിക്കണ്ട. അത് അങ്ങനെ പോട്ടെ. ഞാൻ ഇവിടെ പറഞ്ഞത്, ഈ ഗവൺമെന്റിനെ വിമർശിക്കുന്ന നിങ്ങൾ പഴയ ചില കാര്യങ്ങളെക്കുറിച്ച് മറന്നുപോയല്ലോ എന്ന് ഓർത്ത് വിഷമിക്കുകയാണ് എന്നാണ്. ഞങ്ങൾ പ്രതിപക്ഷത്തിരുന്ന ഒരു കാലം, ഞാൻ അന്ന് ശ്രീ. രാജൻ ഇപ്പോൾ ഇരിക്കുന്ന സീറ്റിലാണ് ഇരുന്നിരുന്നത്. നമ്മുടെ നാട്ടിൽ പ്ളസ് ടു അനുവദിച്ച കാലം, പ്ളസ് ടു അനുവദിച്ച കാലത്ത് ഹൈക്കോടതി 360 പ്ളസ് ടു സ്കൂളുകളുടെ ലിസ്റ്റ് ക്യാൻസൽ ചെയ്തപ്പോൾ ഈ കേരള നിയമസഭയിൽ ഉണ്ടായ കോലാഹലങ്ങൾ അന്ന് ഇവിടെ ഉണ്ടായിരുന്ന മുഴുവൻ ആളുകൾക്കും അറിയാം. ഞാൻ ആ കഥയൊക്കെ വിടുന്നു. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് വ്യക്തിപരമായി എനിക്ക് അടുപ്പമുള്ള ആളായതുകൊണ്ട് ഞാൻ വിട്ടാലും ശ്രീ. പി. സി. ജോർജ് വിടില്ല. അദ്ദേഹം പറഞ്ഞു, പ്ളസ് ടു-വിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന്. പ്ളസ് ടു അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് പ്രതിപക്ഷത്തുള്ള ആളുകൾപോലും പറഞ്ഞ സാഹചര്യത്തിൽ എന്നും കലങ്ങിമറിഞ്ഞ് നിൽക്കുന്ന വിദ്യാഭ്യാസ വകുപ്പിനെ പിടിച്ചുകൊണ്ട് സുപ്പി സാഹിബിനെ ഒന്ന് കുലുക്കിവിടാമെന്നുള്ള തീരുമാനം രാഷ്ട്രീയ പ്രേരിതമാണ്. ഞങ്ങൾ അത് പുച്ഛിച്ചുതള്ളുമെന്ന് ഞാൻ പറയാത്തത് എന്റെ സംസ്കാരത്തിന്റെ പേരിലാണ്. ആ പദം ഞാൻ പറയുന്നില്ല. പക്ഷേ അത് വളരെ വില കുറഞ്ഞതായിപ്പോയി എന്ന് ഞാൻ ഓർക്കുകയാണ്. പ്ളസ് ടു- ജോസഫ് ധൃതികാണിച്ചു, പറഞ്ഞത് ആരാണെന്ന് അറിയാമോ? ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അദ്ദേഹമാണ് പറഞ്ഞത്. പ്ളസ് ടു ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കി. ഇവിടെ നിങ്ങൾ ഇത്രയുമൊക്കെ ശ്രമിച്ചു. സുപ്പി സാഹിബിനെ വ്യക്തിപരമായി ആക്ഷേപിക്കത്തക്ക വിധത്തിൽ തെളിവോടുംകൂടി ഒരു കാര്യവും പറയാൻ പറ്റില്ല. മെത്രാപ്പൊലീത്ത പരാതി പറഞ്ഞു. ഗവൺമെന്റ് എന്തു ചെയ്തു? അത് ലോകായുക്തിന് വിടുമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ പറഞ്ഞത് ലോകായുക്ത പറ്റുകയില്ല എന്നാണ്. നിങ്ങൾ പ്ളസ് ടു അനുവദിച്ചതിലുള്ള അഴിമതിയെക്കുറിച്ച് ആരെക്കൊണ്ടെങ്കിലും അന്വേഷിപ്പിച്ചോ? ഒരു പോലീസ് കോൺസ്റ്റബിളിനെകൊണ്ടുപോലും അന്വേഷിപ്പിക്കുവാൻ തയ്യാറാകാത്ത നിങ്ങൾ ലോകായുക്തിന് വിട്ട കത്തിനെക്കുറിച്ച് ഇവിടെ പറഞ്ഞതിൽ എന്ത് കഥയാണുള്ളത്? നിങ്ങൾക്ക് ഇപ്പോൾ സിറ്റിംഗ് ജഡ്ജിയെ വേണം. സിറ്റിംഗ് ജഡ്ജി ഇല്ലെങ്കിൽ നിങ്ങൾ ഏതാണ്ട് റണ്ണിംഗ് പ്രതിപക്ഷമായി നിൽക്കുന്ന മട്ടിലാണ്. മെത്രാനെക്കാൾ സ്ഥാനം കത്തോലിക്കാബാവാ തിരുമേനിക്കാണ്. പരിശുദ്ധ കത്തോലിക്കാബാവ പ്ളസ് ടു

സ്കൂളുകൾ അനുവദിച്ചപ്പോൾ മലങ്കര ഓർത്തോഡക്സ് സഭയ്ക്ക് ഒരു പരിഗണനയും കൊടുത്തിട്ടില്ല എന്നുപറഞ്ഞ പ്രസ്താവന എന്റെ കൈവശം ഇരിക്കുകയാണ്. മെത്രാപ്പൊലീത്ത പറഞ്ഞതാണോ കത്തോലിക്കാബാവ പറഞ്ഞതാണോ പ്രധാനമായും എടുക്കേണ്ടത്? അതുകൊണ്ട് നിങ്ങളൊക്കെ പറയുന്നത്, ...(ബഹളം).....

മി. സ്പീക്കർ : ഓർഡർ,..... ഓർഡർ,...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അവിടെ ഇരുന്ന് അസഹിഷ്ണുത കാണിക്കണ്ട. ഇതൊക്കെ ആചാരവെടിപോലെ ഇവിടെവന്ന് രണ്ടെണ്ണം പൂശി നാട്ടിലൊക്കെ പ്രമാണിയാണെന്ന് വരുത്തി രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള ശ്രമമാണ്. 'ഓടരുതമ്മാവാ ആളറിയാം' എന്നുപറയേണ്ടിവരും. അത് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മാറ്റമില്ലാത്തത് ഒന്നിനുമാത്രമേയുള്ളൂ ബാക്കിയുള്ളതെല്ലാം മാറുമെന്നാണ് കമ്മ്യൂണിസ്റ്റ് സിദ്ധാന്തം പറയുന്നത്. എന്റെ കയ്യിൽ മൂന്ന് പുസ്തകങ്ങളുണ്ട്. 'ഉപജാപക സാമ്രാജ്യത്വവും സമകാലീകാനുഭവവും' ഈ ജനുവരി മാസത്തിൽ പുറത്തിറങ്ങിയതാണ്. ശ്രീ. ബാലന്റെ നേതാവാണ് ഇത് പുറത്തിറക്കിയത്. ബാലൻ ഇത് വായിച്ചിട്ടുണ്ടാവില്ല. 'അധിനിവേശത്തിന്റെ ദല്ലാളൻമാർ' ബർലിൻ കുഞ്ഞനന്തൻ നമ്പ്യാരെ ബാലന് അറിയാമോ? ബാലൻ ആയിരം തപസ് ഇരുന്നാൽ കുഞ്ഞനന്തൻ നമ്പ്യാരെപ്പോലെ ആകാൻ പറ്റുമോ? ഇവിടെ വികേന്ദ്രീകൃത ജനാധിപത്യ കേരളത്തിൽ 1958 മുതൽ 1998 വരെ ഡോ. എം. പി. പരമേശ്വരൻ, ഞാൻ വേറെയൊന്നും ആധാരമാക്കുന്നില്ല. നിങ്ങളുടെ പാർട്ടിയിലെ പ്രമുഖ നേതാക്കന്മാർ എഴുതിയ മൂന്ന് പുസ്തകങ്ങൾ അതിൽ ഞാൻ ഇപ്പോൾ അവസാനമായി പറയുന്ന 'ഉപജാപക സാമ്രാജ്യത്വവും സമകാലികാനുഭവവും' അതിൽ ഏറ്റവും പ്രമുഖമായി സംസാരിക്കുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അദ്ദേഹം ഇവിടെ വേണമായിരുന്നു. ഇന്ന് ഞാൻ ഇവിടെ സംസാരിക്കുമ്പോൾ സ്വാഭാവീകമായും അദ്ദേഹം ഇവിടെ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു. അത് വേറെയൊന്നും കൊണ്ടല്ല, എന്റെ വലിപ്പം കൊണ്ടല്ല. ജനാധിപത്യബോധത്തിൽ അദ്ദേഹം നിയമസഭയിൽ കൂടുതൽ ഇരിക്കുന്ന വ്യക്തിയാണ് എന്നുള്ളതുകൊണ്ടാണ്. അതിനകത്ത് അദ്ദേഹം ചിലരെ കളിയാക്കി വിളിക്കുന്നുണ്ട്. ആരെയാണ് കളിയാക്കുന്നത്, ശ്രീ. എ. കെ. ആന്റണിയെയാണോ? ഈ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്നവരെയാണോ? അദ്ദേഹം കളിയാക്കി വിളിക്കുന്നത്, അദ്ദേഹത്തോടൊപ്പം ഇടതും വലതും ഇരിക്കുന്ന, ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെ വിടുന്നു, പുറകിലിരിക്കുന്ന ചില ആളുകളെ നോക്കി ഗോർബച്ചേവിസം കൊണ്ടുവന്ന് കേരളത്തിലെ പാർട്ടിയെ തകർക്കുവാൻ അനുവദിക്കില്ല എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണിയെയാണോ? അദ്ദേഹം പറഞ്ഞിട്ടുള്ളതെന്താണ്? കമ്മ്യൂണിസ്റ്റു പാർട്ടിക്കുള്ളിൽ നിന്നുകൊണ്ട്, അതിനെ ലികിഡേറ്റ് ചെയ്ത് ഗോർബച്ചേവിസം കൊണ്ടുവരുന്നു. ഇൻഡ്യയിലും കേരളത്തിലും കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്ക് പറ്റിയ പ്രത്യയശാസ്ത്രമാണ് ഗോർബച്ചേവിസം. അത് ഞങ്ങൾ അനുവദിക്കുകയില്ല എന്നു പറയുന്നത് ഞങ്ങളോടാണോ? നിങ്ങളോടാണോ? നിങ്ങൾ ഇത് വായിക്കണം. വിദ്യാഭ്യാസവും വിവരവുമുള്ളവരല്ലേ കമ്മ്യൂണിസ്റ്റ് ബെഞ്ചുകളിലുള്ളവർ. നിങ്ങൾ ഇത് വായിക്കൂ. ഈ പുസ്തകം പ്രസിദ്ധീകരിച്ചത് ആരാണെന്നറിയാമോ? 'ലെഫ്റ്റ് വ്യൂസ്'. ആ പുസ്തക പ്രസിദ്ധീകരണം ഉൽഘാടനം നടത്തിയത് ആരാണെന്നറിയാമോ? പോളിറ്റ്ബ്യൂറോ അംഗം സഖാവ് ഇ. ബാലാനന്ദൻ. സഖാവ് ഇ. ബാലാനന്ദൻ റിലീസ് ചെയ്ത പുസ്തകത്തിൽ 'ലെഫ്റ്റ് വ്യൂസ്' എന്നു പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകന്മാർ അച്ചടിച്ച് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ, കോഴിക്കോട്ടുള്ള സഖാക്കന്മാർ ഒരുക്കിയ വേദിയിൽ വച്ച് പുറത്തിറക്കിയ പുസ്തകത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ എഴുതിയ ആ ലേഖനത്തിലെ ഏതാനും ഭാഗങ്ങളാണ് ഞാൻ വായിച്ചത്. അതുകൊണ്ട് അവസാനിക്കുന്നുണ്ടോ? അവിടംകൊണ്ടും അവസാനിക്കുന്നില്ല. ഫോർഡ് ഫൗണ്ടേഷൻ എന്താണ്? ഫോർഡ് ഫൗണ്ടേഷനിൽ നിന്ന് കാശ് പറ്റിയ കാര്യം പറഞ്ഞില്ലേ? ഏതാണ് ഫോർഡ് ഫൗണ്ടേഷൻ? ഫ്രാങ്കിയെക്കുറിച്ചൊന്നും പറയേണ്ടതില്ലല്ലോ? അതിലേക്ക് ഞാൻ പിന്നീട് വരാം. ഫോർഡ് ഫൗണ്ടേഷൻ പോലുള്ള അമേരിക്കൻ ധനവിതരണ സ്ഥാപനങ്ങളിൽ നിന്നും ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് സ്ഥാപനങ്ങളിൽ നിന്നും നിർലോഭം സംഭാവന സ്വീകരിക്കുന്ന സന്നദ്ധ സംഘടനകളെ ഞങ്ങൾ അംഗീകരിക്കുന്നില്ല എന്നാണ് പറയുന്നത്. ഡോ. തോമസ് ഐസക്കിനെ അംഗീകരിക്കുമോ? ഒരു പാർട്ടിയല്ലേ? നിങ്ങൾ ആ പാർട്ടിക്കകത്ത് സമുന്നതസ്ഥാനത്തിരിക്കുകയല്ലേ? അത് അംഗീകരിക്കയില്ല എന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുന്നത്. അവിടംകൊണ്ട് തീർന്നോ? കേരളത്തിലും ഇത്തരം പ്രചാരകന്മാർ ഉണ്ടെങ്കിൽ..... ഏത് പ്രചാരകന്മാർ? അമേരിക്കയുടെ ഏറ്റവും വലിയ സാമ്രാജ്യത്വം കൊണ്ടുവന്ന് രാജ്യത്തെ തകർക്കുന്നതിനുവേണ്ടി നടത്തുന്ന ചാരപ്രവർത്തനവും, കേരളത്തിൽ ഈ കാര്യങ്ങൾക്ക് പ്രചാരം കൊടുക്കുന്ന ആളുകളുമുണ്ട്. അധിനിവേശത്തിന്റെ മുഖ്യ ആയുധം സർവ്വകലാശാലകളിലും ബൗദ്ധികമണ്ഡലങ്ങളിലും ചെലവിന് കൊടുത്ത് നിർത്തിയിട്ടുള്ള ദല്ലാളന്മാരാണ്, ഡോ. തോമസ് ഐസക്കിനെപ്പോലെയുള്ളവരെന്നാണ് ആ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത്. നിങ്ങൾ ഞങ്ങൾക്കല്ല മറുപടി പറയേണ്ടത്. നിങ്ങൾ നിങ്ങൾക്ക് മറുപടി പറയണം. നിങ്ങൾ ആരാണെന്ന് നിങ്ങൾ തെളിയിക്കണം. ...(ബഹളം).... നിങ്ങൾ ഇത് കേൾക്കൂ. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ മാർക്സിസ്റ്റ് അംഗങ്ങൾക്ക് ഈ രണ്ടു പാളിച്ചകളും തീരെ പാടില്ലാത്തതാണെന്ന് പറയുന്നു. ആർക്ക്? നിങ്ങൾക്ക്. ഏതു പാളിച്ച? ഈ രണ്ടു പാളിച്ചകൾ. ആരാണ് പറയുന്നത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ. ഈ രണ്ടു പാളിച്ചകളും നിങ്ങൾക്ക് തീരെ പാടില്ലാത്തതാണ്.....(ബഹളം)..... മാർക്സിസത്തിൽ വെള്ളം ചേർത്ത് വിൽക്കുന്നവർക്കും സി.പി.ഐ.(എം)-ൽ ഒരു സ്ഥാനവുമില്ല എന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുന്നത്. നിങ്ങൾ പ്രതിപക്ഷനേതാവിനെ അംഗീകരിക്കുന്നില്ലേ? മാർക്സിസത്തിൽ വെള്ളം ചേർത്തു വിൽക്കുന്നവർക്ക് സി.പി.ഐ(എം)-ൽ ഒരു സ്ഥാനവുമില്ല എന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. മേൽപ്പറഞ്ഞ കൂട്ടത്തിൽ സി.പി.ഐ.(എം)-ന്റെ കാലോചിതമായ പുതുക്കിയ ജനകീയ ജനാധിപത്യ വിപ്ലവ പരിപാടിയിലും വെള്ളം ചേർക്കുന്നതായി കാണുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതാണ്. ശ്രീ. ബാലാനന്ദൻ റിലീസ് ചെയ്ത പുസ്തകമാണ്. അതുകൊണ്ട് ആ വെള്ളം ചേർക്കലിനെ അദ്ദേഹം അംഗീകരിക്കുന്നില്ല. അതാണ് അദ്ദേഹം പറയുന്നത്. നിങ്ങൾ എവിടെ നിൽക്കുന്നുവെന്ന് നിങ്ങൾ തീരുമാനിക്കണം. ശ്രീ. ബാലാനന്ദൻ റിലീസ് ചെയ്ത അധിനിവേശത്തിന്റെ ദല്ലാൾ എന്ന പുസ്തകത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങളെ ശിക്ഷിച്ചു. ഇവിടെ നിങ്ങൾ വിളിച്ചുകൂവിയ അട്ടഹാസങ്ങൾ ഞങ്ങൾ അപ്പുറത്തുനിന്ന് ശ്രദ്ധിച്ചു. ജനാധിപത്യത്തിലെ ഒരു വിജയം അന്തിമമായി കാണരുതെന്ന് ഞങ്ങൾ പറഞ്ഞു.....(ബഹളം)....ശ്രീ. ബർലിൻ കുഞ്ഞനന്തൻ നമ്പ്യാരുടെ ബയോഡേറ്റ ഒരു നിമിഷം നിങ്ങൾക്കുവേണ്ടി ഞാൻ വായിക്കാം. ബർലിൻ കുഞ്ഞനന്തൻ നമ്പ്യാർ അജയഘോഷിന്റെ പാർട്ടിതല പ്രൈവറ്റ് സെക്രട്ടറിയും ....(ബഹളം).....കുഞ്ഞനന്തൻ നമ്പ്യാരല്ല, കുഞ്ഞനന്തൻ നായർ. ഞാൻ തിരുത്തുന്നു. അദ്ദേഹം അജയഘോഷിന്റെ പാർട്ടിതല പ്രൈവറ്റ് സെക്രട്ടറിയായും 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്ത് ഇ.എം.എസ്.-ന്റെ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചു. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാർക്കു പുറമേ സോവിയറ്റ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായ ക്രൂഷ്ചേവ്, ബ്രഷ്നേവ്, അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി ചെയർമാൻ ഹെൻട്രി വിൽസൺ, ക്യൂബൻ നേതാവ് ഫിഡൽ കാസ്ട്രോ, കനേഡിയൻ പാർട്ടി നേതാവ്, കിഴക്കൻ ജർമ്മനിയിലെ നേതാക്കന്മാർ തുടങ്ങി വിവിധ മുപ്പത്തിലുള്ള ലോക കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ സഹയാത്രികനായിരുന്ന ബർലിൻ കുഞ്ഞനന്തൻ നായർ നിങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ള ഒരു വാക്ക് ഞാൻ പറയാം. "ഉപ്പാന്നുരുക്കുന്നിടത്ത് പുച്ചയ്ക്കെന്തു കാര്യം?" ദീർഘകാലമായി നടന്നു കൊണ്ടിരിക്കുന്ന സാമ്രാജ്യത്വ പദ്ധതികൾ കേരളത്തിൽ പൂർവ്വാധികം ശക്തിയോടെ നപ്പൊക്കിക്കൊണ്ടിരിക്കുകയാണ്. പ്രത്യയശാസ്ത്രരംഗത്ത് അധിനിവേശത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമങ്ങൾ തന്നെയാണ് ഇതിൽ പ്രധാനമായി ഞാൻ കാണുന്നത്. നേരത്തേ പുരോഗമന രാഷ്ട്രീയത്തിൽ അടിയുറച്ച് നിൽക്കുകയും അതിന്റെ ആശയം പ്രായോഗിക രംഗങ്ങളിൽ ക്രിയാത്മകമായി സേവനം നൽകുകയും ചെയ്ത ചിലർ ഇപ്പോൾ മാർക്സിസത്തിലും അതിന്റെ ഹൃദയവർഗ്ഗ സമരസിദ്ധാന്തങ്ങൾക്കും പാഠഭേദം രചിച്ചുകൊണ്ടിരിക്കുന്നു. മാർക്സിസത്തിന്റെ പ്രസക്തിയെ ചോദ്യം ചെയ്യുക മാത്രമല്ല, അതിനു ബദലായി പുതിയ സിദ്ധാന്തങ്ങളും സമവാക്യങ്ങളും ഇവർ രചിച്ചു തുടങ്ങിയിരിക്കുന്നു എന്ന് ബർലിൻ കുഞ്ഞനന്തൻ നായർ ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഇതിനകത്ത് ഒരു രേഖ നിങ്ങൾ അച്ചടിച്ച് ഇറക്കിയതാണ്....(ബഹളം).... ഈ നയത്തിൽ നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്? ....(ബഹളം)....ഞാൻ പറയുന്നത് നയപ്രഖ്യാപനമല്ല എന്നു പറയാൻ കാരണം, ഈ നയം നിങ്ങൾക്ക് ഇഷ്ടമില്ലാത്തതുകൊണ്ടല്ലേ? പക്ഷേ ഈ നയം എനിക്ക് വളരെ ഹൃദിസ്ഥവും വളരെ സന്തോഷകരവുമാണ്. അതുകൊണ്ട് എനിക്ക് പറയാതിരിക്കാൻ പറ്റുമോ? ഈ പുസ്തകത്തിനകത്ത് യു. എസ്. എയ്ഡിന്റെ ആരംഭത്തെക്കുറിച്ച് പറയുന്നുണ്ട്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ്, അവിടെ നിന്ന് ഗ്ലോബൽ എഡ്യൂക്കേഷൻ സെന്റർ തുടങ്ങി പലവിധ കാര്യങ്ങൾക്കുവേണ്ടി പണം കൊടുക്കാൻ, ആ പണം കേരളത്തിൽ വരുന്നതിനെക്കുറിച്ച് കുഞ്ഞനന്തൻ നായരുടെ ഈ പുസ്തകത്തിലെ പേജിൽ തന്നെ കോളം വരച്ച് ചൂണ്ടിക്കാണിക്കുകയാണ്. Monclaire State University recognized in 1994. ആ യൂണിവേഴ്സിറ്റിയിൽ റിച്ചാർഡ് ഫ്രാങ്കിയുടേയും ബാർബറാ ചാൾസിന്റേയും പ്രവർത്തനംമൂലം അവരിലൂടെ വരുന്ന തുക കേരളാ യൂണിവേഴ്സിറ്റിയിലും മറ്റു പലയിടത്തും പോയിക്കൊണ്ടിരിക്കുന്നു എന്നാണ് പറഞ്ഞത്. ഇനി ഞാൻ വെബ്സൈറ്റിലേക്ക് പോകുകയാണ്. വെബ്സൈറ്റ് എടുക്കാതിരിക്കാൻ നിവൃത്തിയില്ല. കേരളാ ഹെൽത്ത് സ്റ്റഡീസിനുവേണ്ടി 93,000 ഡോളർ ചില ആളുകൾ വാങ്ങിയിട്ടുണ്ട്.....(ബഹളം)... റിച്ചാർഡ് ഫ്രാങ്കിയും കേരളവും തമ്മിലുള്ള ബന്ധം എന്താണ്? റിച്ചാർഡ് ഫ്രാങ്കി കേരളത്തിലെ ജനകീയാസൂത്രണത്തിനകത്ത് എങ്ങനെ വന്നുപെട്ടു? വെബ് സൈറ്റിനകത്ത് പറയുന്നു, Richard Franky continues to serve as a consultant to the local democracy and the development programme in Kerala and spent months assisting with implementation of Kerala People's campaign for decentralised planning. നിങ്ങൾ വിദേശ പണത്തിന് എതിരാണല്ലോ? ഡച്ച് പണത്തെക്കുറിച്ച് പറയുന്നത്, അഴിമതിയാക്ഷേപമാണെന്നുള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. പക്ഷേ നിങ്ങൾ ഇവിടെ എ.ഡി.ബി. ലോൺ വേണ്ട എന്നു പറയുകയും റിച്ചാർഡ് ഫ്രാങ്കിയെ പിടിക്കുകയും ചെയ്യുകയാണ്. ഒപെക്-ൽ നിന്ന് നിങ്ങൾ പണം വാങ്ങിക്കുന്നില്ലേ? ഒപെക്-ന്റെ ഒമ്പതരക്കോടി രൂപ ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിച്ചത്? ഏതാണ് ഒപെക്? നിങ്ങൾക്കറിയില്ലേ? അറിയും. ഒത്തിരി നാൾ യാത്ര ചെയ്തതല്ലേ? അറിയാമല്ലോ? ഒപെക്-ന്റെ ഒമ്പതരക്കോടി രൂപ വാങ്ങിയതല്ലേ? ആ ഒമ്പതരക്കോടി രൂപ സ്വിസ് ഗവൺമെന്റ് തന്നതല്ലേ? സ്വിസ് ഗവൺമെന്റിന്റെ കൈയിൽനിന്നും 9.5 കോടി രൂപ Communist Party of India (M)-ന്റെ ഒരു സെക്രട്ടേറിയറ്റ് അംഗം, ഇവിടെ ജോയിന്റ് ഡയറക്ടർ ആയിട്ടുള്ള ഒരാൾ വാങ്ങിയാൽ നിങ്ങളതറിയില്ലേ? ശ്രീ. ജോയ് ഇളമണിനെ നിങ്ങൾ അറിയുമോ? ശ്രീ. ജോയ് ഇളമൺ എ.കെ.ജി. സെന്ററിലെ അംഗമല്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ ചാർജുള്ള ആളാണല്ലോ, അദ്ദേഹത്തിന് അതറിയാമല്ലോ. എ.കെ.ജി. സെന്ററിന്റെ ബ്രാഞ്ച് കമ്മിറ്റിയിൽ ശ്രീ. ജോയ് ഇളമൺ അംഗമല്ലേ? ആ ജോയ് ഇളമൺ ആണ് സ്വിസ് ഗവൺമെന്റിന്റെ കയ്യിൽ നിന്നും 9.5 കോടിരൂപ വാങ്ങിയിട്ടുള്ളത്. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് വിദേശ പണത്തോട് എതിർപ്പുണ്ടോ? എ.ഡി.ബി. ലോണിനെ എതിർക്കാനാണല്ലോ നിങ്ങൾ നിൽക്കുന്നത് അത് വേണ്ടെന്ന് പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ യൂണിവേഴ്സിറ്റിയുടെ കാര്യം പറയാത്തത് ഡോ. ഇക്ബാൽ എനിക്ക് വളരെ അടുപ്പമുള്ള ഒരു ഡോക്ടറാണ്, അതുകൊണ്ട് ഞാനത് വിടുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചെറിയൊരു ചോദ്യമുണ്ട്. നിങ്ങളുടെ പാർട്ടി ഈ പറയുന്ന വിദേശ ധനസഹായത്തെ അംഗീകരിക്കുന്നില്ലെങ്കിൽ എ.കെ.ജി. ബ്രാഞ്ച് കമ്മിറ്റിയിലെ അംഗമായ ശ്രീ. ജോയ് ഇളമണിനെതിരെ നടപടിയെടുക്കുന്നതിന് എന്തുകൊണ്ട് നിങ്ങൾ മടിക്കുന്നു എന്നുള്ളതാണ് എന്റെ ചോദ്യം. നിങ്ങൾ നടപടിയെടുക്കണ്ടേ? നിങ്ങൾ നടപടിയെടുക്കുന്നില്ല. അതിന്റെ അർത്ഥം നേതാക്കന്മാർ കണ്ണടച്ചുകൊടുക്കുന്നു എന്നല്ലേ? നേതാക്കന്മാർ കണ്ണടച്ചുകൊടുത്തുകൊണ്ട് വിദേശപണം കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു മാർഗ്ഗം നിങ്ങളുണ്ടാക്കി കൊടുക്കുന്നു എന്നല്ലേ? നിങ്ങൾ നേതാക്കന്മാർ അതിനെയാണ് ഇപ്പോൾ പാർട്ടിക്കകത്ത് ചോദ്യം ചെയ്യുന്നത്. അതിനെയാണ് ഈ പാർട്ടി അംഗീകരിക്കാതിരിക്കുന്നത്. നിങ്ങൾ ചോദിച്ചല്ലോ ശ്രീ. ജോയ് ഇളമൺ ആരാണെന്ന്? ഞാനത് വായിക്കാം, Director, Kerala Health Studies and Research Centre, supported by Grant from John D and Catherin Mac Arthur Foundation. ആരാണെന്ന് അവിടെ ചോദിച്ചാൽ മതി ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ. ഈ വെബ്സൈറ്റ് അങ്ങയുടെ പരിശോധനയ്ക്കായി ഞാൻ വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം, അങ്ങ് പരിശോധിക്കണം. നമ്മുടെ നാട്ടിലെ ഇടതുപക്ഷ പ്രസ്ഥാനം അമേരിക്കയുടെ ചാരപ്പണിയാണ് നടത്തുന്നതെന്ന് സംശയിക്കുന്ന സാഹചര്യത്തിലേക്ക് നമുക്ക് വിടാൻ പറ്റുമോ? കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഒരു സംസ്കാരമില്ലേ? ആ കമ്മ്യൂണിസ്റ്റു പാർട്ടി സാമൂഹ്യ പരിഷ്കരണത്തിന് വഴിവയ്ക്കുന്ന ഒരു പാർട്ടിയല്ലേ? ആ പാർട്ടിയിൽ നിൽക്കേണ്ട ആളല്ലേ? ചിലയാളുകൾ അതിന്റെ നേതൃസ്ഥാനത്ത് കയറിപ്പറ്റിയതിനുശേഷം ആ പാർട്ടിയെതന്നെ ഇങ്ങിങ്ങായി വിൽക്കാൻ ശ്രമിക്കുമ്പോൾ അവിടെയാണ് അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗത്തിൽപ്പെട്ട ആളുകൾ ഉയർന്നു ചിന്തിക്കണമെന്നു ഞാൻ പറയുന്നത്. അടിസ്ഥാന വർഗ്ഗത്തിന്റെ താല്പര്യസംരക്ഷണം നിങ്ങൾ ഹനിക്കുകയാണ്. അവിടെയാണ് നിങ്ങളുടെ പാർട്ടിക്ക് പരിഷ്കരണവാദം വരുന്നത്. ഇത് കമ്മ്യൂണിസമാണോ? ഇത് സ്വീഡൻ കമ്മ്യൂണിസമാണ്. പകൽ വെളിച്ചത്തിലെ കമ്മ്യൂണിസ്റ്റുകാർ പാതിരാവിലെ സാമ്പത്തിക ശക്തിയുള്ള ആളുകൾക്കൊപ്പമുള്ള യാത്രകൾ, അവർക്കുവേണ്ടി നിന്നുകൊടുക്കുന്ന ഏർപ്പാട്, ഇത് തട്ടിപ്പാണ്. കേരളത്തിലെ ഇടതുപക്ഷ ചിന്താഗതിയുള്ള ആളുകളെ ഈ തട്ടിപ്പ് ബോദ്ധ്യപ്പെടുത്തണം. അവർ ചെയ്യുന്ന ഈ തെറ്റ് നിങ്ങൾ ചരിത്രത്തോട് കാണിക്കുന്ന ഏറ്റവും വലിയ തെറ്റാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ആ തെറ്റുതിരുത്താൻ മാർക്സിസ്റ്റു പാർട്ടി മുന്നോട്ടു വരണം. ഇവിടെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഞാനെന്താണ് രാഷ്ട്രീയം ചോദിക്കുന്നതെന്ന് ചോദിച്ചല്ലോ, ഞാൻ പറയുന്നത് ഒരു കാര്യം മാത്രമേയുള്ളൂ, കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയിൽ നടന്നുവരുന്ന ഇന്നത്തെ റിവല്യൂഷണിസ്റ്റ് ചിന്ത ഈ കേരളത്തെ നാശത്തിലേക്ക് നയിക്കും. 'വണ്ടേ നീ പിടയുന്നു, വിളക്കും നീ കെടുത്തുന്നു.' അവിടെയാണ് ഞങ്ങളുടെ പ്രധാനപ്പെട്ട പ്രശ്നം. നിങ്ങളോ തകരുന്നു, നിങ്ങൾ കേരളത്തേയും തകർക്കുന്നു. കേരളത്തിന്റെ പുതിയ സമീപനത്തെ നിങ്ങൾ പിടിച്ചു കുലുക്കുന്നു. അവിടെ ബന്ദ് നടത്തി, ഹൊരാവോ നടത്തി, പ്രാദേശിക സമരങ്ങൾ നടത്തി, ജനങ്ങളെ ഇളക്കി, ആളുകളെ വെടിവയ്പിച്ച് അന്തരീക്ഷം കലക്കി, ഈ കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്കെതിരെ നിങ്ങളിപ്പോൾ വാളെടുത്തിരിക്കുകയാണ്. അവിടെയാണ് ഞങ്ങളുടെ പ്രശ്നം. നിങ്ങൾ പോയി തുലഞ്ഞാൽ മറ്റാർക്കും അതിൽ ചേതമില്ലല്ലോ. 'ഞങ്ങളുടെ പോലീസ് ഞങ്ങളെ തല്ലിയാൽ നിങ്ങൾക്കെന്താണ് കോൺഗ്രസ്സേ' എന്നു ചോദിച്ച പഴയ മുദ്രാവാക്യം നിങ്ങൾക്ക് വേണമെങ്കിൽ ചോദിക്കാം. പക്ഷേ ഈ കേരളത്തെയാണ് നിങ്ങൾ തകർക്കുന്നത്. ഈ സംസ്ഥാനത്തിലെ മൂന്നുകോടി ജനങ്ങളെ തകർക്കുന്നു. ആ സാഹചര്യത്തിൽ നിന്നും കേരളത്തെ രക്ഷിക്കുവാൻ ഈ ഗവൺമെന്റിന്റെ പുതിയ സമീപനവുമായി മുന്നോട്ടു പോകണം. അതിന് ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇന്നു രാവിലെ മുതൽ, നന്ദിപ്രമേയം അവതരിപ്പിച്ച ശ്രീ. എ. എൻ. രാജൻ ബാബു മുതൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വരെയുള്ളവരുടെ പ്രസംഗം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ഒരു നീണ്ട 5 മാസത്തെ ഇടവേളയ്ക്കുശേഷമാണ് നമ്മളിവിടെ വീണ്ടും സമ്മേളിക്കുന്നത്. സംഭവബഹുലമായ 5 മാസക്കാലങ്ങൾ പിന്നിട്ടുകഴിഞ്ഞു. ആ 5 മാസക്കാലത്തിനിടയ്ക്ക് ഇവിടെ എന്തെല്ലാം നടന്നു? ഇവിടെ അതുസംബന്ധിച്ചെല്ലാം ചർച്ച ചെയ്യപ്പെടുമെന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അതിൽ നിന്നും ശ്രദ്ധതിരിച്ചുവിടാനാണ് നയപ്രഖ്യാപനത്തെക്കുറിച്ച് ഇവിടെ നടക്കുന്ന ചർച്ചയിൽ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കുഞ്ഞനന്തൻ നായരുടെ പുസ്തകത്തെ സംബന്ധിച്ച് പറയുവാൻ സന്നദ്ധമായത്. ഇവിടെ സി.പി.എം. എന്നു പറയുന്ന പാർട്ടി ഒരു മാർക്സിസ്റ്റു ലെനിനിസ്റ്റു പാർട്ടിയാണ്. അത് മറ്റ് പാർട്ടികളിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. മാർക്സിസം, ലെനിനിസമെന്നു പറയുന്നത് ഒരു ശാസ്ത്രമാണ്. അതുകൊണ്ടുതന്നെ ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളും സൈദ്ധാന്തിക പ്രശ്നങ്ങളും ഞങ്ങളുടെ പാർട്ടി ചർച്ച ചെയ്യും. ഇതു സംബന്ധിച്ച് ഉയർന്നു വരുന്ന വിവാദങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ട് പാർട്ടി സംഘടനാപരമായ തീരുമാനമെടുത്ത് പ്രഖ്യാപിക്കും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച എല്ലാ പ്രശ്നങ്ങളും പാർട്ടി ചർച്ച ചെയ്യുകയും അതുസംബന്ധിച്ച് ആധികാരികമായി പാർട്ടിയുടെ അഭിപ്രായം ഖണ്ഡിതമായി പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ പറയുകയും ചെയ്തു, അത് പത്രത്തിൽ പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അതു സംബന്ധിച്ച് പറയാൻ ഇവിടെ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ കുഞ്ഞനന്തൻ നായരുടെ പുസ്തകം വായിക്കാൻ തുടങ്ങി എന്നതിൽ എനിക്ക് സന്തോഷം തോന്നുന്നു. കുഞ്ഞനന്തൻ നായർ എഴുതിയ ആ പുസ്തകം വായിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹമെഴുതിയ മറ്റൊരു പുസ്തകംകൂടി വായിക്കണം. അത് സി.ഐ.എ.യെക്കുറിച്ച് അദ്ദേഹം എഴുതിയ പുസ്തകമാണ്. ആ പുസ്തകത്തിൽ വിമോചന സമരകാലത്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റു ഗവൺമെന്റിനെ താഴെയിറക്കാൻ പത്ത് കോടിരൂപ സി.ഐ.എ.യിൽ നിന്നും കൈപ്പറ്റിയവരാണ് അപ്പുറത്തിരിക്കുന്ന ആളുകളെന്നുള്ള കാര്യം പറഞ്ഞിട്ടുണ്ട്. കുഞ്ഞനന്തൻ നായർ പറഞ്ഞ ആ കാര്യം എന്തുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മൂടിവച്ചു? അത് മൂടിവയ്ക്കുന്നതിനുവേണ്ടിയല്ലേ ഈ കാര്യം ഇവിടെ പുറത്തുകൊണ്ടുവന്നിരിക്കുന്നത്? ഞങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കൻ ചാരസംഘടനയായാലും ഏതു ചാരസംഘടനയായാലും പാർട്ടിക്കകത്ത് ആര് കടന്നുകൂടിയാലും അത് മുളയിലേതന്നെ ഈ പാർട്ടി നുള്ളിക്കളയും.. അതിനുകഴിയുന്ന ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). അതുകൊണ്ട് ഇവിടെ വന്നിരിക്കുന്ന വിവാദങ്ങളിലൊന്നും ഞങ്ങൾക്ക് യാതൊരുവിധ മനഃചാഞ്ചല്യവുമില്ല. ഇതുസംബന്ധിച്ച് സംഘടനാപരമായി ഞങ്ങൾ പരിശോധിച്ചുകൊണ്ട് ആരുടെ ഭാഗത്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് പാർട്ടി നടപടിയെടുക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. കോൺഗ്രസ്സിനെപ്പോലെ ഇത്തരം കാര്യങ്ങളൊന്നും മൂടിവയ്ക്കുന്ന ഒരു പാർട്ടിയല്ല സി.പി.ഐ.(എം.) എന്നുമാത്രമേ ഞാൻ ഇതുസംബന്ധിച്ച് വ്യക്തമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നുള്ളൂ. ഈ രണ്ടേമുക്കാൽ വർഷക്കാലത്തെ ഭരണം സംബന്ധിച്ച് ഒരു നേട്ടവും അവകാശപ്പെടാനില്ലാത്തതുകൊണ്ടാണ് അവർ ഈ അഭ്യാസങ്ങളൊക്കെ ഇവിടെ കാണിച്ചതെന്ന് എനിക്ക് മനസ്സിലായി. ഗവർണ്ണറെക്കൊണ്ട് ഇത്തവണ ഈ നയപ്രഖ്യാപനം നടത്തിക്കുവാൻ ഈ ഗവൺമെന്റിന് എന്താണ് അവകാശം? ഈ മന്ത്രിസഭയ്ക്ക് ജനങ്ങൾക്കിടയിൽ ഭൂരിപക്ഷമില്ല. ഈ മന്ത്രിസഭ ഇന്ന് നിലനിൽക്കുന്നത് സാങ്കേതികമായി നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ടാണ്. ജനങ്ങൾക്കിടയിൽ ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടു. അതിന്റെ ഏറ്റവും വലിയ തെളിവാണ് എറണാകുളം പാർലമെന്റ് തെരഞ്ഞെടുപ്പ്. 1,15,000 വോട്ടിന്റെ ഭൂരിപക്ഷത്തിന് യു.ഡി.എഫ്. ജയിച്ച ഒരു മണ്ഡലം, 7 അസംബ്ലി മണ്ഡലങ്ങളിലും യു.ഡി.എഫ്. ജയിച്ച എറണാകുളം പാർലമെന്റ് സീറ്റ്, അവിടെയാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി 23,000 വോട്ടിന് തോറ്റുതൊപ്പിയിട്ടത്. ആ നിയോജകമണ്ഡലത്തിൽ വോട്ടുപിടിക്കാൻ ഇവിടെയുള്ള 18 മന്ത്രിമാരും അവിടെവന്നു. ആ 18 മന്ത്രിമാരും പോരാഞ്ഞിട്ട് അങ്ങും അവിടെവന്നു, ഞാനത് ഇവിടെ പരാമർശിക്കുന്നില്ല. അറുപതോളം എം.എൽ.എ.-മാർ അവിടെ തമ്പടിച്ചു താമസിച്ചു, എല്ലാ പണിയും നടത്തി, ഭരണയന്ത്രം ദുർവിനിയോഗിച്ചു. എന്നിട്ടും അവർക്ക് എറണാകുളത്തു ജയിക്കാൻ കഴിഞ്ഞില്ല. ജനങ്ങൾ എതിരായി. ആലുവായിലും തൃപ്പുണിത്തുറയിലും യു.ഡി.എഫ്. സ്ഥാനാർത്ഥികൾ തോറ്റു. അതിനുശേഷം നടന്ന തിരുവല്ല തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.ന്റെ ഭൂരിപക്ഷം പതിനായിരം വോട്ടിൽ നിന്നും നാലായിരം വോട്ടായി കുറഞ്ഞു. രണ്ടേമുക്കാൽ വർഷം യു.ഡി.എഫ്. ഭരിച്ചപ്പോൾ തിരുവല്ലയിൽ അവരുടെ വോട്ട് നാലായിരമായി കുറഞ്ഞു. തിരുവല്ലയ്ക്കുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, 28 സീറ്റിൽ തെരഞ്ഞെടുപ്പു നടന്നപ്പോൾ 20 സീറ്റിൽ യു.ഡി.എഫ്. തോറ്റു. ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 182 സീറ്റുകളിൽ തെരഞ്ഞെടുപ്പു നടന്നു. അതിൽ 135 സീറ്റുകളിലും ജയിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണിയായിരുന്നു. ഈ ഗവൺമെന്റിനു ജനപിന്തുണ നഷ്ടപ്പെട്ടു. തിരുവല്ലയിൽ ആ സ്ഥാനാർത്ഥി ജയിച്ചതുതന്നെ കേരളാ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായതുകൊണ്ടാണെന്നാണ് എനിക്കു തോന്നുന്നത്. തിരുവല്ലയിൽ നേടിയ വിജയം യു.ഡി.എഫ്.ന്റെ വിജയമായി അവകാശപ്പെടുന്നതിനെക്കുറിച്ച് ശ്രീ. ഇ. അഹമ്മദ് പറഞ്ഞ ഒരുകാര്യം മാത്രം ഞാൻ പറയാം. മലപ്പുറം ജില്ലയിൽ ഒരു സീറ്റിൽ ലീഗ് ജയിച്ചാൽ അതിൽ എന്താണ് കോൺഗ്രസ്സിന് അഭിമാനിക്കാനുള്ളത് എന്ന് ശ്രീ. ഇ. അഹമ്മദ് പറഞ്ഞു. അതു തന്നെയാണ് എനിക്കും തിരുവല്ല തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് നിങ്ങളോടു പറയാനുള്ളത്. കോൺഗ്രസ്സ് ഇപ്പോൾ എവിടെ മൽസരിച്ചാലും അവിടെ തോൽക്കും എന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പാണ്. കോൺഗ്രസ്സ് ഭരിച്ച മൂന്നു സംസ്ഥാനങ്ങളിലും അവർ തോറ്റില്ലേ? മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തിസ്ഗട്ട് ഈ മൂന്നിടത്തും കോൺഗ്രസ്സ് എന്തുകൊണ്ട് തോറ്റു എന്നതു സംബന്ധിച്ച് നിങ്ങൾ പരിശോധിക്കാൻ തയ്യാറുണ്ടോ? ആ മൂന്നു സംസ്ഥാനങ്ങളിലേയും കോൺഗ്രസ്സ് ഗവൺമെന്റ് സ്വീകരിച്ച സാമ്പത്തികനയം, പ്രായോഗികമായ പ്രവർത്തനശൈലി. അതിന്റെ തിരിച്ചടി അവിടെയുണ്ടായി. അതു അപകടകരമായി ബി.ജെ.പി.ക്കു ഗുണം ചെയ്തു. ആ മൂന്നു സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ് മുഖ്യമന്ത്രിമാർ സ്വീകരിച്ച അതേ പ്രവർത്തനശൈലിയാണ് കേരളത്തിലെ മുഖ്യമന്ത്രിയും സ്വീകരിക്കുന്നത്, ആ സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ് മുഖ്യമന്ത്രിമാർക്കുള്ള അതേ കുഴി തന്നെയാണ് ഇവിടെ നിങ്ങളും പണിതുകൊണ്ടിരിക്കുന്നത്. അവിടെ ദിഗ് വിജയസിംഗ് എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്? അദ്ദേഹം ഔദ്യോഗികവസതിയിൽ യാഗവും പൂജയും നടത്തി. എന്തിനുവേണ്ടി? ബി. ജെ. പി.ക്കാരെ തോല്പിക്കാൻ വേണ്ടി. മനുഷ്യദൈവങ്ങളുടെയും ജ്യോത്സ്യന്മാരുടെയും മാന്ത്രികന്മാരുടെയുമൊക്കെ അനുഗ്രഹം അദ്ദേഹം തേടി. ഒരു ദിവസം അദ്ദേഹം ഒരു മാന്ത്രികന്റെ നിർദ്ദേശ പ്രകാരം നിയമസഭയിൽ തലയാണിയുമായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. എന്തൊക്കെയാണ് അദ്ദേഹം കാട്ടിക്കൂട്ടിയത്? അവിടെ ആർ.എസ്.എസ്.-കാർ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഒരു സന്യാസിനിയായ ഉമാഭാരതിയെ കൊണ്ടുവന്നപ്പോൾ കോൺഗ്രസ്സ് എന്തു ചെയ്തു? ഇവർ ഗോവധം നിരോധിച്ചു. എന്നിട്ട് പശുക്കൾക്ക് താമസിക്കാൻ ആലയം ഉണ്ടാക്കിക്കൊടുത്തു. പശുക്കൾക്ക് മൃഷ്ടാന്നഭോജനം, പശുക്കൾക്ക് ഗോശാല. മുഖ്യമന്ത്രി സഞ്ചരിച്ച വാഹനത്തിനു കൊടുത്ത പേരെന്താണ്? ഗോരഥം. പശുവിന്റെ കട്ടൗട്ട് വച്ച ഗോരഥത്തിലാണ് മുഖ്യമന്ത്രി ദിഗ് വിജയസിംഗ് സഞ്ചരിച്ചത്. ഒടുവിൽ എന്തു സംഭവിച്ചു? ഇലക്ഷൻ നടന്നപ്പോൾ പശുവിന് വോട്ടുണ്ടായില്ല. സാധാരണക്കാരായ ജനങ്ങൾ മദ്ധ്യപ്രദേശിൽ പട്ടിണി കിടക്കുന്നു. സാധാരണക്കാരനുവേണ്ടി നിൽക്കാൻ കോൺഗ്രസ്സിനു സാധിക്കാതെ വന്നപ്പോൾ കോൺഗ്രസ്സിൽ തിരിച്ചടിയുണ്ടായി. കോൺഗ്രസ്സ് കാവി ഉയർത്തിപ്പിടിച്ചപ്പോൾ ഇവർ എന്തുചെയ്തു? ശ്രീമതി സോണിയാഗാന്ധിയുടെ സാരിയുടെ നിറം കാവിയാക്കി പോസ്റ്റർ അടിച്ചിറക്കി മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, കാവിയെ വിമർശിക്കരുത് എന്ന്. ഹിന്ദുത്വവുമായി സന്ധി ചെയ്ത കോൺഗ്രസ്സിന്റെ പരാജയമാണ് ആ സംസ്ഥാനത്തുണ്ടായത്. ഇതേ അവസ്ഥയാണ് ഈ സംസ്ഥാനത്തുണ്ടാകാൻ പോകുന്നത്. അതിന്റെ ഏറ്റവും അവസാനത്തെ തെളിവല്ലേ മാറാട് പ്രശ്നം പരിഹരിച്ചതിൽ സ്വീകരിച്ച സമീപനം. ഹിന്ദുത്വ വർഗ്ഗീയവാദികൾക്കുമുമ്പിൽ കീഴടങ്ങിക്കൊണ്ടല്ലേ മാറാട് പ്രശ്നത്തിനു പരിഹാരം കണ്ടത്. ഒരു മതേതര സംസ്ഥാനത്ത് സ്വീകരിക്കേണ്ട നിലപാടാണോ ഈ പ്രശ്നത്തിൽ സ്വീകരിച്ചത്? അഞ്ചു മാസം -ആ മാറാടുള്ള ജനങ്ങൾ, ജനിച്ച വീട്ടിൽ താമസിക്കാൻ കഴിയാതെ

LIBRARY ARCHIVES Kerala Legislative Assembly

അഭയാർത്ഥികളായിട്ടാണ് കഴിഞ്ഞത്. കടത്തിണ്ണകളിലും പീടികത്തിണ്ണകളിലും വരാന്തകളിലും കിടന്നുറങ്ങി. അഞ്ചുമാസം മുമ്പ് ആർ.എസ്.എസ്. ഉന്നയിച്ച മുദ്രാവാക്യം എന്താണ്? 10 ലക്ഷം രൂപ നഷ്ടപരിഹാരം, സി.ബി.ഐ. അന്വേഷണം. അഞ്ചു മാസം കഴിഞ്ഞപ്പോൾ അംഗീകരിച്ചു കൊടുത്തില്ലേ മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ചേർന്ന്. ഞാൻ ചോദിക്കട്ടെ, അഞ്ചു മാസത്തിനുശേഷം അംഗീകരിച്ച ആ കാര്യം നിങ്ങൾ അഞ്ചു മാസത്തിനുമുമ്പ് അംഗീകരിച്ചു കൊടുത്തിരുന്നുവെങ്കിൽ ഈ ആളുകൾക്ക് ഇത്രയും മാസക്കാലം അഭയാർത്ഥികളായി കഴിയേണ്ടി വരുമായിരുന്നോ? അതിന് ആരാണ് ഉത്തരവാദി? ആന്റണി മന്ത്രിസഭയാണ്. എന്തു ദുരന്തമാണ് മാറാടിലെ ജനങ്ങൾ അനുഭവിച്ചത്. മാറാട് പ്രശ്നം പരിഹരിച്ചതിനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു. മാറാട് പ്രശ്നം എങ്ങനെയാണ് പരിഹരിച്ചത് എന്നത് സംബന്ധിച്ച് ഞങ്ങൾക്കറിയണം. മാറാട് പ്രശ്നം എങ്ങനെയാണ് ഒത്തുതീർപ്പുണ്ടാക്കിയതെന്ന് ഈ നിയമസഭയിൽ വ്യക്തമാക്കണം. മാറാട് സംഭവത്തെക്കുറിച്ച് ഗവൺമെന്റ് ഒരു ധവളപത്രം പുറപ്പെടുവിക്കണം. അവസാനം ഉണ്ടായ കൂടിയാലോചനയിൽ എന്തൊക്കെ ഉറപ്പു കൊടുത്തു. ഇപ്പോൾ പലതും പുറത്തു വരുന്നു. ഹിന്ദു ഐക്യവേദി പറയുന്നു ഞങ്ങൾക്കു തന്ന ഉറപ്പുപാലിച്ചിട്ടില്ല എന്ന്. അവരുടെ പേരിൽ ചാർജ്ജ് ചെയ്ത എല്ലാ കേസ്സുകളും പിൻവലിച്ചുകൊടുത്തു. കെ.പി.സി.സി. പ്രസിഡന്റ് കെ. മുരളീധരന്റെ വീടിനുനേരെ ആക്രമണം നടത്തിയ കേസ് പോലും ഇതിന്റെ ഭാഗമായി പിൻവലിച്ചു കൊടുത്തില്ലേ? മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരുന്നുകൊണ്ട് പത്രസമ്മേളനം. ആരാണ്? നമ്മുടെ ആർ.എസ്.എസ്. നേതാവ് ശ്രീ. പി. പി. മുകുന്ദൻ. അതുകൊണ്ടാണ് ശ്രീ. പ്രവീൺ തൊഹാഡിയ പറഞ്ഞത്, ശ്രീ. എ. കെ. ആന്റണിയെ എ.ഐ.സി.സി. പ്രസിഡന്റാക്കണമെന്ന്. അദ്ദേഹത്തിനറിയാം കേരളത്തിലെ മുഖ്യമന്ത്രിയായി ശ്രീ. ഒ. രാജഗോപാൽ വന്നാൽപ്പോലും മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയിലിരുന്ന് പത്രസമ്മേളനം നടത്താൻ ഒരു ആർ.എസ്.എസ്. നേതാവിന് സാധിക്കില്ല എന്ന്. ശ്രീ. എ. കെ. ആന്റണി ഭരിക്കുന്ന ഈ സംസ്ഥാനത്ത് അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിൽ വച്ച് പത്രസമ്മേളനം നടത്തി. മറ്റു സംസ്ഥാനങ്ങൾ സ്വീകരിച്ച അതേ ശൈലി തന്നെയാണ് ഇവിടേയും സ്വീകരിക്കുന്നത്. മാറാട് സംഭവം സംബന്ധിച്ചുണ്ടായ എല്ലാ കാര്യങ്ങളും ഈ നിയമസഭയിൽ വ്യക്തമാക്കണം. മുഖ്യമന്ത്രി മറ്റന്നാൾ മറുപടി പറയും. ഇവിടെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും ചെയ്യുമോ? വല്ല ഉറപ്പുമുണ്ടോ? ഇതിനുമുമ്പ് മൂന്ന് നയപ്രഖ്യാപനപ്രസംഗങ്ങളിൽ പറഞ്ഞ കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. നയപ്രഖ്യാപന പ്രസംഗം വെറും ആവർത്തനമല്ലേ? ഇവിടെ പറഞ്ഞു, സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന്. പുതിയ ബഡ്ജറ്റ് സൈക്കിൾ കൊണ്ടുവരുമെന്ന്. എന്നാൽ ഇപ്പോൾ പറയുന്നു

LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ ബഡ്ജറ്റ് ഇല്ലെന്ന്. അറിഞ്ഞുകൊണ്ട് നിങ്ങൾ എന്തിന് ഇതു എഴുതിവച്ചു. നിങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിലുള്ള വ്യത്യാസമെന്താണ് എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണിത്. ഈ ഗവൺമെന്റ് നയപ്രഖ്യാപനപ്രസംഗത്തിൽ മറച്ചുവച്ച ഒരു കാര്യം ഞാൻ ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഈ സമീപകാലത്തു നടന്ന ഏറ്റവും വലിയ സംഭവമാണ് ഇറാഖിലുണ്ടായ സംഭവം. ആ ഇറാഖി പ്രശ്നത്തിൽ ഇപ്പോൾ ഏറ്റവും ഒടുവിൽ ഉണ്ടായ സംഭവത്തിനുശേഷം അമേരിക്കൻ അധിനിവേശം, അവിടത്തെ സ്വതന്ത്ര പരമാധികാരരാഷ്ട്രത്തെ കീഴ്പ്പെടുത്തിക്കൊണ്ട് നടത്തിയ കയ്യേറ്റം, ആ രാജ്യത്തേക്ക് ഇന്ത്യൻ പട്ടാളത്തെ അയയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ ഇന്ത്യൻ പട്ടാളം പോയില്ല. എന്നാൽ അമേരിക്കൻ അധിനിവേശ പ്രദേശങ്ങൾക്കാവശ്യമായ സഹായം ചെയ്തുകൊടുക്കാൻ കൂലി പട്ടാളക്കാരായി കേരളത്തിൽ നിന്ന് ആളുകളെ റിക്രൂട്ട് ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്ന് വാർത്ത വന്നിരിക്കുന്നു. എന്താണ് ഈ സംസ്ഥാന ഗവൺമെന്റിന്റെ സമീപനം? ഇറാഖിലെ സാധാരണക്കാരായ പൗരന്മാരെ കശാപ്പു ചെയ്യാൻ ശ്രീ. എ. കെ. ആന്റണി ഭരിക്കുന്ന കേരളത്തിൽ നിന്നും കൂലിപ്പട്ടാളം പോകുന്നു എന്നുള്ളത് ഈ സംസ്ഥാനത്തിന് ഭീഷണിയാണ്. ഇതു സംബന്ധിച്ചുള്ള നിങ്ങളുടെ നയം എന്താണെന്നു നിങ്ങൾ വ്യക്തമാക്കണം. അതു തടയാൻ എന്തുകൊണ്ട് സാധിച്ചില്ല എന്നുള്ള കാര്യം ഈ നിയമസഭയ്ക്ക് അറിയണം. മറ്റൊന്ന്, കേരളത്തിലെ പാക് പൗരന്മാരുടെ പ്രശ്നം. ഇവിടെ താമസിക്കുന്ന 250-ഓളം പാക് പൗരന്മാർ 65-ഉം 75-ഉം വയസ്സു കഴിഞ്ഞവരാണ്. അവരെ ഇവിടെ തന്നെ നിലനിർത്തണമെന്ന് ഈ നിയമസഭ അഭിപ്രായപ്പെട്ടിട്ടും അതു സംബന്ധിച്ച് ഒരു റിപ്പോർട്ടുപോലും കേന്ദ്രത്തിനു അയച്ചിട്ടില്ല. ആ റിപ്പോർട്ട് അയയ്ക്കാത്തതിന്റെ ഫലമായിട്ടാണ് തീരുമാനമെടുക്കാൻ കഴിയാത്തതെന്ന് കേന്ദ്രമന്ത്രി ശ്രീ. ഗോപാലസ്വാമി മിനിഞ്ഞാന്നു പറഞ്ഞിരിക്കുന്നു. ഗോപാലസ്വാമി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ല എന്ന് വ്യക്തമല്ലേ? ന്യൂനപക്ഷപ്രേമം പറയുന്ന മുസ്ലീം ലീഗ് ഉൾക്കൊള്ളുന്ന ഒരു മന്ത്രിസഭ എന്തുകൊണ്ട് ഇതു സംബന്ധിച്ച് തീരുമാനമെടുത്തില്ല? ഗവൺമെന്റ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ എല്ലാ അവകാശവാദങ്ങളും പൊള്ളയാണ്. ഈ സംസ്ഥാനം സാമ്പത്തികമായി അഭിവൃദ്ധിപ്പെട്ടോ? ഞങ്ങളുടെ ഗവൺമെന്റിനെക്കുറിച്ച് ഒടുവിൽ ഉന്നയിച്ച പ്രശ്നമെന്താണ്? ഞങ്ങൾ കടമുണ്ടാക്കി എന്ന്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ച കാലത്തും അതിനു മുമ്പു ഭരിച്ച കാലത്തും കടമുണ്ടായിട്ടുണ്ട്. 45 കൊല്ലത്തെ കടം എത്രയായിരുന്നു? 23,919 കോടി രൂപ. ഇപ്പോൾ എത്രയാണ് കടം? 33,708 കോടി രൂപ. ഇടതുപക്ഷജനാധിപത്യമുന്നണി ഭരിച്ചപ്പോൾ, അഞ്ചു കൊല്ലം കൊണ്ടാണ് പതിനായിരം കോടി രൂപ അധിക കടമുണ്ടാക്കിയത്. നിങ്ങൾ രണ്ടേമുക്കാൽ വർഷം

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചപ്പോൾ പതിനായിരത്തിലധികം രൂപ കടമുണ്ടാക്കിയില്ലേ? അയ്യായിരം കോടി രൂപയുടെ പുതിയ നികുതി കൊണ്ടുവന്നില്ലേ? ഈ പണം നിങ്ങൾ എന്തു ചെയ്തു? ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് പതിനായിരം കോടി രൂപ വാങ്ങിയപ്പോൾ പതിനയ്യായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തു നടന്നു. നിങ്ങൾ ഇത്രയും കടമുണ്ടാക്കിയിട്ട് എന്താണ് ഇവിടെയുണ്ടാക്കിയ നേട്ടമെന്ന് ഒന്നു വിശദീകരിക്കാമോ? അപ്പുറത്തു നിന്നും ആരും അതിനെപ്പറ്റി പറഞ്ഞിട്ടില്ല. ഇതു പറയണം. ഇവിടെ സെയിൽസ് ടാക്സ് വർദ്ധനവുണ്ടായോ? പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിനുപകരം ഉണ്ടായ സെയിൽസ് ടാക്സ് വർദ്ധനവല്ലാതെ ഇവിടെ വല്ല വർദ്ധനയും ഉണ്ടായോ? ധനകാര്യവകുപ്പു സമ്പൂർണ്ണ പരാജയമല്ലേ? വികസന രംഗത്ത് നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ? 'ജിം' പ്രഖ്യാപിച്ചു. 'ജിമ്മി'ന്റെ കഥയെന്താണ് എന്ന് നിങ്ങൾക്കെല്ലാവർക്കും മനസ്സിലായല്ലോ? ഇവിടെ എല്ലാ പത്രങ്ങളും എഴുതാൻ തുടങ്ങി. 'ജിം' കൊണ്ട് പ്രഖ്യാപിച്ചതുപോലെ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നു ഞാൻ പറയുന്നില്ല. അങ്കമാലിയിൽ ഒരു സ്വർണ്ണക്കട, തിരുവല്ലയിലോ മറ്റോ പോംബ്സൺ ഗ്രൂപ്പുകാർ കരിങ്കല്ല് പൊടിച്ചെടുക്കുന്ന യന്ത്രം ഉണ്ടാക്കുന്ന സ്ഥാപനം തുടങ്ങി. പോംബ്സൺ കമ്പനിയുടെ വ്യവസായം തുടങ്ങാൻ, ആലുക്കാസിന്റെ സ്വർണ്ണക്കടയും വെഡ്ഡിംഗ് സെന്ററും തുടങ്ങാൻ 'ജിം' വേണമോ? ഈ 'ജിം' ഈ സംസ്ഥാനത്തു കൊണ്ടുവന്നിട്ട് എന്തു ഗുണം ഉണ്ടായി എന്ന് വ്യക്തമാക്കണം. നിങ്ങൾക്ക് കേരളത്തിന് വേണ്ടി എന്ത് ചെയ്യാൻ സാധിച്ചു. നിങ്ങളുടെ തമ്മിലടികൊണ്ട് ഈ നാട്ടിലെ ജനങ്ങൾ മടുത്തു. മലയാള മനോരമ പത്രം ആമുഖ പ്രസംഗമെഴുതി. അതൊന്നും ഞാൻ വായിക്കുന്നില്ല. 'നാണക്കേടിന്റെ കൂട്ടുത്തരവാദിത്വം ഈ മന്ത്രിസഭ' - കരുണാകരൻ, 'ആന്റണിയെക്കൊണ്ട് രാജി വയ്പിക്കും' - കരുണാകരൻ. കരുണാകരൻ കൊച്ചിയിൽ വൻപിച്ച റാലി നടത്തി, കിടിലം കൊള്ളിച്ച റാലി. എന്തിനാണ് റാലി നടത്തിയതെന്നോ, മുഖ്യമന്ത്രിയെ രാജിവയ്പിക്കാൻ. പതിനായിരക്കണക്കിന് കോൺഗ്രസ്സുകാരെ അണിനിരത്തിക്കൊണ്ട് റാലി നടത്തിയ ഒരു സംസ്ഥാനം ഇന്ത്യാ രാജ്യത്ത് എവിടെയെങ്കിലുമുണ്ടോ? അതാണ് ആന്റണി ഭരിക്കുന്ന കേരളം. 'നേതൃമാറ്റംതന്നെ വേണം' - കരുണാകരൻ, ആ പ്രസ്താവന ഞാൻ കോട്ട് ചെയ്യുന്നില്ല. 'ചർച്ച മുന്നോട്ട്'- ശ്രീ. എ. കെ. ആന്റണി. 'ശ്രീ. ബാലകൃഷ്ണ പിള്ളയേയും ശ്രീ. ടി. എം. ജേക്കബിനേയും പുറത്താക്കണം'- മാണി ഗ്രൂപ്പ്. 'കേരളത്തിൽ ഭരണമില്ല' - കരുണാകരൻ. 'ഭരണമുണ്ട് പക്ഷെ വേഗത പോയി' - ശ്രീ. എ. കെ. ആന്റണി. 'പാർട്ടിയിൽ നിന്നും മുരളിയെ പുറത്താക്കണം' - വിരുദ്ധപക്ഷർ. 'നവംബർ മാസം 19-ന് മുൻപ് തീരുമാനം വേണം' - കരുണാകരൻ. 'ആന്റണി മാറാതെ പ്രതിസന്ധി തീരില്ല' - ലീഗ്. 'തങ്ങളുടെ പ്രസ്താവന ആന്റണിക്ക് മുന്നറിയിപ്പ്' - പത്രവാർത്ത. 'മുരളി

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നത് പാർട്ടി ശത്രുവിനെപ്പോലെ' - വൈസ് പ്രസിഡന്റ് ഷാനവാസ്. 'മുൻ പ്രസിഡന്റ് പട്ടുനൂല്, ഇപ്പോഴത്തെ പ്രസിഡന്റ് വാഴനാര്'- മന്ത്രി എം. എം. ഹസ്സൻ. 'കരുണാകരനോടുള്ള അയഞ്ഞ നിലപാട് പാർട്ടിക്ക് ദോഷം'- ശ്രീ. വക്കം പുരുഷോത്തമൻ, പത്രവാർത്ത. 'കേരളത്തിൽ ഒരു എം.എൽ.എ യുടെ വില ഒരു കോടി രൂപ' - സ്പീക്കർ. നമ്മുടെ നാട്ടിൽ രണ്ടരവർഷക്കാലത്തിനിടയിലുണ്ടായ വിവാദത്തെപ്പറ്റിയുള്ള വാർത്തകൾ, പൊതു ചിത്രം ഇതാണ്. ഈ സഭയും ഈ നാടും കേട്ട വാർത്തകൾ രാഷ്ട്രീയക്കാർക്കുതന്നെ അപമാനമല്ലേ? 'ശ്രീ. കെ. സുധാകരനെ പുറത്താക്കണം'-(ഐ) ഗ്രൂപ്പ്. '(ഐ)-ഗ്രൂപ്പിനെ പുറത്താക്കണം'- ശ്രീ. സുധാകരൻ. 'സഹിക്കുന്നതിലും ഒരു പരിധയുണ്ട്' - ശ്രീ. ഉമ്മൻ ചാണ്ടി. 'പ്രശ്നം തീർന്നില്ലെങ്കിൽ ഭാവി പരിപാടികൾ ഘടകകക്ഷികൾ തീരുമാനിക്കും' - ശ്രീ. ടി. എം. ജേക്കബ്. എല്ലാം പറയാൻ തുടങ്ങിയാൽ എന്റെ സമയം മുഴുവൻ പോകും. ചുരുക്കത്തിൽ അഞ്ചു കോൺഗ്രസ്സുകാർ ഒരു സ്ഥലത്ത് കൂടിയാൽ ആറ് ഗ്രൂപ്പ്. അടി, ഇടി, കത്തിക്കുത്ത്. കോൺഗ്രസ്സിൽ ഗ്രൂപ്പിസ്സമെന്നു പറയുന്നത് സീസണൽ രോഗമാണെന്നാണ് എനിക്ക് തോന്നുന്നത്. അധികാരം കിട്ടി ഒരു വർഷം കഴിഞ്ഞാൽ ഉടനെ തുടങ്ങും. ഇതൊരു വരട്ട് ചൊറിപോലെയാണ്. ഈ ചൊറി കാണുമ്പോൾ ബാക്കിയുള്ള ആളുകൾക്ക് വല്ലാത്ത വിഷമം തോന്നുന്നുണ്ട്. മുൻപൊക്കെ ചൊറി വന്നാൽ ലാട വൈദ്യൻ ഹൈക്കമാന്റ് ഇടപെട്ടാൽ തൽക്കാലം ചൊറി നിൽക്കുമായിരുന്നു. ഇപ്പോൾ ഹൈക്കമാന്റ് ഇടപെട്ടിട്ടും ചൊറി നിൽക്കുന്നില്ല. ഇതെല്ലാംകൊണ്ട് നാട്ടിലെ ജനങ്ങൾ അസഹ്യരായിത്തീർന്നിരിക്കുകയാണ്. ആന്റണിയോട് വിരോധമുള്ള കോൺഗ്രസ്സുകാരൊക്കെ കരുണാകരന്റെ കൂടെയാണ്. കരുണാകരനോട് വിരോധമുള്ളവർ ആന്റണിയുടെ കൂടെ. കരുണാകരനോടും ആന്റണിയോടും വിരോധമുള്ളവർ ചെന്നിത്തലയുടെ കൂടെ. ഈ മൂന്നാളുകളോടും വിരോധമുള്ളവർ വയലാർ രവിയുടെ കൂടെ. ഈ നാലാളുകളോടും വിരോധമുള്ളവർ അഞ്ചാം ഗ്രൂപ്പ്. പതിവായി പത്രവാർത്ത കണ്ടു, അങ്ങയുടെ ഗ്രൂപ്പാണെന്നാണ് കേൾക്കുന്നത്. ആറാം ഗ്രൂപ്പ് തല്ലുകൊള്ളി ഗ്രൂപ്പ്. ശ്രീ. എം. പി. ഗംഗാധരന്റേയും ശ്രീ. ടി. എച്ച്. മുസ്തഫയുടേയും ഗ്രൂപ്പ്. ശ്രീ. എം.പി. ഗംഗാധരനുവരെ അടി കൊണ്ടില്ലേ? ശ്രീ. എം. പി. ഗംഗാധരൻ പറഞ്ഞു എന്നെ അടിക്കാൻ ആരും വളർന്നിട്ടില്ലയെന്ന്. അപ്പോൾ ടെലിവിഷനിൽ കാണിക്കുന്നു അടിക്കുന്ന ചിത്രം. എന്താണ് നാട്ടിൽ നടക്കുന്നത്. ഇവിടെ എത്ര ആൾക്കാർക്കാണ് മുണ്ട് നഷ്ടപ്പെട്ടത്. ആലുവാ പാലസിലാണ് കുറെ കോൺഗ്രസ്സുകാർ ഒന്നിച്ചുകൂടിയത്. ആരെങ്കിലും മുണ്ടുടുത്തിട്ട് അങ്ങനത്തെ സമ്മേളനത്തിന് പോയാൽ ഒരിക്കലും മുണ്ടുമായി തിരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വരില്ല. ആലുവ പാലസിലെ രംഗം ടി.വി-യിൽ കണ്ടപ്പോൾ എനിക്ക് തിളക്കം സിനിമ കണ്ടതുപോലെയാണ്. തിളക്കം സിനിമയിൽ ദിലീപിന്റെ ഒരു പ്രകടനമുണ്ട്. മുണ്ടുടുത്തവനെ ആരെങ്കിലുമൊന്ന് നോക്കിയാൽ അവന്റെ മുണ്ട് നഷ്ടപ്പെടും. ഈ അവസ്ഥയാണ് ആലുവാ പാലസ്സിൽ കോൺഗ്രസ്സുകാർക്കുണ്ടായ അനുഭവം. ഇങ്ങനെ നേതൃത്വം കൊടുക്കുന്ന ഒരു ഭരണത്തിൽ കേരളത്തിൽ എന്തെങ്കിലും വികസനമുണ്ടാക്കാൻ കഴിയുമോ? ഇങ്ങനെ തമ്മിലടിക്കുന്ന ഒരു സംസ്ഥാനത്ത് എന്തു നേട്ടമുണ്ടാകും? ആ കാര്യം എന്തുകൊണ്ട് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തുറന്നുപറഞ്ഞില്ല. ഞങ്ങൾക്ക് തെറ്റുപറ്റി എന്നെങ്കിലും പറയുവാനുള്ള ആർജ്ജവം കാണിച്ചോ, ഇങ്ങനെയൊക്കെ സംഭവിച്ചുപോയി ഇനി നമ്മൾ മര്യാദയ്ക്ക് ഭരിക്കും എന്നു പറഞ്ഞോ? ഇതിനുമുൻപ് നിങ്ങൾക്ക് ഭരണം കിട്ടിയ അവസരങ്ങളിലെല്ലാം ഇതുതന്നെ കേരളം അനുഭവിച്ചില്ലേ? 1982-ൽ ഞാൻ ഈ സഭയിൽ വന്നപ്പോൾ അന്ന് കരുണാകരൻ മുഖ്യമന്ത്രി. അന്ന് (എ)-യും (ഐ)-യും തമ്മിലടിച്ചു അവസാനം ആഭ്യന്തര മന്ത്രി വയലാർ രവിയെ മൃഗ മന്ത്രിയാക്കി. അതിൽ പ്രതിഷേധിച്ച് വയലാർ രവി രാജിവച്ചു. അത് നമ്മൾ കണ്ടതല്ലേ? പിന്നീട് കോൺഗ്രസ്സിന് ഭരണം കിട്ടിയ അവസരത്തിൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായി. വീണ്ടും തമ്മിലടിച്ചു. കരുണാകരനെ മാറ്റി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി. ഇപ്പോൾ വീണ്ടും കോൺഗ്രസ്സിലെ ഭരണം ജനങ്ങൾ മടുത്തു. വീണ്ടും തമ്മിലടി തുടങ്ങി. എപ്പോഴെല്ലാം നിങ്ങൾക്ക് ഭരണം കിട്ടിയിട്ടുണ്ടോ അന്നൊക്കെ തമ്മിലടിച്ച സ്ഥിതിവിശേഷമാണുണ്ടായിട്ടുള്ളത്, ഭരണമില്ലാത്ത ഒരവസ്ഥയാണുണ്ടായിട്ടുള്ളത്. ഇതിന്റെ ഫലമായി നാട്ടിൽ അരാജകത്വം. പോലീസിന് ജനങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ഈ ഗവൺമെന്റ് പരാജയപ്പെട്ടു. ഇവിടെ ഗവർണ്ണറെക്കൊണ്ട് എഴുതിവായിപ്പിച്ചില്ലേ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും കാര്യമായ വർഗ്ഗീയ പ്രശ്നങ്ങളോ രാഷ്ട്രീയ സംഘട്ടനങ്ങളോ ഇല്ലാതെ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ക്രമസമാധാന നില തൃപ്തികരമായി തുടരുന്നു എന്ന്. രണ്ടരവർഷത്തിനിടയിൽ വർഗ്ഗീയ ലഹളയിൽ മരിച്ചത് 18 പേരാണ്. എന്നിട്ട് പറയുന്നത് ഒന്നുമുണ്ടായില്ല എന്നാണ്. എത്ര രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി എന്നുള്ളതിന് നിയമസഭയിൽ നിന്നും കിട്ടിയ മറുപടി 32 എന്നാണ്. മുഖ്യമന്ത്രി പറയുന്നു ഒക്കെ സമാധാനമാണ്, രാഷ്ട്രീയക്കാരൊക്കെ രക്ഷപ്പെട്ടു. 32 ആളെ കൊന്നത് പോരെ? രക്ഷപ്പെട്ടതാണോ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൊലചെയ്യപ്പെട്ടത് 119. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുപോലും രക്ഷയില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറി. വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നത് 79. മുഖ്യമന്ത്രി രാവിലെ ഉത്തരം നൽകിയിരുന്നു. അതുപോരെ? പെൺവാണിഭ കേസ് 20, സ്ത്രീപീഡനം വഴി മരണപ്പെട്ടത് 143. മാധ്യമങ്ങൾക്കു നേരെ നടന്ന ആക്രമണം 18.

LIBRARY ARCHIVES Kerala Legislative Assembly

ഈ അടുത്ത കാലത്ത് നടന്ന സംഭവങ്ങൾ എന്തെല്ലാമാണ്? മുഖ്യമന്ത്രിയുടെ വസതിക്കടുത്ത് പിടിച്ചുപറി. മുഖ്യമന്ത്രി സഞ്ചരിച്ചിരുന്ന എസ്കോർട്ട് വാഹനത്തിന് മുൻപിൽ ആക്രമണം. മുഖ്യമന്ത്രി റിപ്പോർട്ടു കൊടുത്തു അവനെ പിടിക്കണമെന്ന്. ആ സംഘംതന്നെ വേറെ ആളുകളെ ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചു. ഇതൊക്കെ പട്ടണത്തിനകത്ത് നടക്കുന്ന സംഭവങ്ങളാണ്. പിടികിട്ടാപുള്ളികളുടെ കുത്തേറ്റ് രണ്ട് പോലീസുകാർ മരിച്ചു. മലയാള മനോരമ പത്രമെഴുതി 'അജ്ഞാത ജഡങ്ങൾ പ്രത്യക്ഷപ്പെടുന്നു. ബ്ലേഡ് മാഫിയകൾക്കും വായ്പക്കാരെ ആക്രമിച്ചു കീഴ്പ്പെടുത്തുന്ന അധോലോക സംഘങ്ങൾക്കുമായി കേരളം കീഴ്പ്പെടുകയാണ്' എന്ന്. ഇത് പറഞ്ഞത് നമ്മുടെ പത്രമല്ല, ശ്രീ. ആന്റണിയുടെ മനസ്സാക്ഷി സൂക്ഷിക്കുന്ന പത്രമാണ്. തിരുവല്ല തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ വിജയത്തിന് ഏറ്റവും കൂടുതൽ സഹായിച്ച പത്രം മലയാള മനോരമയാണ്. യഥാർത്ഥത്തിൽ തിരുവല്ലയിലെ വിജയം മനോരമയുടെ വിജയമാണ്. ബ്ലേഡ് സംഘം ക്രമസമാധാന രംഗത്ത് തികഞ്ഞ അരാജകത്വമുണ്ടാക്കിയതു സംബന്ധിച്ചാണ് ഇത്തരത്തിലൊരു അഭിപ്രായ പ്രകടനം ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. മന്ത്രിസഭയില്ലാത്ത ഒരു സ്ഥിതിവിശേഷം വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടായത് അഴിമതിരാജ് നടക്കുന്ന അവസ്ഥയാണ്. സർവ്വത്ര അഴിമതിയായിരുന്നു. ഇവിടെ എന്തെല്ലാം റിപ്പോർട്ടുകളാണ് അടുത്ത കാലത്തായി പുറത്തുവന്നതെന്ന് അറിയാമല്ലോ? പ്ലാന്റേഷൻ കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം വനം വകുപ്പിൽ നിന്നും ദീർഘകാലം പാട്ടത്തിനെടുത്ത വനം ഭൂമിയിൽ 1100 ഏക്കർ തികച്ചും നിയമ വിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് വാനില കൃഷി ചെയ്യാൻ സൗകര്യമുണ്ടാക്കി കൊടുത്തു. ഇതിന്റെ പേരിൽ നടന്ന അഴിമതി മുഴുവൻ പുറത്തു വന്നില്ലേ. അത് നിയമം ലംഘിച്ചുകൊണ്ടാണ് ചെയ്തത്. വല്ല നടപടിയുമെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചോ? ശ്രീ. കെ. എം. മാണിയുടെ പുത്രൻ ജോസ് കെ. മാണി പറഞ്ഞു ഇതിൽ 400 ഏക്കർ സ്ഥലത്ത് വാനില കൃഷിചെയ്യുമെന്ന്. അതിന്റെ അർത്ഥം 400 ഏക്കർ സ്ഥലം കേരളാ കോൺഗ്രസ്സിന്റെ ആർക്കെങ്കിലും പതിച്ചു കൊടുത്തതാണോ? ബഹുമാനപ്പെട്ട മാണിയും കുടുംബാംഗങ്ങളും ആ സ്ഥലം സന്ദർശിച്ചു. പത്രത്തിൽ വാർത്ത കണ്ടു. ഈ സംഭവം പുറത്തുവന്നിട്ട് ഗവൺമെന്റ് എന്തുചെയ്തു. ഓരോ പദ്ധതികൾ പുറത്തു വരുമ്പോഴും അഴിമതിയുടെ ദുർഗന്ധമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കംപ്യൂട്ടർ പഠന പദ്ധതി. ഇവിടെ കഴിഞ്ഞ തവണ ശ്രീ. വി. കെ. ചന്ദ്രൻ ആക്ഷേപം ഉന്നയിച്ചു. ആ ക്രമക്കേട് ഇപ്പോൾ വിജിലൻസിന് വിട്ടിരിക്കുകയാണ്. 4 കോടി രൂപയുടെ അഴിമതി ശ്രീ. എം. എ. കുട്ടപ്പൻ നടത്തിയെന്ന ആക്ഷേപം ഈ നിയമസഭയിൽ ഉന്നയിക്കപ്പെട്ടു. ഇതുസംബന്ധിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടത്തുന്ന അവസ്ഥയിലെത്തി. അതുപോലെ ഇവിടെ വനം വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായി കണ്ണൂർ ഡി.എഫ്.ഒ.-യുടെ ഭാര്യ ഡയറക്ടറായി കണ്ണൂരിൽ ഒരു തടി വ്യവസായ ചാരിറ്റബിൾ സംഘം പ്രവർത്തിക്കുന്നതായി പത്രവാർത്ത വന്നു. തളിപ്പറമ്പിലെ ഫോറസ്റ്റ് റെയിഞ്ചോഫീസിൽ സൂക്ഷിച്ച നാലു ലക്ഷം രൂപയുടെ 24 കിലോഗ്രാം ചന്ദനതൈലം അപ്രത്യക്ഷമായ കേസിലെ ഡി.എഫ്.ഒ.-യുടെ ഭാര്യയുമായി കൂടിച്ചേർന്ന് ഇങ്ങനെയൊരു സൊസൈറ്റിയുണ്ടാക്കുവാൻ ശ്രീ. കെ. സുധാകരന് എങ്ങനെ തോന്നി? ഇങ്ങനെയൊരു ഇടപാട് നടന്നതിന്റെ പിന്നിൽ ഈ അഴിമതി പണം ഇതിലേക്ക് നിക്ഷേപിക്കാനല്ലേ ശ്രമിക്കുന്നത്? പൊതുമേഖലയിൽ ചന്ദന ഫാക്ടറി ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. വമ്പിച്ച ചന്ദന കൊള്ള നടക്കുന്ന ഈ സംസ്ഥാനത്ത് ഇതു വന്നാൽ എന്ത് സംഭവിക്കും? ശ്രീ. കെ. സുധാകരനെതിരായി കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷ നേതാവ് അഴിമതിയാരോപണം ഉന്നയിച്ചു. ശ്രീ. കെ. സുധാകരൻ അപ്പോൾ മാനനഷ്ടക്കേസ് ഫയൽ ചെയ്തു. ഞാൻ ബഹുമാനപ്പെട്ട ശ്രീ. കെ. സുധാകരനോട് ചോദിക്കട്ടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ച ആരോപണത്തെക്കുറിച്ച് മാനനഷ്ടക്കേസ് കൊടുത്ത സുധാകരൻ എന്തുകൊണ്ട് പുഷ്പരാജൻ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച് മാനനഷ്ടക്കേസ് കൊടുത്തില്ല? മന്ത്രി കെ. സുധാകരൻ തട്ടിക്കൊണ്ടുപോയ എന്റെ പെങ്ങളെ മോചിപ്പിക്കണം എന്നത് എല്ലാ പത്രങ്ങളിലും വന്നതല്ലേ? അപ്പോൾ എന്തുകൊണ്ട് മാനനഷ്ടക്കേസ് കൊടുത്തില്ല. അപ്പോൾ അത് മാനവും ഇത് അപമാനവുമാണോ? ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി കെ. സുധാകരൻ, മന്ത്രി ചെലവിൽ 63 പ്രാവശ്യം ചെന്നൈയിലേക്ക് പോയിയെന്നാണ് വാർത്ത. എന്തിനാണ് ആഴ്ചതോറും ചെന്നൈയിലേക്ക് പോകുന്നത്? അതിനെങ്കിലും സ്വന്തം പൈസ ഉപയോഗിച്ച് പൊയ്ക്കൂടേ? ഇങ്ങനെയൊരു സ്ഥിതി ഉണ്ടാകാൻ പാടുണ്ടോ? നമ്മുടെ സംസ്ഥാനത്ത് വനം വകുപ്പിനെ സംബന്ധിച്ച ആരോപണങ്ങളെ സംബന്ധിച്ച് കോടതിയിൽത്തന്നെ കേസ് നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ വനംവകുപ്പു സെക്രട്ടറി ഉന്നയിച്ച ആരോപണങ്ങൾ അതീവ ഗൗരവമുള്ളതാണ്. ബീരാനെപ്പറ്റി ഉണ്ടായ വിവാദങ്ങളെ സംബന്ധിച്ച് ഇപ്പോൾ എ.ജി. തന്നെ പരാതിയുമായി വന്നിരിക്കുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഞാൻ അങ്ങേക്ക് എഴുതിത്തന്ന ഒരു ആക്ഷേപമുണ്ട്. ഇവിടെ അൺഎയ്ഡഡ് സ്കൂൾ അനുവദിക്കുന്നതിലും ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിലും വമ്പിച്ച അഴിമതി നടന്നിട്ടുണ്ടെന്നാണ് ഞാൻ ആരോപിക്കുന്നത്. ഇവിടെ 460 സ്കൂളുകൾ അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ചു. അൺഎയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതിന് ആരെങ്കിലും പൈസ കൊടുക്കുമോ? കാരണം ടീച്ചർമാർക്കുതന്നെ ഗവൺമെന്റ് ശമ്പളമില്ല. ഞങ്ങൾ ഇത് ശ്രദ്ധിച്ചിട്ടില്ല. ഇപ്പോൾ വന്നിരിക്കുന്ന ആക്ഷേപങ്ങൾ നോക്കിയാൽ അൺഎയ്ഡഡ് മേഖലയിൽ കിട്ടിയാൽമതിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ചിന്തിക്കാൻ തുടങ്ങി. കാരണം ആദ്യം അൺഎയ്ഡഡ് ആയിട്ട് കൊടുത്താൽ പിന്നീട് അത് എയ്ഡഡ് ആകും. 35 അൺഎയ്ഡഡ് സ്കൂളുകൾ എയ്ഡഡ് ആക്കാൻവേണ്ടി ശ്രമിച്ചു, കോടതി തടഞ്ഞുവച്ചിരിക്കുകയാണ്. അൺഎയ്ഡഡ് സ്കൂളുകൾ അനുവദിച്ച കാര്യത്തിൽ സ്വജനപക്ഷപാതം നടന്നിട്ടുണ്ട്, അഴിമതി നടന്നിട്ടുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ ആദ്യം കിട്ടിയ അപേക്ഷകൾ പരിശോധിച്ചുകൊണ്ട് മന്ത്രിയുടെ ആഫീസിൽനിന്ന് ഇത് പ്രോസസ്സ് ചെയ്യാൻവേണ്ടി ഡി.പി.ഐ.-ക്ക് കൊടുത്ത നിർദ്ദേശത്തിന്റെ നോട്ട് എന്റെ കൈവശം കിട്ടിയിട്ടുണ്ട്. ആ നോട്ടിൽ മലപ്പുറം ജില്ലയിലെ ഓരോ സ്കൂളും കൊടുക്കുന്ന കാര്യത്തിൽ റിമാർക്സ് എഴുതിവച്ചിരിക്കുകയാണ്. ആ റിമാർക്സ് എന്താണ്? ജാമിയാ ഇല്ലാമിയാ എൽ.പി./യു.പി. സ്കൂൾ, മഞ്ചേരി-ഹൈസ്കൂൾ കൂടി കൊടുക്കണം. തെറ്റില്ല. ഡി. ഒ. തിരൂർ, ഐഡിയൽ സെക്കണ്ടറി സ്കൂൾ, തരങ്ങാടി, ചേർക്കാട്, കണ്ണമംഗലം, ലിസ്റ്റിൽനിന്ന് ഒഴിവാക്കണം. കാരണം ഉമർഅലി തങ്ങൾ കൊടുക്കണ്ടായെന്നു പറഞ്ഞു. ഇസ്ലാമിക് റസിഡൻഷ്യൽ ഹൈസ്കൂൾ, പൂക്കോട്ടേരി, കടയൂർ-ഹൈസ്കൂൾ വേണം. ഹൈസ്കൂൾ കൊടുക്കണമെന്ന് ലീഗ് കമ്മിറ്റി പറഞ്ഞിട്ടുണ്ട്. ഇത് സർക്കാർ രേഖയിൽ റിമാർക്സിലുണ്ട്. കോട്ടയ്ക്കൽ ഉസ്മാനിയാ-ഹൈസ്കൂൾ വേണം. റിമാർക്സ് എന്താണ്? തങ്ങളുടെ സ്കൂൾ, കൊടുത്തേക്കണം. തദാന്നൂർ ഇസ്ലാമിയ പ്രൈമറി സ്കൂൾ, പേര് കറക്ട് ചെയ്യണം. കറക്ട് ചെയ്യുമ്പോൾ ബഹുമാനപ്പെട്ട അബ്ദുറബ്ബ് എം.എൽ.എ.യോടുകൂടി ചോദിക്കണം. സർക്കാർ ഫയലിൽ ഇത് എഴുതിവച്ചിരിക്കുകയാണ്. മക്ഫുമിയ ഇംഗ്ലീഷ് സ്കൂൾ, പൊന്നാനി, ഒഴിവാക്കണം. കാരണം ഉമർഅലി തങ്ങൾ പറഞ്ഞിട്ടുണ്ട്. ആരാണ് ഉമർ അലി തങ്ങൾ? പാണക്കാട് ശിഹാബ് അലി തങ്ങളുടെ അനുജൻ. ഇങ്ങനെ ഒരു സ്ഥിതി സംസ്ഥാനത്ത് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ബി.എഡ്. കോളേജ് കൊടുക്കുന്നതിലുണ്ടായിട്ടുള്ള അഴിമതിയെ സംബന്ധിച്ച് ഞാൻ ഇവിടെ രാവിലെ വിശദമായി പറഞ്ഞു. ബി.എഡ്. കോളേജ് കൊടുത്തത് മുഴുവൻ നിയമം ലംഘിച്ചുകൊണ്ടാണ്. ഇതിനകത്ത് ഉണ്ടായിരിക്കുന്ന പ്രശ്നം ഗവൺമെന്റ് ഇപ്പോഴും ഗൗരവമായി എടുക്കുന്നില്ല. ഇപ്പോൾ 100 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ കൊടുക്കുമെന്ന് പറഞ്ഞു. 10 ലക്ഷം രൂപാവീതം ആളുകൾ ചോദിച്ചുതുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമോ? ഇത് നമ്മുടെ സംസ്ഥാനത്ത് വലിയൊരു റാക്കറ്റായി മാറിക്കഴിഞ്ഞിരിക്കുന്നു. സ്കൂളുകൾ അനുവദിച്ച കാര്യത്തെ സംബന്ധിച്ചും ബി.എഡ്. കോളേജുകൾ അനുവദിച്ച കാര്യത്തെ സംബന്ധിച്ചും ഞാൻ രാവിലെ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം വളരെ പ്രസക്തമാണ്. കിട്ടാത്ത ആളുകളെല്ലാം ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പരാതിയുമായി വന്നു. കിട്ടിയ ആളുകൾ എത്ര കൊടുത്താണ് കിട്ടിയത് എന്നതിനെ സംബന്ധിച്ചാണ് അന്വേഷിക്കേണ്ടത്. ഇവിടെ വരുന്ന ആരോപണങ്ങൾ നോക്കിയാൽ ഇത് തള്ളിക്കളയാൻ പറ്റുകയില്ല. സമൂഹത്തിലെ മാന്യവ്യക്തികളാണ് ആരോപണവുമായി രംഗത്തു വന്നിരിക്കുന്നത്. മുമ്പത്തെ പ്ലസ് ടു-ന്റെ ആരോപണങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഇപ്പോൾ ഇന്ന ആളുകൾ പൈസ വാങ്ങിയെന്ന ആരോപണവുമായി വന്നിരിക്കുന്നത് നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആദ്യമായിട്ടാണ്. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കാണുന്നില്ലെങ്കിൽ ഇതൊന്നും ഒരു പ്രശ്നവുമല്ല ഇഷ്ടംപോലെ പൈസ വാങ്ങിക്കാമെന്നുള്ള അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളവും ആക്ഷേപം വന്നിട്ടുണ്ട്. ഈ ആക്ഷേപങ്ങൾ വളരെ ഗൗരവത്തോടുകൂടി എടുക്കുന്നില്ലെങ്കിൽ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആർക്കും നാട്ടിലിറങ്ങി പൈസ വാങ്ങിക്കാമെന്നുള്ള അവസ്ഥ ഉണ്ടാകും. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് അഴിമതി കൊടികുത്തി വാഴുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ഇവിടെ ബി.എഡ്. കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ 15 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നാലകത്ത് സൂപ്പിയും മുസ്ലീം ലീഗിന്റെ പാർട്ടികളും ചേർന്നാണ് 15 കോടി രൂപയുടെ അഴിമതി നടത്തിയിട്ടുള്ളത്. ഈ 15 കോടി രൂപയുടെ അഴിമതിയെ സംബന്ധിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയണം. ഇത് മനസ്സിലാക്കണമെങ്കിൽ ലോകായുക്തിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിൽ ഒരു കാര്യവുമില്ല. ലോകായുക്തിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഉന്നത സ്ഥാനത്തിരിക്കുന്ന വ്യക്തികളെക്കുറിച്ച് പറയുന്നത് ശരിയല്ലല്ലോ. അവരെക്കുറിച്ചൊക്കെ നമുക്ക് അറിയാം. അവിടെയുള്ള വ്യക്തികളെക്കുറിച്ചും നമുക്ക് അറിയാം. ഇതിൽ ആർക്കാണ് ബന്ധം? മുസ്ലീംലീഗും കോൺഗ്രസ്സുംകൂടി വീതിച്ചെടുത്ത രണ്ട് സീറ്റ് എന്നുമാത്രമേയുള്ളൂ. അപ്പോൾ അതിൽനിന്നും വ്യത്യസ്തമായ ഒന്നും അവിടെനിന്നും ലഭിക്കാൻ പോകുന്നില്ല. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയാണ് ഇത് ലോകായുക്തിന് വിട്ടത് എന്നതുകൊണ്ട് ഇതിന്റെ പ്രസക്തി വർദ്ധിച്ചു. കാബിനറ്റ് ചർച്ച ചെയ്തിട്ടാണോ ലോകായുക്തിന് വിട്ടത് എന്നതിനെ സംബന്ധിച്ച് അറിയില്ല. മുഖ്യമന്ത്രിയാണ് നേരിട്ട് ലോകായുക്തിന് വിട്ടതെങ്കിലും മന്ത്രി ശ്രീ. നാലകത്ത് സൂപ്പിയിൽ മുഖ്യമന്ത്രിക്ക് അവിശ്വാസം വന്നുകഴിഞ്ഞു. മുഖ്യമന്ത്രി സാധാരണ പറയുന്ന രീതിവച്ചു നോക്കുകയാണെങ്കിൽ ഇതിനകം അദ്ദേഹത്തോട് മന്ത്രി പദവി ഒഴിയാൻ പറയണ്ടേ? അത് പറയാത്തത് ഇതിൽ മുഖ്യമന്ത്രിക്കുകൂടി പങ്കുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഞ്ച് കോളേജുകൾ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടു എന്ന് പറഞ്ഞതോടുകൂടി മുഖ്യമന്ത്രിയുടെ കൈ ബന്ധിച്ച് നിർത്തിയിരിക്കുകയാണ്. എന്നെ അങ്ങനെ പിടിക്കാൻ നോക്കണ്ടായെന്ന് ബഹുമാനപ്പെട്ട നാലകത്ത് സൂപ്പി പറഞ്ഞു നടക്കുന്നതിൽ അദ്ദേഹത്തിനുള്ള ധൈര്യമെന്താണ്? മുഖ്യമന്ത്രിയാണ്. ബി.എഡ്. കോളേജ് അനുവദിച്ചതിൽ ഉണ്ടായിട്ടുള്ള അഴിമതി മുഖ്യമന്ത്രിയുടെ അറിവോടുകൂടി നടന്ന അഴിമതിയാണ്. അതുകൊണ്ട് ഈ ആരോപണം പുറത്തുകൊണ്ടുവരണമെങ്കിൽ ലോകായുക്തിന് വിട്ടിട്ട് കാര്യമില്ല. ജുഡീഷ്യൽ അന്വേഷണംതന്നെ വേണം. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിയെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷണത്തിന് തയ്യാറാകണം. ഇതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഇനിയും നീട്ടിക്കൊണ്ടുപോകാതെ തീരുമാനം പ്രഖ്യാപിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജനുവരി മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.06-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly